VEDAPRACHARA
MADHYASTHAN
വാല്യം 97
ലക്കം 12
2025 ജൂൺ

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-



The official organ of
the Archeparchy of Changanacherry

2025
ജൂൺ

IN ILLO UNO UNUM



# ലെയോ പതിനാലാമൻ മാർപാപ്പായ്ക്ക്

## അതിരൂപതാകുടുംബത്തിന്റെ

## പ്രാർഥനാശംസകൾ



'നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ'
(ഉൽപത്തി 41:55)

# വേദപ്രചാര
# മദ്ധ്യസ്ഥൻ


ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 97 ● ലക്കം 12 ● ജൂൺ 2025

# ഉള്ളടക്കം


സർക്കുലർ (25 Ch. TCL 10) - ലാൻഡ് ബാങ്ക് ..... 05
കച്ചേരിക്കാര്യം ..... 06
അനുസ്മരണം: ഫാ. മാത്യു കല്ലുകളം ..... 13
പീഡാനുഭവവാരപിരിവ് 2025 - 2026 ..... 16
റിപ്പോർട്ട്: പ്രസ്ബിറ്ററൽ കൗൺസിൽ ..... 20
റിപ്പോർട്ട്: 139-ാമത് അതിരൂപതാദിനാചരണം ..... 22
139-ാമത് അതിരൂപതാദിന എക്സലെൻസ് അവാർഡ് ..... 27
സന്ദേശനിലയം ..... 30
ചെറുപുഷ്പ മിഷൻലീഗ് ..... 33
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ..... 35
ഫാമിലി അപ്പോസ്തലേറ്റ് ..... 37
യുവദീപ്തി - എസ്.എം.വൈ.എം. ..... 44
സീയോൻ ധ്യാനകേന്ദ്രം ..... 47
ചാസ്സ് ..... 48
ചാസ്സ് - ഖാദി ..... 53
ജീവകാരുണ്യനിധി ട്രസ്റ്റ് ..... 54
ആതുരശുശ്രൂഷാമേഖല ..... 55
പ്രവാസി അപ്പോസ്തലേറ്റ് ..... 58
കത്തോലിക്കാകോൺഗ്രസ് ..... 59
കെ.എൽ.എം. ..... 62
ആത്മതാകേന്ദ്രം ..... 64
ഡി.സി.എം.എസ്. ..... 65
ഫ്രാൻസിസ്കൻ അല്മായസഭ ..... 66
വിൻസെൻഷ്യൻ വേദി ..... 67
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ..... 69
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ..... 76



വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



**ANNUAL SUBSCRIPTION: ₹ 300/-**

# സർക്കുലർ

25 Ch. TCL 10

# 'ലാൻഡ് ബാങ്ക്'

പ്രത്യാശാനിർഭരമായ പുതിയൊരു വിദ്യാലയവർഷം സമാഗതമായിരിക്കുകയാണ്. സൺഡേസ്കൂളിലെ വിശ്വാസപരിശീലനത്തെ ഗൗരവമായി കണ്ടു നന്നായി പ്രാർഥിച്ചും പഠിച്ചും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിൽ വളർന്നുവരാൻ എല്ലാ കുഞ്ഞുമക്കളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നമ്മുടെ സമൂഹത്തിൽ വേദനയനുഭവിക്കുന്നവരും അശരണരുമായവരെ സഹായിക്കാൻ നമുക്കു പ്രത്യേകമായ കടമയുണ്ട്. ഒരു സെന്റ് ഭൂമി പോലും സ്വന്തമായി ഇല്ലാതെ ക്ലേശിക്കുന്ന അനേകർ നമ്മുടെയിടയിലുണ്ട്. അവർക്കുവേണ്ടി 'ലാൻഡ് ബാങ്ക്' ആരംഭിക്കാൻ നാം ആഗ്രഹിക്കുന്നു. ഇതിനോടകം ചില അഭ്യുദയകാംക്ഷികൾ നൽകിയ രണ്ടേക്കറോളം സ്ഥലം പാറേൽ മരിയൻ തീർഥാടനകേന്ദ്രപൂർത്തീകരണസ്മാരകമായി ഭൂരഹിതരായ സഹോദരങ്ങൾക്കു നൽകാൻ നമുക്കു സാധിച്ചു.

ചിലയിടവകകളും ഇത്തരത്തിൽ ഭൂമി വാങ്ങി ഈ പദ്ധതിയിലേക്കു നൽകിയിട്ടുണ്ട്. ഇപ്രകാരം ഭൂരഹിതരെ കാരുണ്യത്തോടെ പരിഗണിച്ചുകൊണ്ട് അവർക്കായി അല്പം ഭൂമി ദാനം ചെയ്യാൻ സുമനസുകളായ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. 'ഈ ചെറിയവരിൽ ഒരുവനു നൽകുമ്പോൾ എനിക്കുതന്നെയാണു നൽകുന്നതെന്ന്' ഈശോയുടെ വാക്കുകൾ നമുക്കു ശക്തി പകരട്ടെ.

വ്യക്തികൾക്കു മാത്രമല്ല, കുടുംബയോഗങ്ങൾക്കും ഇടവകകൾക്കും ഈ പദ്ധതിയോടു സഹകരിക്കാൻ കഴിയും. കാരുണ്യത്തിന്റെ പുത്തൻ സംസ്കാരം രൂപപ്പെടുത്താൻ ഈശോമ്ശിഹാ നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം,

**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

ഉയിർപ്പുകാലം ആറാം ഞായർ (25.05.2025)

**NB:** ***2025 ജൂൺ 8 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചന പ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.




# കൂരിയാകാര്യം

## I

## TRANSFERS & APPOINTMENTS OF VICARS, DIRECTORS
## (27 May 2025)

| Very Rev./ Rev. Fr. | Transferred from | Transferred to |
|---|---|---|
| Aerathadom Philip | | Bursar : Mother Teresa Home Nedumkunnam (Addl.) |
| Aiyankary Joseph | Puthussery-Kallooppara Lourdes Matha | Ayoor Christ the King F., Cheriyavelinalloor St. Sebastian's |
| Anakkallunkal Antony | Director : Yuvadeepti - SMYM | Study : Christ University Bengaluru |
| Anchil Mathew (Jerin) | Kannammoola St. Mother Teresa | Odisha Mission |
| Anchupankil Jacob | Arpookara St. Xavier's | Kulathoor Little Flower |
| Anchupankil Thomas | | Kollam Thoma Sleeha Pally |
| Aranjaniyil Geevarghese | Pulincunnoo St. Mary's F. | Kannammoola St. Mother Teresa |
| Aryankala Thomas | | Vice Postulator : Servant of God Puthenparampil Thommachan (Addl.) |
| Chalackal Joseph | Bursar : SH HSS, Kilimala | Relieved |
| Chalackal Sebastian | Cheeramattom St. George; Bursar : B.Ed. College Nedumkunnam | Warden : LMCST Kuttichal |
| Champakulathil Joseph | | Eravinalloor Assumption; House Procurator; Director : KLM |
| Cheeramvelil Jacob | Aruvikuzhy Lourdes Matha | Thuruthy Marth Mariam F. |
| Chooravady Mathew (Moban) | Assi. Director : Sanjivani & Precious School Nedumkunnam | Director : Sanjivani & Precious School Nedumkunnam |
| Chorattuchamakala Joseph | | Director : ATMATA Kendram (Addl.) |

| | | |
|---|---|---|
| Edamuriyil Chacko | Nedumangad<br>St. Thomas Mission | SL Puram St. Sebastian's;<br>Paduvapuram St. Antony's |
| Elanjickal George | | Kizhakke Mithrakary<br>Holy Family |
| Erupathil Zachariah | Mallappally St. Athanasius | Manackachira St. Joseph's |
| Eruppakkattu Joseph | Assi. Director :<br>Family Apostolate;<br>Exe. Editor : Kudumba Jyothi | Relieved |
| Kachamkode Antony | Mundathanam St. Antony's | Relieved<br>Residence @ Sanjivani<br>Nedumkunnam |
| Kadaprakunnil Joseph | Director : Pope John XXIII<br>Rehabilitation Centre<br>Kidangara | Director : Care Homes &<br>Palliative Care (Addl.) |
| Kadathukalam Abraham | Mudiyoorkara Holy Family | Retired |
| Kakkuzhy Cherian | Assi. Manager : St. Joseph<br>Press & Book Stall | Manager : St. Joseph Press<br>& Book Stall |
| Kalarickal Joseph | Vettimukal St. Mary's | Arpookara St. Xavier's |
| Kanchikal Philip | Puzhavathu St. Thomas | Yudapuram St. Jude's |
| Kanniyaconil Thomas | SL Puram St. Sebastian's;<br>Paduvapuram St. Antony's | Philgiri St. Joseph's |
| Karakkadu Thomas | Changankary St. Joseph's | Asso. Pastor<br>Edathua–Koilmuk F. |
| Karattu Mathew | | Vettickalpurayidom<br>St. Sebastian's; Bursar : B.Ed.<br>College Nedumkunnam |
| Kavithazhe Philip | Director : CANA | Spiritual Director : St. Thomas<br>Minor Seminary Kurichy |
| Kayamkulathusserry Joseph | Manager : St. Joseph Press<br>& Book Stall | Odisha Mission |
| Kayamkulathusserry Thomas | Mudiyoorkara Holy Family | Relieved |
| Kinganamchira Michael | Pampady Deivamatha | Mannanam Twelve Apostles |
| Kizhakkethalakkal Antony | Mammood Lourdes Matha | Thiruvallam–Kovalam Sacred<br>Heart; Vellayani Little Flower |
| Kocherry Damianose | Mithrakary St. Xavier's | Kaithavana Immaculate Heart |
| Kochuchirayil Joseph | | Administrator : Ancestral<br>House - Servant of God Mar<br>Mathew Kavukatt, Pravithanam |
| Kokkavayalil James | Director : Ecumenism<br>& Dialogue | Relieved |

| | | |
|---|---|---|
| Kollamkalam Alex | Eravinalloor Assumption | Relieved |
| Kollara Joseph | | Pampady Deivamatha |
| Kottayil Cyriac | Alappuzha Mar Sleeva F. | Mundathanam St. Antony's; Preaching Ministry |
| Kottoor Varghese CMI | Ayroor Lourdes Matha | Relieved |
| Kudilil James | Thayamkary St. Antony's; Assi. Archivist; Vice Postulator : Servant of God Puthenparampil Thommachan | Study : Dharmaram Bengaluru |
| Kunnath Andrews | Champakulam St. Mary's Basilica | Thekkupara St. Mary's |
| Kuthukallunkal Thomas | Spiritual Director : St. Thomas Minor Seminary | Ettumanoor Christ the King |
| Kuzhippallil Jacob | Kizhakke Mithrakary Holy Family | Thayamkary St. Antony's; Director : Pope John XXIII Rehabilitation Centre Kidangara |
| Kuzhiyadiyil Joseph | | DCMS (Addl.) |
| Mampara Sebastian | Fathimapuram Fathima Matha | Mampuzhakary Lourdes Matha |
| Manatt Savio | Thottuvathala Sacred Heart | Director : Yuvadeepti–SMYM |
| Mangalathil George | | Kudamaloor St. Mary's F. |
| Mathilakathukuzhy Varghese | | Changankary St. Joseph's |
| Moolayil Antony | | Chaplain : Assumption College Chapel (Addl.) |
| Mukalel Jose | Ettumanoor Christ the King | Thathampally St. Michael's |
| Mullakariyil Jose | Manackachira St. Joseph's | Vice Principal : SB College |
| Mullanpara John | Kottangal St. John the Baptist | Aickarachira St. George |
| Mundakathil Joseph | Athirampuzha St. Mary's F. | Kodinattumkunnu St. Sebastian's |
| Mylaparampil George O. Praem | Aryad Little Flower | Relieved |
| Nadackal Mathew | Philgiri St. Joseph's | Karumady St. Nicholas & St. Joseph's |
| Nadamukath Mathew | Laikadu St. Joseph's | Alappuzha Mar Sleeva F. |
| Naduvilekkalam Jacob | Kulathoor Little Flower | Purakkadu Mar Sleeva |
| Nallakkuttu Thomas | | Kottangal St. John the Baptist |
| Nalpathamkalam Cyril | Aickarachira St. George | Vettimukal St. Mary's |

| | | |
|---|---|---|
| Nambisserykalam Varghese | Thekkupara St. Mary's | Thirumala Holy Family |
| Narithuruthel Joseph | Thiruvallam–Kovalam Sacred Heart | Language Study |
| Nelluvely Emmanuel | Ayoor Christ the King F.; Cheriyavelinalloor St. Sebastian's | Mannarkunnu St. Gregorios |
| Nelpuraparampil Philip | Kottayam Lourdes F. | Mudiyoorkara Holy Family; Director : Ecumenism & Dialogue (Addl.) |
| Nilavanthara Jose | Kodinattumkunnu St. Sebastian's | Chengannur Marth Mariam F. |
| Padinjarekuttu Mathew | | Athirampuzha St. Mary's F. |
| Panakezham George | Yudapuram St. Jude's | Relieved |
| Panamparambil Andrews | Director : Catechetical Department of Sandesanilayam & CML | Relieved |
| Parappuram Alex | Vadakke Amichakari St. George | Aryad Little Flower |
| Pazhayamadom Cyriac | Purakkadu Mar Sleeva | Mithrakary St. Xavier's |
| Pazhayamadom James | Director : Care Homes | Relieved |
| Peediyekkal Paul | Bursar : LMCST, Kuttichal | Etawah–Jaipur Mission |
| Plamparambil Varghese | Mannanam Twelve Apostles | Ambalapuzha St. Mary's, Study : Denahalaya Punnapra |
| Plathanam John | Chaplain : Assumption College Chapel | Relieved |
| Poovatholil Thomas | | Puthussery-Kallooppara Lourdes Matha; Bursar : Sanjivani Nedumkunnam |
| Poovathussery Joseph | Cheeranchira St. George | Retired |
| Puthenparambil Joseph (Shijo) | Chengannur Marth Mariam F. | Puzhavathu St. Thomas (Addl.) |
| Puthenpurackal Varghese | | Director : Catechetical Department of Sandesanilayam & CML |
| Puthiyidam Mani | Kudamaloor St. Mary's F. | Relieved |
| Puthuparambil Joseph | Thathampally St. Michael's | Mallappally St. Athanasius |
| Puthuvelil Varghese | | Bursar : SH HSS Kilimala (Addl.) |
| Souriamakil Sebastian | Ambalapuzha St. Mary's | Aruvikuzhy Lourdes Matha |
| Thanniath Mathew | Manimala Holy Magi F. | Laikadu St. Joseph's |

| | | |
|---|---|---|
| Thanniath Thomas | Mampuzhakary Lourdes Matha | Vadakke Amichakari St. George |
| Tharmasserry Abraham | Mannarkunnu St. Gregorios | Cheeranchira St. George |
| Thayilnedumparampil Abraham | Kaithavana Immaculate Heart | Manimala Holy Magi F. |
| Thekkedath Kuriakose | Thirumala Holy Family | Special Confessor : Thrickodithanam St. Xavier's F. |
| Thekkethala Thomas CMI | | Ayroor Lourdes Matha |
| Thondikkakuzhyil Abraham | Poonthope St. Francis Assissi | Thottuvathala Sacred Heart; Study : Denahalaya Punnapra |
| Vachaparambil Alex OFM Cap. | | Spiritual Assistant : SFO |
| Vadakkekalam John | Director : KLM, ATMATA, DCMS | Bursar : LMCST Kuttichal; Nedumangad St. Thomas Mission |
| Vadakkeparampil Jomon O.Carm. | Vaipur Old St. Mary's | Relieved |
| Vaikathukaranveettil Philip | | Retired : Edathua–Koilmuck F. (Continues) |
| Vallianippuram Thomas | | Director : CANA |
| Varickappallil Jose | Thuruthy Marth Mariam F. | Vaipur Old St. Mary's |
| Vattackattu Jacob | Director : Sanjivani & Precious School Nedumkunnam | Kottayam Lourdes F. |
| Velangattusserry Joseph | Karumady St. Nicholas & St. Joseph's | Relieved |
| Veliyath George | Kollam Thoma Sleeha Pally | Relieved |
| Vettickal Thomas OFM Cap. | Spiritual Assistant : SFO | Relieved |
| Vettukuzhiyil Varghese | Vettickalpurayidom St. Sebastian's | M.Ed. Study : Nirmala Sadan College Moovattupuzha |

## TRANSFERS & APPOINTMENTS OF PAROCHIAL VICARS

| Rev. Fr. | Transferred from | Transferred To |
|---|---|---|
| Chorettu Joseph | Paipadu St. Thomas | Ithithanam St. Mary's |
| Ethirettu Kudilil Antony | Kudamaloor St. Mary's F. | Thrickodithanam St. Xavier's F. |
| Kamicherry Joseph | Edathua–Koilmuk F. | Athirampuzha St. Mary's F. |
| Karikandom Mathew | Kottayam Lourdes F. | Relieved |
| Kizhakkemalil Jacob CMI | Thathampally St. Michaels' | Relieved |
| Kochumalayil Dominic CRM | | Paipadu St. Thomas |

| | | |
|---|---|---|
| Koilparampil Henry | Athirampuzha St. Mary's F. | Kottayam Lourdes F.<br>M.Th., Vadavathoor Seminary |
| Manayath Sebastian | Edathua-Koilmuck<br>St. George F. | Thiruvananthapuram<br>Lourdes F. |
| Mangalathukarottu Mathew CMI | Athirampuzha St. Mary's F. | Relieved |
| Munduvelil Joseph | Thrickodithanam St. Xavier's F. | Mammood Lourdes Matha |
| Muthumakuzhiyil Mathew | Iththanam St. Mary's | Edathua-Koilmuck St. George F. |
| Ottathankal Thomas CMI | Arpookara St. Xavier's | Relieved |
| Pallichira Mathew | Mundupalam St. Mary's | Fathimapuram Fathima Matha |
| Ponnattil Joseph | Thiruvananthapuram<br>Lourdes F. | M.Th., Vadavathoor Seminary;<br>Bursar : MOC Manganam |
| Pulickapadavil Varghese | Kurumpanadom St. Antony's F. | Ayarkunnam St. Sebastian's |
| Puthenpurayil Mathew | Ayarkunnam St. Sebastian's | Mudiyoorkara Holy Family |
| Sunil Antony | | Kudamaloor St. Mary's F. |
| Thalachira Antony CSsR | | Champakulam<br>St. Mary's Basilica |
| Thannickapara Varghese | | Pulincunnoo St. Mary's F. |
| Tharakunnel John | Thathampally St. Michael's | Mundupalam St. Mary's;<br>Assi. Director : Family Apostolate;<br>Executive Editor : Kudumba Jyothi |
| Thathappally Augustine | | Arpookara St. Xavier's |
| Vadakkethalackal Chacko MCBS | Kaduvakulam Little Flower | Relieved |
| Vazhekudiyil Thomas CMI | | Thathampally St. Michael's |
| Vembenickal Joseph MST | Edathua-Koilmuck<br>St. George F. | Relieved |
| Vettukallel Michael MST | Alappuzha Mar Sleeva F. | Relieved |
| Vithuvattickal John CMI | Koothrappally St. Mary's | Relieved |

## II
## കടമുള്ള ദിവസങ്ങൾ

**ജൂൺ 28** വി. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാളും **ജൂലൈ 3** ദുക്റാനാ തിരുനാളും കടമുള്ള ദിവസങ്ങളാകയാൽ വിശ്വാസികൾ സംബന്ധിക്കത്തക്കവിധം ഇടവകകളിൽ പരിശുദ്ധ കുർബാനയുടെ സമയം ക്രമീകരിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

## III
## നിർമാണപ്രവർത്തനങ്ങൾ

അതിരൂപതയിലെ പള്ളികൾക്കും സ്ഥാപനങ്ങൾക്കും നിർമാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അതിരൂപതാകച്ചേരിയിൽനിന്നും അനുവാദം ലഭിച്ചശേഷം, പ്രസ്തുത നിർമാണപ്രവർത്തനങ്ങൾ ഒരു വർഷത്തിനുശേഷമാണ് ആരംഭിക്കുന്നതെങ്കിൽ, അതുമായി ബന്ധപ്പെട്ടുള്ള പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും അതിരൂപതാകച്ചേരിയിൽ സമർപ്പിച്ചു വീണ്ടും അനുവാദം വാങ്ങേണ്ടതാണ്. നിർമാണപ്രവർത്തനവുമായി ബന്ധപ്പെട്ട് അതിരൂപതാകച്ചേരിയിൽ അനുവാദത്തിനായി അപേക്ഷിക്കുന്നതിനോടൊപ്പം, പ്രസ്തുത നിർമാണവുമായി ബന്ധപ്പെട്ട കരാറിന്റെ കോപ്പിയും നൽകേണ്ടതാണ്.

## IV
## പ്രത്യേകപിരിവുകൾ

**പത്രോസിന്റെ കാശ്**

വി. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ചു ജൂൺ 28ലെ സ്തോത്രക്കാഴ്ച (പത്രോസിന്റെ കാശ്) മാർപാപ്പായ്ക്കു സമർപ്പിക്കാനുള്ളതാണ്.

**സീറോമലബാർസഭാദിന ഫണ്ട്**

നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ ദുക്റാനാ തിരുനാൾ (ജൂലൈ 3) സീറോമലബാർസഭാദിനമായി ആചരിക്കുന്നു. ജൂലൈ മൂന്നിലെ സ്തോത്രക്കാഴ്ച (ഒരാൾക്ക് 4 രൂപാവീതം) സീറോമലബാർ സഭാകാര്യാലയത്തിന്റെ പ്രവർത്തനച്ചെലവുകൾക്കായി നൽകാനുള്ളതാണ്.

# 'വൈദികരുടെ നല്ലസ്നേഹിതൻ'
## കല്ലുകളം ബഹു. മാത്യു അച്ചൻ



1942 ജനുവരി 16നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകയിൽ കല്ലുകളം അബ്രാഹം-മറിയം ദമ്പതികളുടെ ആറു മക്കളിൽ നാലാമനായി ബഹു. മാത്യു അച്ചൻ ഭൂജാതനായി. 'മാത്തുക്കുട്ടി' എന്ന ഓമനപ്പേരിലാണ് അച്ചൻ അറിയപ്പെട്ടിരുന്നത്. വാഴപ്പള്ളി സെന്റ് തെരേസാസ്, ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് എന്നീ സ്കൂളുകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി പാറേൽ സെന്റ് തോമസ് മൈനർ സെമിനരിയിൽ വൈദികപരിശീലനത്തിനു ചേർന്നു. കാർമൽഗിരി-മംഗലപ്പുഴ സെന്റ് ജോസഫ്സ് സെമിനരികളിലെ തത്വ-ദൈവശാസ്ത്ര പഠനങ്ങൾക്കുശേഷം 1967 മാർച്ച് 13നു പാലാ രൂപതയുടെ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വയലിലിൽനിന്നു പൗരോഹിത്യം സ്വീകരിച്ചു.

ബഹു. കല്ലുകളം അച്ചൻ പൗരോഹിത്യശുശ്രൂഷയാരംഭിച്ചത് അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിലാണ്. അന്നു വികാരിയായിരുന്ന ഫാ. സിറിയക് തുരുത്തുമാലിലിന്റെ പരിചയസമ്പന്നതയും മെത്രാപ്പോലീത്തൻ ഇടവകാംഗമായിരുന്ന ഫാ. ആന്റണി നെടിയകാലാപറമ്പിലിന്റെ സാന്നിധ്യവും മാത്യു അച്ചന്റെ അവിടത്തെ സേവനം കൂടുതൽ ഫലവത്തും സംതൃപ്തവുമാക്കി.

ഒരുവർഷത്തിനുശേഷം അദ്ദേഹത്തിനു കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരി അധ്യാപകനായി നിയമനം ലഭിച്ചു. അവിടെനിന്നുകൊണ്ടു മെത്രാപ്പോലീത്തൻപള്ളിയിൽ അസ്സിസ്റ്റന്റായും തുടർന്നു മണിമല, പള്ളിക്കൂട്ടുമ്മ, പുത്തനങ്ങാടി, താഴത്തുവടകര, മുണ്ടത്താനം, പായിപ്പാട്-നാലുകോടി, മിത്രക്കരി, അമ്പൂരി, കൈനടി, തത്തംപള്ളി, കുറുമ്പനാടം സെന്റ് ആന്റണീസ്, ആർപ്പൂക്കര ലിറ്റിൽ ഫ്ളവർ എന്നീ ഇടവകകളിൽ വികാരിയായും സേവനം ചെയ്തു.

മാങ്ങാനം എം.ഒ.സി., കെ.സി.എസ്.എൽ., ഫാമിലി അപ്പോസ്തലേറ്റ് എന്നിവയുടെ ഡയറക്ടർ, ചങ്ങനാശ്ശേരി സെന്റ് ജോസഫ് പ്രസ്സ് & ബുക്സ്റ്റോൾ, പുന്നത്തുറ എസ്റ്റേറ്റ് എന്നിവയുടെ മാനേജർ എന്നീ നിലകളിലും കല്ലുകളം അച്ചൻ സേവനം ചെയ്തിട്ടുണ്ട്. 1986ൽ അമേരിക്കയിൽ ഉപരിപഠനം നടത്താനും അച്ചനു നിയോഗമുണ്ടായി. 1992ൽ അതിരൂപതാ ജൂബിലിയാഘോഷ കമ്മിറ്റിയുടെ കൺവീനർ അച്ചനായിരുന്നു.

ഏല്പിക്കപ്പെട്ടിരുന്ന ജോലികളിൽ 100% വിശ്വസ്തത പുലർത്തിയിരുന്ന അദ്ദേഹം എപ്പോഴും സംലഭ്യനായിരുന്നതിനാൽ ആർക്കും ഒരിക്കലും ഒരു പരാതിയുമുണ്ടായിരുന്നില്ല. ദൈവം നൽകിയ കഴിവുകൾ തന്റെ സേവനത്തിനു പാത്രീഭൂതരായവർക്കായി അദ്ദേഹം വിനിയോഗിച്ചു. ഹൈസ്കൂളിലും മൈനർ സെമിനരിയിലും എന്റെ സീനിയറായിരുന്ന അദ്ദേഹത്തെ നന്നായി മനസിലാക്കാനും സുഹൃദ്ബന്ധം പുലർത്താനും എനിക്കു സാധിച്ചിട്ടുണ്ട്. അദ്ദേഹമുണ്ടായിരുന്ന ഇടവകകളിൽ ധ്യാനങ്ങൾ, സെമിനാറുകൾ എന്നിവ നടത്താൻ സാധിച്ചതുകൊണ്ടു ജനങ്ങൾ അദ്ദേഹത്തെ എങ്ങനെയാണു വിലമതിച്ചിരുന്നതെന്നു ഞാൻ നേരിട്ടു കണ്ടിട്ടുണ്ട്.

കല്ലുകളം അച്ചൻ വികാരിയായിരുന്ന പള്ളിക്കൂട്ടുമ്മയിലാണ് ആദ്യ വിവാഹ ഒരുക്കസെമിനാർ നടത്തിയത്. അത് ഇൻഡ്യയിലെതന്നെ ആദ്യ വിവാഹഒരുക്ക സെമിനാർ ആയിരുന്നിരിക്കണം. ആ പള്ളി തെരഞ്ഞെടുക്കാൻ കാരണം കല്ലുകളം അച്ചൻ അവിടെ വികാരിയായിരുന്നു എന്നതു മാത്രമായിരുന്നു. ഇടവക ജനങ്ങളുടെ സഹകരണത്തോടെ നടത്തിയ ആ ത്രിദിന സെമിനാർ വിജയമായതും അതിൽ സംബന്ധിച്ച 254 യുവജനങ്ങൾക്കു ഹൃദ്യമായ അനുഭവമുണ്ടായതും അച്ചന്റെ സംഘാടകമികവുകൊണ്ടായിരുന്നു. കുറുമ്പനാടം പള്ളിയിൽ അച്ചൻ വികാരിയായിരുന്നപ്പോൾ 2006ലെ പീഡാനുഭവവെള്ളിയാഴ്ച പ്രസംഗിക്കാൻ എനിക്ക് അവസരം ലഭിച്ചു. അന്നത്തെ ശുശ്രൂഷകൾ മനോഹരമായാണ് അച്ചൻ ക്രമീകരിച്ചത്. അച്ചൻ സേവനം ചെയ്ത രംഗങ്ങളും പ്രസ്ഥാനങ്ങളും പരിശോധിച്ചാൽ ബഹു. മാത്യു അച്ചൻ ഒരു പ്രതിഭയായിയിരുന്നെന്നും അധികാരികൾക്ക് അദ്ദേഹത്തിൽ എത്രമാത്രം വിശ്വാസമുണ്ടായിരുന്നെന്നും മനസിലാക്കാൻ സാധിക്കും.

ബഹു. കല്ലുകളം അച്ചൻ ഒരു നല്ല അജപാലകനായിരുന്നു; ജനങ്ങളെ അറിഞ്ഞിരുന്നവൻ; അവരെ പേരുചൊല്ലി വിളിച്ചിരുന്നവൻ; അവർക്കു മുമ്പേ നടന്നിരുന്നവൻ; അവരുടെ പ്രയാസങ്ങളിൽ കൂടെ നിന്നവൻ. എല്ലാവരോടും അവരുടെ തലങ്ങളിൽ ഇടപെടാൻ അച്ചനു സാധിച്ചിരുന്നു; ഏതു പ്രായത്തിലുള്ളവർക്കും അദ്ദേഹം പ്രാപ്യനായിരുന്നു. പാവപ്പെട്ടവരോടും വേദനിക്കുന്നവരോടും കൂടുതൽ കരുതലോടെയും കരുണയോടെയും പെരുമാറാൻ കല്ലുകളം അച്ചനു സാധിച്ചിരുന്നു എന്നു ഞാൻ മനസിലാക്കിയിട്ടുണ്ട്. അദ്ദേഹത്തിന് ആഹാരം തയ്യാറാക്കി നൽകിയിരുന്ന ബേബിതന്നെ ഇക്കാര്യത്തെക്കുറിച്ച് എന്നോടു സംസാരിച്ചിട്ടുണ്ട്.

പള്ളിപോലുള്ള കെട്ടിടങ്ങൾ പണിയുന്നതിനെക്കാൾ ഇടവക പണിയുന്നതിലായിരുന്നു കല്ലുകളം അച്ചൻ ശ്രദ്ധിച്ചിരുന്നത്. പ്രായമുള്ളവർക്ക് അത്താണിയും യുവജനങ്ങൾക്കു നല്ലൊരു സ്നേഹിതനും കൗമാരക്കാർക്കു മാർഗദർശിയും കുഞ്ഞുങ്ങൾക്കു നല്ല അപ്പനുമായിരുന്ന അദ്ദേഹം എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു. യുവദീപ്തിയുടെ സംഘാടകരിൽ ഒരാളായിരുന്നു അദ്ദേഹം; ആദ്യകാല ഡയറക്ടറും. ശാന്തനും സുസ്മേരവദനനുമായിരുന്നു അച്ചൻ.

സ്വന്തം ആധ്യാത്മികതയിലും ഇടവകജനങ്ങളുടെ ആത്മീയവളർച്ചയിലും അച്ചൻ വളരെ തത്പരനായിരുന്നു. കൂദാശകൾ അനുഷ്ഠിക്കുന്നതിലും പ്രത്യേകിച്ചു പരിശുദ്ധ കുർബാനയർപ്പണത്തിലും മറ്റ് ആത്മീയാനുഷ്ഠാനങ്ങളിലും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നതായി എനിക്കു തോന്നിയിട്ടുണ്ട്. നല്ലൊരു വാഗ്മിയും ധ്യാനഗുരുവും കുമ്പസാരക്കാരനുമായിരുന്നു ബഹു. കല്ലുകളം അച്ചൻ. ആയിരക്കണക്കിനാളുകൾ അച്ചനിലൂടെ ദൈവത്തെ ദർശിച്ചിട്ടുണ്ട്.

നിഷ്ഠ അദ്ദേഹത്തിന്റെ ജീവിതചര്യയുടെ പ്രത്യേകതയായിരുന്നു. വിശ്രമകാലത്തും അങ്ങനെ തന്നെയായിരുന്നു. അതുകൊണ്ടായിരുന്നു എന്നും വൈകുന്നേരങ്ങളിൽ കൃത്യസമയത്ത് അദ്ദേഹം നടക്കാൻ പൊയിരുന്നത്. അത്തരമൊരു നടപ്പുവേളയിലാണു മരണകാരണമായ വീഴ്ച സംഭവിച്ചത്. വൈദികരുടെ നല്ലസ്നേഹിതനായിരുന്നു അദ്ദേഹം. സഹപാഠികളും അല്ലാത്തവരുമായ അനേകം വൈദികസുഹൃത്തുക്കൾ അതിരൂപതയ്ക്കകത്തും പുറത്തും അദ്ദേഹത്തിനുണ്ടായിരുന്നു. വൈദികരുടെ ഹൃദയങ്ങളിൽ അദ്ദേഹത്തിന്റെ രൂപം സ്ഥിരപ്രതിഷ്ഠ നേടി; മനസുകളിൽ അദ്ദേഹത്തെക്കുറിച്ചുള്ള ഓർമകളും. അതിരൂപതാവൈദികസമൂഹം പ്രിയ കല്ലുകളം അച്ചനു പ്രാർഥനയോടെ ആദരാഞ്ജലികളർപ്പിക്കുന്നു; സ്നേഹചുംബനത്തോടെ യാത്രാമൊഴിയും. അതിരൂപതാകുടുംബത്തിന് ഏറെ സംഭാവനകൾ നൽകിയ കല്ലുകളം അച്ചന്റെ ഓർമകൾ എന്നും സജീവമായിരിക്കും. നിത്യപുരോഹിതനായ ഈശോ അദ്ദേഹത്തിനു നിത്യശാന്തി നൽകട്ടെ!

കല്ലുകളം ബഹു. മാത്യു അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾ 2025 ഏപ്രിൽ 29നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ മാർ തോമസ് തറയിൽ, മാർ ജോസഫ് പെരുന്തോട്ടം, മാർ ജോർജ് കോച്ചേരി എന്നീ അഭി. പിതാക്കന്മാരുടെ കാർമികത്വത്തിൽ നടത്തപ്പെട്ടു.

**ഫാ. ജോസ് ആലഞ്ചേരി**

## നിത്യതയിലേക്ക്



**സി. തിയോഡേഷ്യ പടവിൽ SH**

"ഞാൻ നന്നായി പൊരുതി;
എന്റെ ഓട്ടം പൂർത്തിയാക്കി;
വിശ്വാസം കാത്തു."
*(2 തിമോ. 4:7)*

# പീഡാനുഭവവാരപിരിവ് 2025 – 2026

| | പീഡാനുഭവ വെള്ളി | പെസഹാ വ്യാഴം | കാരിത്താസ് ചങ്ങനാശ്ശേരി | നോമ്പുകാല പിരിവ് | ഹോം മിഷൻ |
|---|---|---|---|---|---|
| **AMBOORI FORANE** | | | | | |
| Dalumugham St. Mary's | 1020 | 500 | 1000 | 1000 | 1020 |
| Mayam St. Mary's | 3265 | 5172 | 1800 | 2600 | 1415 |
| Rajagiri Christ the King | 3715 | 1305 | 870 | 1635 | 2054 |
| Thekkupara St. Mary's | 4917 | 2148 | | 2000 | 3463 |
| **ALAPPUZHA FORANE** | | | | | |
| Arattuvazhy St. Joseph's | 12708 | 6203 | 3000 | 8112 | 8016 |
| Kaithavana Immaculate Heart | 35000 | 10268 | 26375 | 8800 | 7100 |
| Pallathuruthy St. Thomas | 12036 | 11047 | 14600 | 4871 | 7324 |
| Punnamada St. Mary's | 17000 | 10066 | 4632 | 10000 | 10000 |
| Purakkadu Mar Sleeva | 21678 | 10295 | 7500 | 5058 | 7937 |
| Thathampally St. Michael's | 75525 | 36985 | | 27560 | 32380 |
| **ATHIRAMPUZHA FORANE** | | | | | |
| Cheruvandoor St. Sebastian's | 13610 | 13855 | 10120 | 10775 | 11870 |
| Ettumanoor Christ the King | 22000 | 16000 | 15000 | 10000 | 22000 |
| Mannanam Twelve Apostles | 9654 | 11767 | 5235 | 11512 | 5550 |
| Mannarkunnu St. Gregorios | 20146 | 25882 | | 18476 | 21641 |
| Pallikkunnu St. Thomas | 6690 | 7030 | 6460 | 5580 | 6680 |
| Vettimukal St. Mary's | 15000 | 10000 | 10000 | 12000 | 7500 |
| **CHAMPAKULAM FORANE** | | | | | |
| Champakulam St. Mary's Basilica | 90890 | 29140 | | 20385 | 24595 |
| Kandankary St. Joseph's | 10300 | 5060 | 4630 | 2720 | 3807 |
| Kondackal St. Joseph's | 10085 | 8085 | 11000 | 5060 | 5015 |
| Narbonapuram St. Sebastian's | 12686 | 5310 | | 4317 | 4177 |
| Thekkekara St. John's | 13774 | 15695 | 6657 | 7820 | 5554 |
| Thekkekara East St. Sebastian's | 2065 | 5000 | 1300 | 1400 | 1300 |
| Vadakke Amichakary St. George | 6780 | 5200 | | 4300 | 5120 |
| **CHANGANACHERRY FORANE** | | | | | |
| Changanacherry St. Mary's Metropolitan | 45000 | 75000 | 30000 | 28000 | 30000 |
| Cheeranchira St. George | 27394 | 16375 | | 7636 | 6948 |
| Laikadu St. Joseph's | 32883 | 18415 | 17942 | 8893 | 9433 |
| Manackachira St. Joseph's | 7000 | 6000 | 12000 | 7000 | 8000 |
| Perunna East St. Antony's | 7337 | 5870 | 566 | 2935 | 2792 |
| Vettithuruth St. Antony's | 8851 | 4583 | 2100 | 5121 | 7665 |

| | | | | | |
|---|---|---|---|---|---|
| Vazhappally Gethesemany | 15000 | 11000 | | | |
| **CHENGANNUR FORANE** | | | | | |
| Puthussery-Kallooppara Lourdes Matha | 4120 | 3117 | 4385 | 2025 | 1620 |
| Thadiyoor St. Antony's | 1920 | 3675 | 900 | 1098 | 1222 |
| **EDATHUA FORANE** | | | | | |
| Viruppala St. Jude's | 7500 | 5000 | 3000 | 3000 | 5000 |
| Edathua St. George Forane | 107800 | 77350 | 31570 | 21000 | 26760 |
| Karumady St. Joseph's | | 3000 | 2500 | 3000 | 2500 |
| Kizhakke Mithrakary Holy Family | 7500 | 4000 | | | 4000 |
| Mithrakary St. Xavier's | 12942 | 6848 | 5805 | 5417 | 5320 |
| Koduppunna St. Joseph's | 10089 | 4540 | | 11484 | 10027 |
| Muttar Old St. George | 16889 | 12855 | | | 10500 |
| Niranam Mar Thomas Sleeha Pilgrim Centre | 2790 | 1860 | | 2560 | 2480 |
| Pacha-Chekkidikadu Lourdes Matha | 51500 | 50000 | 25000 | 17747 | 40000 |
| Puthukary St. Xavier's | 34100 | 11564 | 9637 | 6830 | 10568 |
| Pandankary Pious X | | 9150 | 11850 | 3000 | |
| Karumady St. Nicholas | 4000 | 3000 | 2500 | 3000 | 2500 |
| **KOLLAM-AYOOR FORANE** | | | | | |
| Kollam Thoma Sleeha Pally | 5690 | 5177 | 5000 | 4605 | 2758 |
| Ayoor Christ the King Forane | 6142 | 6083 | 3700 | 2093 | 2837 |
| Anakulam St. Joseph's | 4000 | 2500 | | 2030 | 2770 |
| Chenkulam Nithyasahayamatha (CSsR) | 500 | 500 | 500 | 500 | 500 |
| Kuttikonam Christ the King | 3500 | 4000 | 1000 | 2000 | 2000 |
| Meenkulam Lourdes Matha | 6983 | 7417 | | 7055 | 9485 |
| Philgiri St. Joseph's | 11000 | 12000 | | 5500 | 9000 |
| **KOTTAYAM FORANE** | | | | | |
| Kottayam Lourdes Forane | 105400 | 66454 | | 45057 | 62144 |
| Aruvikuzhy Lourdes Matha | 23719 | 9760 | 3510 | 3620 | 8510 |
| Ayarkunnam St. Sebastian's | 40000 | 40000 | | 22435 | 29000 |
| Cheppumpara Marth Mariam | 13721 | 4781 | 13760 | 8897 | 12111 |
| Eravinalloor Assumption | 4600 | 2782 | 1995 | 1780 | 215 |
| Kaduvakulam Little Flower | 38113 | 14008 | 15909 | 10215 | 10480 |
| Kooroppada Mar Sleeva | 15842 | 10630 | 8378 | 7478 | 8378 |
| Pampady Deivamatha | 4945 | 6212 | 8410 | 4357.5 | 4146.5 |
| **KUDAMALOOR FORANE** | | | | | |
| Arppookara-Villoonni St. Xavier's | 47000 | 18000 | 35000 | 20000 | 20000 |

| | | | | | |
|---|---|---|---|---|---|
| Arppookara Little Flower | 11383 | 7120 | | 7555 | 7281 |
| Cheeppunkal St. Antony's (CMI) | 6330 | 2075 | 2025 | 2603 | 3220 |
| Chengalam St. Sebastian's | 3550 | 2600 | 1950 | 1625 | 1287 |
| Kiliroor St. Francis De Sales | 7423 | 4642 | 2000 | 1713 | 2531 |
| Kumaranalloor St. Thomas | 14153 | 12606 | 8196 | 12552 | 16435 |
| Parampuzha Bethlehem | 52527 | 35439 | 30071 | 27360 | 29570 |
| **KURUMPANADOM FORANE** | | | | | |
| Kurumpanadom Assumption | 35000 | 20000 | 7000 | 11000 | 15000 |
| Madappally Little Flower | 34375 | 18086 | | 15800 | 20570 |
| Mannila Holy Family | 10276 | 5606 | 3160 | 3075 | 3150 |
| Rajamattom Sacred Heart | 15150 | 8440 | 10705 | | 10705 |
| Thottackad St. George | 26000 | 24000 | 10000 | 16000 | 15000 |
| **MANIMALA FORANE** | | | | | |
| Manimala Holy Magi Forane | 35500 | 7500 | | 7500 | 13000 |
| Kadayanickadu St. Mary's | 5000 | 10000 | | 5000 | 5000 |
| Karimpanakulam Sacred Heart | 12891 | 7540 | 5721 | 12588 | 11260 |
| Kottangal St. John the Baptist | 10642 | 5874 | 9624 | 3903 | 5720 |
| Manimala New St. Basil's | 13050 | 7690 | | 7870 | 11220 |
| Perumkavu St. Thomas | 7125 | 4835 | 1300 | 5000 | 6270 |
| **MUHAMMA FORANE** | | | | | |
| Mannancherry St. Mary's | 6000 | 5500 | | 2250 | 2250 |
| **NEDUMKUNNAM FORANE** | | | | | |
| Nedumkunnam St. John the Baptist's Forane | 104000 | 30100 | 20000 | 12000 | 30000 |
| Anickad St. Antony's | 2970 | 1530 | 2325 | 1230 | 915 |
| Koothrappally St. Mary's | 45400 | 23100 | 13000 | 22000 | 22000 |
| Mundathanam St. Antony's | 12610 | 7560 | | 5680 | 6160 |
| Panayampala St. Sebastian's | 13850 | 10341 | 2500 | 6367 | 7445 |
| Pulickalkavala St. Mary's | 16396 | 11159 | 12333 | 12333 | 11500 |
| Thazhathuvadakara Lourdes Matha | 11250 | 10650 | | 9150 | 9950 |
| Vaipur New St. Joseph's | 7262 | 5700 | 6087 | 4125 | 7675 |
| Vaipur Old St. Mary's | 16881 | 4160 | 2800 | 4616 | 4981 |
| Vettickalpurayidom St. Sebastian's | 2100 | 1103 | 1463 | | 2000 |
| **PULINCUNNOO FORANE** | | | | | |
| Pulincunnoo St. Mary's Forane | 52000 | 80391 | | 14175 | 16068 |
| Kannady St. Rita's | 11344 | 7058 | | 4300 | 5971 |

| | | | | | |
|---|---|---|---|---|---|
| Kannady St. Joseph's | 13490 | 4260 | | 8620 | 7220 |
| Kayalpuram St. Joseph's | 13000 | 9630 | | 7000 | 5800 |
| Mampuzhakary Lourdes Matha | 15911 | 6000 | | 4634 | 7867 |
| Mithrakary St. Xavier's | 12942 | 6848 | 5805 | 5417 | 5320 |
| Moncompu Pious X | 8617 | 5477 | 3670 | 3313 | 4703 |
| Punnakkunnathusserry St. Joseph's | 10000 | 11200 | 3670 | 5180 | 5250 |
| Ramankary St. Joseph's | 5175 | 7029 | | 5715 | 5551 |
| Veliyanadu South St. Xavier's | 10082 | 11379 | 938 | 5000 | 4495 |
| Vezhapra St. Paul's | | 5529 | | | |
| **THIRUVANANTHAPURAM FORANE** | | | | | |
| Karyavattom St. Joseph's | 17680 | 6920 | 8100 | 4838 | 3267 |
| Palode St. Mary's | 3554 | 926 | 462 | 587 | 849 |
| Pongummoodu St. Alphonsa | 10080 | 9357 | 7000 | 8820 | 7863 |
| Vattiyoorkavu St. Francis De Sales (MSFS) | 9460 | 7110 | | 4600 | 5140 |
| Vithura All Saints | 4615 | 2500 | 1290 | 1335 | 988 |
| Attingal St. Jude's | 1920 | 1550 | | 720 | 890 |
| Nedumangadu St. Thomas | 1600 | 3057 | | 1390 | 1830 |
| Vellayani Little Flower | 6312 | 3993 | 1250 | 4405 | 2750 |
| **THRICKODITHANAM FORANE** | | | | | |
| Kodinattumkunnu St. Sebastian's | 40660 | 18690 | 19155 | 12860 | 14530 |
| Kunnamthanam St. Joseph's | 4500 | 3500 | 3500 | 3000 | 3000 |
| Mundupalam St. Mary's | 18505 | 10235 | 10500 | 10500 | 13086 |
| Paippadu-Nalukody St. Thomas | 86608 | 41014 | 40914 | 24408 | |
| Paippadu Lourdes Matha | 32331 | 12530 | 19943 | 10550 | 10783 |
| Thiruvalla- Muthoor St. Antony's | 18060 | 14430 | | 6790 | 8170 |
| **THURUTHY FORANE** | | | | | |
| Thuruthy Marth Mariam Forane | 39250 | 22280 | 21252 | 19970 | 16058 |
| Eara Lourdes Matha | 6450 | 3660 | 2710 | 2225 | 3235 |
| Kainady Our Lady of Dolours | 10000 | 10400 | 6000 | 6000 | 6000 |
| Kavalam North St. Joseph's | 6482 | 3800 | 3820 | 3150 | 4100 |
| Podippara Holy Family | 20719 | | 6110 | 10197 | 5327 |
| Yudapuram St. Jude's | 4494 | 3065 | | 2073 | 2528 |

Till 23-05-2025

*(Continues...)*

# റിപ്പോർട്ട് - പ്രസ്ബിറ്ററൽ കൗൺസിൽ

അതിരൂപതയുടെ 17-ാമതു പ്രസ്ബിറ്ററൽ കൗൺസിലിന്റെ മൂന്നാമതു സമ്മേളനം അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ മെയ് ഏഴിന് അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ടു.

അതിരൂപതാ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് ഏവർക്കും സ്വാഗതമാശംസിച്ചു. അതിരൂപതാതലത്തിൽ നടത്തപ്പെട്ട പരിപാടികളുടെ വിജയത്തിനായുള്ള സഹകരണത്തിന് അച്ചൻ ഏവർക്കും നന്ദിപറഞ്ഞു. സാർവത്രികസഭയുടെ തലവനെ തെരഞ്ഞെടുക്കുന്ന കോൺക്ലേവ്, അതിർത്തിയിൽ നമ്മുടെ മാതൃരാജ്യം നേരിടുന്ന പ്രശ്നങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിൽ അച്ചൻ ഏവരുടെയും പ്രാർഥനയഭ്യർഥിച്ചു. അജപാലനപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഒരു പാസ്റ്ററൽ റിസേർച്ച് സെന്ററിന്റെ സാധ്യതയും കുട്ടനാട് പ്രതിസന്ധിയെ കാര്യക്ഷമമായി അഭിസംബോധന ചെയ്യേണ്ടതിന്റെ ആവശ്യകതയും സംഘടനാപ്രവർത്തനങ്ങൾ ഫലപ്രദമാകേണ്ടതിന്റെ പ്രാധാന്യവും സമുദായശക്തീകരണവർഷമായി 2026 പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ അതിനായുള്ള മുന്നൊരുക്കം സംബന്ധിച്ചും അച്ചൻ സ്വാഗതപ്രസംഗത്തിൽ സൂചിപ്പിച്ചു.

സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ ചാമക്കാല കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. അഭി. മെത്രാപ്പോലീത്താ കഴിഞ്ഞ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ ആരായുകയും ബന്ധപ്പെട്ടവർ അതു യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു. അതിരൂപതയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തതിനുള്ള നടപടികളുടെ പുരോഗതി പ്രൊക്യുറേറ്റർ വെരി റവ. ഫാ. ആന്റണി മാളേക്കൽ യോഗത്തിലവതരിപ്പിച്ചു. നിലവിലുള്ള സർക്കാർ നിബന്ധനകളനുസരിച്ച് ഒരു പ്രൈവറ്റ് യൂണിവേഴ്സിറ്റി അതിരൂപതയിൽ സ്ഥാപിക്കുന്നത് അപ്രായോഗികമാണെന്നും നമ്മുടെ ഓട്ടോണമസ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി വിദ്യാഭ്യാസമേഖലയിൽ നമുക്കു മുന്നേറാമെന്നും അഭി. മെത്രാപ്പോലീത്താ പറഞ്ഞു.

കഴിഞ്ഞ കൗൺസിൽ യോഗത്തിനുശേഷം വൈദികകൂട്ടായ്മയിൽനിന്നു മരണം മൂലം വേർപ്പെട്ട തോമസ് ആയില, മാത്യു കല്ലുകളം എന്നീ ബഹു. വൈദികരെ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി അനുസ്മരിച്ചു. സാമൂഹികവിഷയങ്ങളിലുള്ള ഇടപെടലിൽ അസാധാരണമായ നീതിബോധം പുലർത്തിയിരുന്നതും പ്രവാചകധീരതയോടെ തിരുത്തൽ നൽകിയിരുന്നതുമായ ബഹു. ആയില അച്ചൻ ഭാവനാശക്തിയും കാർഷിക താത്പര്യവുമുണ്ടായിരുന്ന വൈദികനായിരുന്നെന്ന് അച്ചൻ പറഞ്ഞു. ഏതു സാഹചര്യത്തിലും നന്മ കാണുകയും എപ്പോഴും പ്രസന്നതയോടെ കാണപ്പെടുകയും ചെയ്ത ബഹു. കല്ലുകളം അച്ചൻ സെന്റ് ജോസഫ് ഓർഫനേജിന്റെ ഡയറക്ടർ എന്ന നിലയിൽ കുട്ടികളോടു പിതൃനിർവിശേഷമായ വാത്സല്യം പുലർത്തുകയും ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടറായിരുന്നപ്പോൾ കുടുംബപ്രേഷിതമേഖലയിൽ സജീവമായ ശുശ്രൂഷ നിർവഹിക്കുകയും ചെയ്ത തീക്ഷ്ണതയുള്ള അജപാലകനായിരുന്നെന്ന് അച്ചൻ അനുസ്മരിച്ചു.

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയോടനുബന്ധിച്ചു പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിലേക്കുള്ള അതിരൂപതാതീർഥാടനം നവംബർ 25നും ഡിസംബർ 24നും മധ്യേയുള്ള ദിവസങ്ങളിൽ നടത്താൻ തീരുമാനിച്ചു. തീർഥാടനം സംബന്ധിച്ചുള്ള ക്രമീകരണങ്ങൾക്കായി ഫാ. ജോർജ് മാന്തുരുത്തിൽ, ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി, ഫാ. ആന്റണി മൂലയിൽ, ഫാ. ജോർജ് പനക്കേഴം എന്നിവരുൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ചു.

ഇടവകയിൽ സാമ്പത്തികസുതാര്യത പാലിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി അവതരിപ്പിച്ചു. ഇടവകയിലെ ഫിനാൻഷ്യൽ മാനേജുമെന്റുമായി ബന്ധപ്പെട്ട നിർദേശങ്ങൾ ക്രോഡീകരിച്ചു നൽകുന്നത് ഉചിതമായിരിക്കുമെന്നു യോഗത്തിൽ നിർദേശമുണ്ടായി. രാജ്യത്തിന്റെ നിയമങ്ങളും സാമ്പത്തികനിഷ്കർഷകളും ഓരോ ഇടവകയിലേക്കും അതിരൂപതാകേന്ദ്രത്തിൽനിന്നുള്ള കേന്ദ്രീകൃത ഓഡിറ്റിങ് നടത്തേണ്ട സാഹചര്യം രൂപപ്പെടുന്നുണ്ടെന്നും പരീക്ഷണാടിസ്ഥാനത്തിൽ ഒരു റാൻഡം ഓഡിറ്റിങ് ആരംഭിക്കാമെന്നും യോഗം അഭിപ്രായപ്പെട്ടു. സാമ്പത്തികസുതാര്യത സംബന്ധിച്ച് അംഗങ്ങൾ ക്രിയാത്മകമായ നിർദേശങ്ങൾ പങ്കുവെച്ചു. അജപാലനപ്രവർത്തനങ്ങൾക്കു സഹായകമായവിധത്തിൽ ഒരു അഡ്മിനിസ്ട്രേഷൻ മാനുവൽ തയ്യാറാക്കുന്നതു പൊതുവിൽ സഹായകമാകുമെന്ന് അഭി. മെത്രാപ്പോലീത്താ പറഞ്ഞു.

ലഹരിയുടെ വ്യാപനം തടയുന്നതും ഇടവകയിൽ ലഹരിവിരുദ്ധപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതും സംബന്ധിച്ച ചർച്ചയ്ക്ക് ആമുഖമായി ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോൺ വടക്കേകളം സംസാരിച്ചു. അടിയന്തരമായ ശ്രദ്ധയും ഇടപെടലും അനിവാര്യമായിരിക്കുന്ന ഒരു സാഹചര്യമാണ് ഇതെന്നും പ്രിവെൻഷൻ, റിഡെംപ്ഷൻ എന്നീ കാര്യങ്ങളെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് അതിരൂപത മുഴുവന്റെയും പ്രസ്ഥാനങ്ങളുടെയും സംഘാതമായ പരിശ്രമം ആവശ്യമാണെന്നും അച്ചൻ പറഞ്ഞു. ഈ വിഷയത്തിന്റെ ഗൗരവസ്വഭാവം പരിഗണിച്ച് അംഗങ്ങൾ നിർദേശങ്ങൾ മുന്നോട്ടുവെച്ചു. ഇക്കാര്യത്തിൽ ആത്മതാകേന്ദ്രം, ചാസ്സ് എന്നിവ സംയുക്തമായി പ്രവർത്തിക്കുന്നതു ഫലപ്രദമായിരിക്കുമെന്നു യോഗം വിലയിരുത്തി.

വൈദികർ സ്ഥലം മാറുമ്പോൾ വൈദികരും ഇടവകയും പൊതുവായി പാലിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച്, അതിരൂപതാനിയമാവലിയിൽ നൽകിയിരിക്കുന്ന നിർദേശങ്ങൾ പൊതുവായി പങ്കുവെക്കണമെന്നും അതു പാലിക്കാൻ ഏവരും ശ്രദ്ധിക്കണമെന്നും അഭി. മെത്രാപ്പോലീത്താ നിർദേശിച്ചു. അതിരൂപത യേറ്റെടുത്ത ഒഡീഷ മിഷനിലെ അജപാലനപ്രവർത്തനങ്ങൾക്കായി ഫാ. ജോസഫ് കായംകുളത്തുശേരി, ഫാ. മാത്യു അഞ്ചിൽ (ജെറിൻ) എന്നിവർ സ്വമനസാ സന്നദ്ധരായ വിവരം അഭി. മെത്രാപ്പോലീത്താ യോഗത്തിൽ പങ്കുവെക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്തു. അതിരൂപതയെ കുടുംബമായി കാണാനും പൊതുതാത്പര്യങ്ങളെ ആ വിധത്തിൽ പിന്തുണയ്ക്കാനും എല്ലാവർക്കും കടമയുണ്ടെന്നും അഭി. മെത്രാപ്പോലീത്താ ഓർമിപ്പിച്ചു.

അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ ഏവർക്കും നന്ദിയറിയിച്ചു.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(സെക്രട്ടറി)*

# 139-ാമത് അതിരൂപതാദിനാചരണ റിപ്പോർട്ട്

139-ാമത് അതിരൂപതാദിനാചരണം 2025 മെയ് 20നു ചങ്ങനാശ്ശേരി ഫൊറോന യുടെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി യിലെ 'കർദിനാൾ മാർ ആന്റണി പടിയറ നഗറിൽ' നടത്തപ്പെട്ടു. രണ്ടായിര ത്തോളം പ്രതിനിധികൾ ഇതിൽ പങ്കെടുത്തു.

## സമ്മേളന നഗർ

സീറോമലബാർസഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്പും അതിരൂപതയുടെ രണ്ടാമത്തെ മെത്രാപ്പോലീത്തായുമായിരുന്ന കർദിനാൾ മാർ ആന്റണി പടിയറ യുടെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ പേരു സമ്മേളനം നടത്തപ്പെടുന്ന നഗറിനു സ്വീകരിക്കാമെന്ന അഭിപ്രായം അതിരൂപതാദിനാ ചരണത്തിന്റെ ആദ്യഘട്ടചർച്ചകളിൽ ഉയർന്നുവന്നിരുന്നു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ഇത് അംഗീകരിക്കുകയും 139-ാമത് അതിരൂപതാ ദിനാചരണവേദി 'കർദിനാൾ മാർ ആന്റണി പടിയറ നഗർ' എന്നു പ്രഖ്യാപിക്കു കയും ചെയ്തു.

## വിവിധതലങ്ങളിലെ ഒരുക്കങ്ങൾ

അതിരൂപതാദിനാചരണത്തിന്റെ ഒരുക്കങ്ങൾക്ക് ഔദ്യോഗികമായ ആരംഭം കുറിക്കുന്നതിന്റെ ഭാഗമായി മെയ് ഏഴിന് അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട പ്രസ്ബിറ്ററൽ കൗൺസിലിൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ അതിരൂപതാദിനത്തിന്റെ ലോഗോ പ്രകാശനം ചെയ്തു. അതിരൂപതാദിനാചരണ ത്തിന് ഒരുക്കമായി മെയ് 12 മുതൽ 19 വരെ പ്രാർഥനാവാരമായി ആചരിച്ചു.

## വിളംബരദിനം (മെയ് 19 തിങ്കൾ)

അതിരൂപതാദിനത്തിനു മുന്നോടിയായി മെയ് 19 വിളംബരദിനമായി ആച രിച്ചു. കർദിനാൾ മാർ ആന്റണി പടിയറയുടെ മാതൃയിടവകയായ മണിമല ന്യൂ സെന്റ് ബേസിൽസ് പള്ളിയിൽനിന്നു യുവദീപ്തി-എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ മാർ പടിയറയുടെ ഛായാചിത്രപ്രയാണം പുറപ്പെട്ടു. കടയനിക്കാട് സെന്റ് മേരീസ്, മുണ്ടത്താനം സെന്റ് ആന്റണീസ്, താഴത്തുവടകര ലൂർദ് മാതാ, നെടു മണ്ണി ലൂർദ് മാതാ, നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോന, കൂത്രപ്പള്ളി സെന്റ് മേരീസ്, മാമ്മൂട് ലൂർദ് മാതാ, കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന എന്നീ പള്ളികളിലെ സ്വീകരണങ്ങളേറ്റുവാങ്ങി പ്രയാണം അതിരൂപതാകേന്ദ്ര ത്തിലെത്തിച്ചേർന്നു.

അതേസമയം, ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ചരമശതാബ്ദി യോടനുബന്ധിച്ചു ചെറുപുഷ്പമിഷൻ ലീഗിന്റെ നേതൃത്വത്തിലുള്ള ദീപശിഖാ പ്രയാണം അദ്ദേഹത്തിന്റെ മാതൃയിടവകയായ ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ നിന്നാരംഭിച്ചു പടഹാരം സെന്റ് ജോസഫ്സ്, തകഴി സെന്റ് റീത്താസ്, പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ, മരിയാപുരം മേരി മാതാ, എടത്വാ സെന്റ് ജോർജ് ഫൊറോന, മുട്ടാർ ഓൾഡ് സെന്റ് ജോർജ്, മുട്ടാർ ന്യൂ സെന്റ്

തോമസ് എന്നീ പള്ളികളിലെ സ്വീകരണങ്ങളേറ്റുവാങ്ങി പ്രയാണം അതിരൂപതാ കേന്ദ്രത്തിലെത്തിച്ചേർന്നു.

ഇരുപ്രയാണങ്ങളും ഒരുമിച്ചു യുവദീപ്തി-എസ്.എം.വൈ.എം. അംഗങ്ങളുടെ ബൈക്ക് റാലിയുടെ അകമ്പടിയോടെ ചങ്ങനാശ്ശേരി മാർക്കറ്റിലെ അഞ്ചുവിളക്കു ചുറ്റി ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിലെത്തിച്ചേർന്നപ്പോൾ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ഛായാചിത്രവും ദീപശിഖയും ഏറ്റുവാങ്ങി ആഘോഷമായി മെത്രാപ്പോലീത്തൻ പള്ളിയിൽ പ്രതിഷ്ഠിച്ചു. തുടർന്നുള്ള റംശായ്ക്ക് അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് കാർമികത്വംവഹിച്ചു. അഭി. മെത്രാപ്പോലീത്താ സന്ദേശം നൽകി.

## അതിരൂപതാദിനം (മെയ് 20 ചൊവ്വ)

മെയ് 20 രാവിലെ 9.30നു മെത്രാപ്പോലീത്തൻ പള്ളിയിൽനിന്നും ദീപശിഖ, ഛായാചിത്രം, അതിരൂപതാദിനപതാക എന്നിവയ്ക്കു പിന്നിലായി പേപ്പൽ പതാകയേന്തിയ 18 ഫൊറോനാ കൗൺസിൽ സെക്രട്ടറിമാരും വിശിഷ്ടാതിഥികളും അഭി. പിതാക്കന്മാരും സമ്മേളന നഗറിലേക്കു പ്രവേശിച്ചതോടെ അതിരൂപതാദിനാഘോഷങ്ങൾക്കു തുടക്കമായി. ഛായാചിത്രവും ദീപശിഖയും നിർദിഷ്ടസ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചു. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ബിജു സെബാസ്റ്റ്യൻ അതിരൂപതാദിനപതാക ഉയർത്തി തത്സമയം ഗായകസംഘം അതിരൂപതാ ആന്തം ആലപിച്ചു. തുടർന്നുള്ള ഖുഥാആ പ്രാർഥനയ്ക്ക് അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ കാർമികത്വംവഹിച്ചു.

## സ്വാഗതം

പൊതുസമ്മേളനത്തിൽ അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് സ്വാഗതമാശംസിച്ചു. കൂട്ടായ്മയുടെയും പങ്കുവെക്കലിന്റെയും സന്ദേശവാഹകരാകുമ്പോൾ നമ്മുടെ അതിരൂപതയിൽ ഭവനരഹിതരായി ആരുമുണ്ടാകാതിരിക്കാൻ അതിരൂപതാംഗങ്ങൾ പരിശ്രമിക്കണമെന്നും എല്ലാവരുടെയും ഉയർച്ച നമ്മുടെ ലക്ഷ്യമായിരിക്കണമെന്നും അച്ചൻ സ്വാഗതത്തിൽ സൂചിപ്പിക്കുകയും അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടത്തിന്റെ മെത്രാഭിഷേകത്തിന്റെ 23-ാം വാർഷികാശംസകൾ നേരുകയും ചെയ്തു. മെത്രാപ്പോലീത്തൻപള്ളിയുടെ വികാരി ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ സമ്മേളന നഗർ പരിചയപ്പെടുത്തി.

## ഉദ്ഘാടനം

ഇടുക്കി രൂപതാധ്യക്ഷൻ അഭി. മാർ ജോൺ നെല്ലിക്കുന്നേൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി അതിരൂപത ഒരു വിസ്മയമാണെന്നും അതിരൂപതയിലെ ഓരോ ചെറിയ മാറ്റങ്ങളും ഇടുക്കി രൂപത ഉറ്റുനോക്കുകയും മാതൃകയാക്കുകയും ചെയ്യാറുണ്ടെന്നും മാർ നെല്ലിക്കുന്നേൽ പറഞ്ഞു. കഴിവുറ്റ വൈദികരാലും അജഗണങ്ങളാലും സമ്പുഷ്ടമാണ് ഈ അതിരൂപതയെന്നും സഭാസ്നേഹംകൊണ്ടു മറ്റുരൂപതകൾക്ക് അതിരൂപത

മാതൃകയാണെന്നും മികച്ച നേതൃത്വം നൽകി അതിരൂപത അതു കാത്തുസൂക്ഷിക്കുന്നുണ്ടെന്നും പ്രസ്താവിച്ചശേഷം മാർ നെല്ലിക്കുന്നേൽ തിരി തെളിച്ചു സമ്മേളനം ഉദ്ഘാടനം ചെയ്തു.

### അതിരൂപതാദിനപ്രതിജ്ഞ

ഉദ്ഘാടനത്തിനുശേഷം 18 ഫൊറോനാ കൗൺസിൽ സെക്രട്ടറിമാർ പേപ്പൽ പതാക വഹിച്ചു വേദിക്കു മുമ്പിൽ അണിനിരന്നപ്പോൾ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി സമ്മേളനത്തിൽ പങ്കെടുത്തവർക്ക് അതിരൂപതാദിനപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

### അധ്യക്ഷപ്രസംഗം

അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. ദൈവികചൈതന്യമാണു തിരുസഭയെ നയിക്കുന്നത് എന്നതിനുള്ള ശക്തമായ തെളിവാണു ലെയോ പതിനാലാമൻ മാർപാപ്പായുടെ തെരഞ്ഞെടുപ്പെന്നും തിരുസഭയാണു വലുതെന്ന ബോധ്യത്തിൽ ത്യാഗപൂർവമായ നിലപാടുകളാണ് അതിരൂപത സ്വീകരിച്ചിട്ടുള്ളതെന്നും മതസൗഹാർദത്തിനായി നിലപാടു കൈക്കൊണ്ട മഹത്തായ ചരിത്രമാണ് അതിരൂപതയ്ക്കുള്ളതെന്നും അഭി. മെത്രാപ്പോലീത്താ പ്രസ്താവിച്ചു.

### മുഖ്യപ്രഭാഷണം

ബെംഗളുരു ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ഫാ. ജോസ് ചെന്നാട്ടുശ്ശേരി സി.എം.ഐ. മുഖ്യപ്രഭാഷണം നടത്തി. അതിരൂപതക്കാരനായ അദ്ദേഹം നമ്മുടെ അതിരൂപതയുടെ നേട്ടങ്ങളെക്കുറിച്ചും കൂട്ടായ്മയുടെ പ്രാധാന്യത്തെക്കുറിച്ചും ഉദ്ബോധിപ്പിച്ചു.

### എക്സലെൻസ് അവാർഡ്

അതിരൂപത നൽകുന്ന പരമോന്നതബഹുമതിയായ എക്സലെൻസ് അവാർഡ് വിദ്യാഭ്യാസ-ഗവേഷണമേഖലകളിലെ മികവുറ്റ സംഭാവനകൾക്കു കോട്ടയം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ പ്രൊഫ. ഡോ. സാബു മാത്യുവിനും ആതുരശുശ്രൂഷ-ജീവകാരുണ്യമേഖലകളിലെ സമഗ്രസംഭാവനകൾക്കു ഡോ. ജോർജ് ജോസഫ് പടനിലത്തിനും അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ സമ്മാനിച്ചു.

### പ്രഖ്യാപനങ്ങൾ

അതിരൂപതയുടെ വളർച്ചയ്ക്കായി ‘ഭവനരഹിതരില്ലാത്ത അതിരൂപത’ എന്ന സ്വപ്നത്തോടെ പാറേൽ മരിയൻ തീർഥാടനകേന്ദ്ര ഹൗസിങ് പ്രോജക്റ്റ് ഉദ്ഘാടനം ചെയ്തു.

### പ്രത്യേകപുരസ്കാരങ്ങൾ-അംഗീകാരങ്ങൾ

വിവിധ തലങ്ങളിൽ അംഗീകാരത്തിനർഹരായ വ്യക്തികൾക്കും ഇടവകകൾക്കും മികച്ച പ്രവാസി അപ്പോസ്തലേറ്റ് ചാപ്റ്ററിനും അതിരൂപതാകുടുംബം ആദരവും അനുമോദനങ്ങളുമർപ്പിച്ചു. അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി

ചിറയിൽ ആദരവിനർഹരായവരെ സമ്മേളനത്തിൽ പരിചയപ്പെടുത്തി. അവരുടെ പേരും പുരസ്കാരത്തിനർഹമായ മേഖലകളും താഴെക്കൊടുക്കുന്നു.

**ജോണി ആന്റണി**: കലാസാംസ്കാരിക-സിനിമാമേഖലകളിലെ പ്രവർത്തനമികവ് (ചലച്ചിത്ര അഭിനേതാവ്)

**പ്രൊഫ. ജെ. സി. മാടപ്പാട്ട്**: അല്മായപ്രേഷിതത്വത്തിനു മികവാർന്ന മാതൃക (അതിരൂപതയുടെ മുൻ പി.ആർ.ഒ., അതിരൂപതാതലത്തിലുള്ള മുൻകാലസജീവപ്രവർത്തകൻ)

**ജോസഫ് പാണാടൻ**: നാടകകലാപ്രവർത്തകൻ

**ഫാ. ജോസഫ് പൂവത്തുങ്കൽ, ഫാ. വർഗീസ് കോടിക്കൽ**: ഇറ്റാവാ മിഷൻ പ്രാരംഭവൈദികർ

**ഫാ. തോമസ് എഴിക്കാട്**: ഇറ്റാവാ മിഷൻ സുപ്പീരിയർ

**ഡോ. എം. സി. സിറിയക് കോവിലകത്ത്**: ആതുരസേവനരംഗത്ത് അന്താരാഷ്ട്ര അവാർഡ്

**റെജി. എം. കുന്നിപ്പറമ്പൻ (ഡി.വൈ.എസ്.പി.)**: രാഷ്ട്രപതിയുടെ പോലീസ് മെഡൽ

**ജിനു ജോർജ് തൊടുവേലിൽ**: ദേശീയാധ്യാപക അവാർഡ്

**ട്രീസ ഫിലിപ്പ്**: ദേശീയ സൈക്ലിങ് ചാംപ്യൻ

**ഡോ. അഞ്ജു ആൻ മാത്യു**: എൻ.ഇ.ഇ.റ്റി. എം.ഡി.എസ്. 2025 ഓൾ ഇൻഡ്യ ഫസ്റ്റ് റാങ്ക്

**ദിവ്യ ആൻ മാത്യു**: സിവിൽ സർവീസ് പരീക്ഷയിൽ ഉന്നതവിജയം

**ജോൺസൺ കാഞ്ഞിരക്കാട്ട്**: കുഞ്ഞേട്ടൻ പുരസ്കാരം

### കെയർ ഹോം നടത്തുന്ന അല്മായർ

**പി. വി. ജയിംസ്**: രക്ഷാഭവൻ ചാരിറ്റബിൾ സൊസൈറ്റി, ചെത്തിപ്പുഴ (വൃദ്ധരായ പിതാക്കന്മാർക്കു സംരക്ഷണം)

**ബെന്നിച്ചൻ ലൂക്കോസ്**: പ്രതീക്ഷ എച്ച്.ഡബ്ല്യൂ.ആർ.സി. ട്രസ്റ്റ്, കല്ലുകളം, വാഴപ്പള്ളി (ശാരീരിക പരിമിതിയുള്ളവർക്കു സംരക്ഷണം)

**ലൈജു മാത്യു**: സ്നേഹാലയം ശുശ്രൂഷാ ചാരിറ്റബിൾ ട്രസ്റ്റ്, ഇരവുചിറ (മാനസികരോഗികൾക്കു സംരക്ഷണം)

**എ. എം. മത്തായി**: ആശ്രയഭവൻ, കരിക്കാട്ടൂർ (വൃദ്ധരായ പിതാക്കന്മാർക്കു സംരക്ഷണം)

**ജോണിക്കുട്ടി തുരുത്തേൽ**: സ്നേഹഭവൻ, എടത്വാ (മാനസികരോഗികൾക്കു പുനരധിവാസം)

**കെ. പി. മാത്യു**: അമല ചാരിറ്റബിൾ ട്രസ്റ്റ്, പുളിങ്കുന്ന് (ക്യാൻസർ-കിഡ്നി രോഗികൾക്കു താമസം-ചികിത്സാസഹായം)

**ആനി ബാബു**: സാന്ത്വനം, കോട്ടയം (പെൺകുട്ടികൾക്കു ചാരിറ്റബിൾ ബോർഡിങ് ഹോം)

### മികച്ച പാരിഷ് ബുള്ളറ്റിൻ

ഏറ്റുമാനൂർ ക്രൈസ്റ്റ് ദ കിങ് (ഒന്നാം സ്ഥാനം - 500നു മുകളിൽ കുടുംബങ്ങൾ)

പാറേൽ സെന്റ് മേരീസ് (രണ്ടാം സ്ഥാനം - 500നു മുകളിൽ കുടുംബങ്ങൾ)

ചേപ്പുംപാറ മാർത്ത് മറിയം (ഒന്നാം സ്ഥാനം - 500ൽ താഴെ കുടുംബങ്ങൾ)

കുമരകം ഹോളി ഫാമിലി (രണ്ടാം സ്ഥാനം - 500ൽ താഴെ കുടുംബങ്ങൾ)

**മികച്ച പാരിഷ് ഡയറക്ടറി**

കടുവാക്കുളം ലിറ്റിൽ ഫ്ളവർ (ഒന്നാം സ്ഥാനം)

ഇരവിനല്ലൂർ അസംപ്ഷൻ (രണ്ടാം സ്ഥാനം)

**പ്രവാസി അപ്പോസ്തലേറ്റ് മികച്ച ചാപ്റ്റർ**

ഒമാൻ ചാപ്റ്റർ

## ഇതരപരിപാടികൾ

അതിരൂപതാ എക്സലെൻസ് അവാർഡ് ജേതാക്കളായ പ്രൊഫ. ഡോ. സാബു മാത്യു, ഡോ. ജോർജ് ജോസഫ് പടനിലം, ഇറ്റാവാ മിഷൻ ആദരവ് ഏറ്റുവാങ്ങിയ ഫാ. തോമസ് എഴിക്കാട് എന്നിവർ മറുപടിപ്രസംഗങ്ങളും അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണവും നടത്തി. എ.എസ്.എം.ഐ. കോൺഗ്രിഗേഷൻ മദർ ജനറൽ സി. മേഴ്സി മരിയ എ.എസ്.എം.ഐ., പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി പ്രൊഫ. പി. വി. ജറോം, യുവദീപ്തി-എസ്.എം.വൈ.എം. ഡെപ്യൂട്ടി പ്രസിഡന്റ് എലിസബത്ത് വർഗീസ് എന്നിവർ ആശംസകളറിയിച്ചു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോൺ തെക്കേക്കര ഇറ്റാവാ മിഷൻ ആദരവിനർഹരായവരെ പരിചയപ്പെടുത്തി.

ചങ്ങനാശ്ശേരി ഫൊറോനയുടെ നേതൃത്വത്തിൽ 'കുട്ടനാടൻ മുൻഷി' എന്ന കലാവിഷ്കാരം അവതരിപ്പിച്ചു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ 140-ാമത് അതിരൂപതാദിനം സംബന്ധിച്ചുള്ള പ്രഖ്യാപനം നിർവഹിച്ചു. ആതിഥേയത്വംവഹിക്കുന്ന തൃക്കൊടിത്താനം ഫൊറോനയെ പ്രതിനിധീകരിച്ചു തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളി വികാരിയും ഫൊറോനയിലെ മറ്റുവൈദികരും പ്രതിനിധികളും അതിരൂപതാദിനപതാക ഏറ്റുവാങ്ങി. കോഡിനേറ്റർ ഫാ. ആന്റണി ആനക്കല്ലുങ്കൽ നന്ദിയറിയിച്ചു. ഗായകസംഘം സീറോ മലബാർസഭാ ആന്തവും ദേശീയഗാനവും ആലപിച്ചു. സ്നേഹവിരുന്നോടെ 139-ാമത് അതിരൂപതാദിനാചരണസമ്മേളനം സമാപിച്ചു.

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
**ഫാ. ചെറിയാൻ കക്കുഴി**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
*(അതിരൂപതാദിനാചരണ കോഡിനേറ്റർമാർ)*

# 139–ാമത് അതിരൂപതാദിന
# എക്സലെൻസ് അവാർഡ്

## പ്രൊഫ. ഡോ. സാബു ജോസഫിനും
## ഡോ. ജോർജ് ജോസഫ് പടനിലത്തിനും

### പ്രൊഫ. ഡോ. സാബു തോമസ്

പാറമ്പുഴ ബേത്‌ലെഹെം ഇടവകയിലെ ചാത്തുകുളം കുടുംബാംഗം. ഭാര്യ: ഡോ. ആൻ ജോർജ്. മക്കൾ: ഡോ. മാർട്ടിൻ ജോർജ് തോമസ്, ക്രിസ്റ്റീന റോസ് തോമസ്.

1980ൽ കേരള യൂണിവേഴ്സിറ്റിയിൽനിന്നും കെമിസ്ട്രിയിൽ ബിരുദം. തുടർന്നു കൊച്ചിൻ യൂണിവേഴ്സിറ്റിയിൽനിന്നും പോളിമർ സയൻസിൽ ബി.റ്റെക്. 1987ൽ ഗോരഖ്പുർ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റ്റെക്നോളജിയിൽനിന്നും എൻജിനീയറിങ്ങിൽ ഗവേഷണബിരുദം. ആ വർഷം മുതൽ കോട്ടയം മഹാത്മാഗാന്ധി (എം.ജി.) യൂണിവേഴ്സിറ്റിയിൽ അധ്യാപകൻ.

പോളിമർ എൻജിനീയറിങ്–നാനോ റ്റെക്നോളജി മേഖലകളിൽ ദേശീയ-അന്തർദേശീയതലങ്ങളിൽ അറിയപ്പെടുന്ന അധ്യാപകനും ശാസ്ത്രജ്ഞനും. എം.ജി. യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലർ. എം.ജി. യൂണിവേഴ്സിറ്റിയിൽ സ്കൂൾ ഓഫ് എൻജിനീയറിങ് മെറ്റീരിയൽസ്, സ്കൂൾ ഓഫ് നാനോ റ്റെക്നോളജി, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് എന്നിവയുടെ ഡയറക്ടർ, സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് റ്റെക്നോളജിയുടെ സ്ഥാപകൻ. ഇപ്പോൾ തിരുവനന്തപുരം എൻജിനീയറിങ് ആൻഡ് റ്റെക്നോളജി, റിസേർച്ച് പാർക്കിന്റെ ചെയർമാൻ.

നാല്പതിലധികം വിദേശസർവകലാശാലകളിലെ വിസിറ്റിങ് പ്രൊഫസർ. ദേശീയ - അന്തർദേശീയതലങ്ങളിൽ ഇരുപതിലധികം പുരസ്കാരങ്ങൾ എമ്പതിലധികം ഗവേഷണബിരുദങ്ങളുടെ ഗൈഡ്. ഇപ്പോൾ 15 പേർ ഇദ്ദേഹത്തിന്റെ കീഴിൽ ഗവേഷണം ചെയ്യുന്നുണ്ട്. 1986 മുതൽ ദേശീയ–അന്തർദേശീയ ജേണലുകളിൽ നിരവധി ലേഖനങ്ങൾ.

വിദ്യാഭ്യാസ - ഗവേഷണമേഖലകളിലെ നേട്ടങ്ങളും സംഭാവനകളുമാണ് 139–ാമത് അതിരൂപതാദിനത്തിൽ ഡോ. സാബു തോമസിനെ അതിരൂപതാ എക്സലെൻസ് അവാർഡിനർഹനാക്കിയത്.

## ഡോ. ജോർജ് ജോസഫ് പടനിലം

ചീരംചിറ സെന്റ് ജോർജ് ഇടവകയിലെ പടനിലം കുടുംബാംഗം. ഭാര്യ: മറിയം ജോർജ്. മക്കൾ: റ്റോം പടനിലം, ജോജോ പടനിലം, ജിമ്മി പടനിലം.

തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽനിന്നും വൈദ്യശാസ്ത്രത്തിൽ മികച്ച രീതിയിൽ ബിരുദം നേടിയ ശേഷം നാട്ടിൽ സേവനം ചെയ്തു. 1965 മുതൽ 35 വർഷം അമേരിക്കയിൽ ആതുരശുശ്രൂഷാരംഗത്തു നിസ്വാർഥസേവനം. 2001ൽ ജന്മനാട്ടിൽ തിരിച്ചെത്തി.

അതിരൂപതയുമായി സഹകരിച്ചു ചീരംചിറയിൽ പ്രത്യേകമായ പരിരക്ഷ ആവശ്യമുള്ള കുട്ടികൾക്കായി ജിമ്മി പടനിലം സെന്റർ ആരംഭിച്ചു.

അതിരൂപതയുടെ ചാരിറ്റി വേൾഡ് ട്രസ്റ്റ്, ജിമ്മി പടനിലം സെന്ററുമായി സഹകരിച്ചു തുടങ്ങിയപ്പോൾ അത് അനേകർക്കു താങ്ങും തണലുമായി. കിടപ്പുരോഗികൾക്കായി പാലിയേറ്റീവ് കെയർ, വൃക്കരോഗികൾക്കു കരുതൽ പദ്ധതി, ആശുപത്രിയിൽ കഴിയുന്നവർക്കു സാമ്പത്തികസഹായം - അന്നദാനം, ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിന് ഇത്തിത്താനം ആശാഭവനുമായി സഹകരിച്ചുള്ള പദ്ധതികൾ, ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിലെ ഡോ. ജോർജ് പടനിലം ഒ.പി. ബ്ലോക്ക്, ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ ഡോ. ജോർജ് പടനിലം സെന്റർ ഫോർ ഡിസേബിൾഡ് സ്റ്റ്യൂഡന്റ്സ് തുടങ്ങിയവ അദ്ദേഹത്തിന്റെ സാമൂഹികസേവനത്തിന്റെ മുഖമുദ്രകളാണ്.

ഡോ. ജോർജ് ജോസഫ് പടനിലം മാർഗദർശിയായ ജിംപയർ, മികച്ച പരിശീലനത്തിലൂടെയും ശാസ്ത്രീയ തെറപ്പിയിലൂടെയും ഭിന്നശേഷിയുള്ള കുട്ടികളെ സ്വയം പര്യാപ്തരാക്കുന്നു. ഉയർന്നധാർമികതയും നർമബോധവും പുലർത്തുന്ന ഡോ. ജോർജ് ജോസഫ് പടനിലം തന്റെ ചിന്തകൾ അരഡസനിലധികം പുസ്തകങ്ങളിലൂടെ പൊതുസമൂഹത്തിനു നൽകിയിട്ടുണ്ട്.

ആതുരശുശ്രൂഷാരംഗത്തെ നിസ്വാർഥമായ സേവനവും ഭിന്നശേഷിക്കാർ, കിടപ്പുരോഗികൾ, മാരകരോഗങ്ങളുള്ളവർ എന്നിവർക്കായി നടത്തുന്ന ജീവകാരുണ്യ-പുനരധിവാസപരിശീലനപരിപാടികളുമാണ് 139-ാമത് അതിരൂപതാദിനത്തിൽ ഡോ. ജോർജ് ജോസഫ് പടനിലത്തെ അതിരൂപതാ എക്സലെൻസ് അവാർഡിനർഹനാക്കിയത്.



# ഫാ. ആന്റണി മാന്നല മെമ്മോറിയൽ
# 9-ാമത് അഖിലകേരള ബൈബിൾ ക്വിസ്
## അരുവിക്കുഴി ലൂർദ് മാതാ പള്ളി | 2025 ജൂലൈ 12 ശനി

ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും മാതൃക കാട്ടി, സ്നേഹംകൊണ്ടു മനുഷ്യമനസുകളെ കീഴടക്കി, വിശ്രമമില്ലാതെ അജപാലനശുശ്രൂഷ ചെയ്തു നിത്യത പുൽകിയ ബഹു. ആന്റണി മാന്നല അച്ചന്റെ സ്മരണ നിലനിർത്താനായി അരുവിക്കുഴി ലൂർദ് മാതാ പള്ളിയും സെന്റ് ജോസഫ്സ് സൺഡേസ്കൂളും സംയുക്തമായുള്ള അഖില കേരള ബൈബിൾ ക്വിസ് **2025 ജൂലൈ 12 ശനി രാവിലെ 9.30നു** മതബോധനകേന്ദ്രത്തിൽ നടത്തപ്പെടുന്നതാണ്.

**ജോർജ് ഫിലിപ്പ് കിഴക്കയിൽ**
(കൺവീനർ & ഹെഡ്മാസ്റ്റർ)

**ഫാ. സെബാസ്റ്റ്യൻ ശൗര്യാമാക്കിൽ**
(വികാരി)

**പഠനവിഷയങ്ങൾ**

**A. ലോഗോസ് ക്വിസ് 2025** — 80%
- ന്യായാധിപന്മാർ 11 – 21 അധ്യായങ്ങൾ
- പ്രഭാഷകൻ 41 – 50 അധ്യായങ്ങൾ
- ലൂക്കാ 17 – 24 അധ്യായങ്ങൾ
- എഫേസോസ് 1 – 6 അധ്യായങ്ങൾ

**B. യു ക്യാറ്റ് ഭാഗം രണ്ട് : 1 – 3 അധ്യായങ്ങൾ** 10%

**C. സഭാപരവും മാന്നലയച്ചനെക്കുറിച്ചുള്ളതുമായ ചോദ്യങ്ങൾ** 10%

**ഒന്നാം സമ്മാനം – ₹ 5000**
**രണ്ടാം സമ്മാനം – ₹ 4000**
**മൂന്നാം സമ്മാനം – ₹ 3000**
**നാലാം സമ്മാനം – ₹ 2000**
} **എവർറോളിങ് ട്രോഫി, സർട്ടിഫിക്കറ്റ്**

**5 മുതൽ 10 വരെ സമ്മാനങ്ങൾ** } **₹ 1000, എവർറോളിങ് ട്രോഫി, സർട്ടിഫിക്കറ്റ്**

പങ്കെടുക്കുന്നവർക്കു പ്രോത്സാഹനസമ്മാനങ്ങൾ

### നിബന്ധനകൾ

- സൺഡേസ്കൂളിൽ 5 മുതൽ 12 വരെ ക്ലാസ്സുകളിൽ (2025 – 2026) പഠിക്കുന്ന കുട്ടികളിൽനിന്ന് 2 പേർ വീതമുള്ള എത്ര റ്റീമുകൾക്കും പങ്കെടുക്കാവുന്നതാണ്
- രജിസ്ട്രേഷൻ ഫീസ്: ഒരു റ്റീമിന് 100 രൂപ
- മത്സരത്തിനുവരുമ്പോൾ വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററുടെയോ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

**രജിസ്ട്രേഷൻ അവസാനതീയതി: 2 ജൂലൈ 2025**
രജിസ്ട്രേഷനു വിളിക്കുക : **9496649951, 9495446603**

# സന്ദേശനിലയം

ഈശോയിൽ സ്നേഹമുള്ളവരേ,

പുതിയ വിശ്വാസപരിശീലനവർഷത്തിനു തുടക്കം കുറിക്കുകയാണ്. പന്തക്കുസ്താദിനത്തിന് ഒരുക്കമായിട്ടുള്ള പ്രാർഥനയിൽ നമുക്കു പങ്കുചേരാം. ഈശോമ്ശിഹായുടെ വാഗ്ദാനമായ സഹായകനെ ഒരുക്കത്തോടെ സ്വീകരിക്കുമ്പോൾ ശിഷ്യന്മാർക്കുണ്ടായ അനുഭവംപോലെ ആത്മാവിനാൽ ശക്തി പ്രാപിക്കാൻ നിങ്ങൾക്കിടയാകട്ടെ. ഈ വർഷം 'വിശ്വാസജീവിതം പ്രത്യാശയിലും കൂട്ടായ്മയിലും' എന്നതു പഠനവിഷയമാക്കുമ്പോൾ സമുദായബോധ്യങ്ങളുൾക്കൊണ്ടു പ്രത്യാശാപൂർണമായ ജീവിതം നയിക്കാൻ സാധിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ജൂൺ**

01 ഞായർ : **മതബോധന ക്ലാസ്സ് ആരംഭം.** ഉയിർപ്പ് ഏഴാം ഞായർ ക്ലാസ്സ്- 1

02 തിങ്കൾ : **ധന്യൻ മാർ തോമസ് കുര്യാളശ്ശേരി (ചരമശതാബ്ദിദിനം)**

08 ഞായർ : പന്തക്കുസ്താ തിരുനാൾ, **അതിരൂപതാമതബോധനദിനം**
ശ്ലീഹാ ഒന്നാം ഞായർ ക്ലാസ്സ്- 2, അതിരൂപതാമതബോധനവർഷ ഉദ്ഘാടനം: ലൂർദ് മാതാ, മാമ്പുഴക്കരി

14 ശനി : **മിഷൻലീഗ് പ്രവർത്തനവർഷോദ്ഘാടനം**

15 ഞായർ : ശ്ലീഹാ രണ്ടാം ഞായർ, ക്ലാസ്സ്- 3

22 ഞായർ : ശ്ലീഹാ മൂന്നാം ഞായർ, ക്ലാസ്സ്- 4

29 ഞായർ : ശ്ലീഹാ നാലാം ഞായർ ക്ലാസ്സ്- 5

**ജൂലൈ**

03 വ്യാഴം : **ദുക്റാനാ തിരുനാൾ** (കടമുള്ള ദിവസം), **അതിരൂപതാമതാധ്യാപകദിനം, സീറോമലബാർസഭാദിനം** *(ഓഫീസ് അവധി)*

05 ശനി : സി.എൽ.റ്റി. കോഴ്സ് ആപ്ലിക്കേഷൻ സമർപ്പിക്കേണ്ട അവസാന തീയതി

06 ഞായർ : ശ്ലീഹാ അഞ്ചാം ഞായർ ക്ലാസ്സ്- 6

12 ശനി : **സി.എൽ.റ്റി. 44-ാം ബാച്ച് ഉദ്ഘാടനം, ക്ലാസ്സ് ആരംഭം**

### ഡയറക്ടർ അച്ചനു നന്ദി

സന്ദേശനിലയം-മിഷൻലീഗിന്റെ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചശേഷം സീറോമലബാർസഭയുടെ കാറ്റക്കെറ്റിക്കൽ കമ്മിഷൻ സെക്രട്ടറിയായി സ്ഥാനമേൽക്കുന്ന ഫാ. ആൻഡ്രൂസ് പാണംപറമ്പിലിനെ നന്ദിയോടെ സ്മരിക്കുകയും അഭിനന്ദനങ്ങളർപ്പിക്കുകയും

ചെയ്യുന്നു. വിശ്വാസപരിശീലനരംഗത്തു വെല്ലുവിളികളുയർന്നപ്പോൾ അവ നേരിട്ടുക്കൊണ്ടു ശരിയായ ദിശയിലേക്ക് ഏവരെയും ഒരു കുടക്കീഴിൽ അണിനിരത്തി മുമ്പോട്ടുനയിക്കുകയും വർക്കുബുക്കുകളിലും വിശ്വാസോത്സവ വർക്കുബുക്കുകളിലും കാലോചിതമായ പരിഷ്കരണങ്ങൾ വരുത്തുകയും ചെയ്ത ആൻഡ്രൂസ് അച്ചനു പുതിയ പ്രവർത്തനമേഖലയിൽ വിജയങ്ങൾ നേടുന്നതിനു പ്രാർഥിക്കുന്നു.

**നന്ദി**

സന്ദേശനിലയം തെക്കൻമേഖലാ അസ്സി. ഡയറക്ടർ എന്ന നിലയിൽ സ്തുത്യർഹമായി സേവനം ചെയ്ത ഫാ. ജോസഫ് പൊന്നാറ്റിലിനു സന്ദേശനിലയ കുടുംബം നന്ദിയും പ്രാർഥനയുമറിയിക്കുന്നു.

**സി.എൽ.റ്റി. കോഴ്സ്**

സി.എൽ.റ്റി. കോഴ്സിന്റെ പുതിയ ബാച്ച് **ജൂലൈ 12ന്** ആരംഭിക്കുന്നതാണ്. എല്ലാ അധ്യാപകരും (പ്രത്യേകിച്ച് 8 മുതൽ പഠിപ്പിക്കുന്നവർ) സി.എൽ.റ്റി. പാസാകാൻ ശ്രദ്ധിക്കേണ്ടതാണ്. *ജൂൺ 15 മുതൽ* Ecos@Sandesൽ ഫീസായി 500 രൂപ ഗൂഗിൾ പേ വഴി അടച്ചു രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷനുള്ള അവസാന തീയതി: ജൂലൈ 7.

**പാഠപുസ്തകപരിചയപ്പെടുത്തൽ: 12-ാം ക്ലാസ്സ് അധ്യാപകർക്ക്**

12-ാം ക്ലാസ്സിലെ പരിഷ്കരിച്ച പാഠപുസ്തകത്തിന്റെ പരിചയപ്പെടുത്തൽ **ജൂൺ 14** *രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ* സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. ഹയർ കോഴ്സിൽ പഠിപ്പിക്കുന്ന അധ്യാപകർ ഇതിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണം. രജിസ്ട്രേഷൻ ഫീസ് 150 രൂപ. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ബി.സി.റ്റി. കോഴ്സ്**

ഈ അധ്യയനവർഷത്തെ ബി.സി.റ്റി. രണ്ടാം ബാച്ച് **ജൂൺ 21, 28 ജൂലൈ 5** എന്നീ തീയതികളിൽ സന്ദേശനിലയത്തിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ നടത്തപ്പെടുന്നതാണ്. *ജൂൺ 12 മുതൽ* Ecos@Sandesലൂടെ കോഴ്സിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഗൂഗിൾ പേ വഴിയായി 500 രൂപ അടച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്. അവസാനതീയതി ജൂൺ 17 ആണെങ്കിലും സീറ്റ് പരിധി കഴിഞ്ഞാൽ അഡ്മിഷൻ അവസാനിക്കുന്നതാണ്. ഈ കോഴ്സിൽ ഇതുവരെ പങ്കെടുക്കാത്തവർ ഈയവസരം വിനിയോഗിക്കുമല്ലോ.

**എക്കോസ്@സന്ദേശ്**

ഈ വർഷം സൺഡേസ്കൂളിൽ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ നടത്തിയ കുട്ടികളെയും മറ്റു ക്ലാസ്സുകളിൽ പുതുതായി അഡ്മിഷൻ നൽകിയ കുട്ടികളെയും മതബോധനവർഷാരംഭത്തിൽതന്നെ Ecos@Sandesൽ എന്റർ ചെയ്യേണ്ടതാണ്. 2025-2026 വർഷത്തെ *കുട്ടികളുടെ സ്ഥിതിവിവരക്കണക്കുകൾ* ജൂലൈയിൽ സന്ദേശനിലയത്തിൽ നൽകേണ്ടതാണ്.

**നേതൃനിര വാട്സ്ആപ് നമ്പറുകൾ**

നിലവിൽ സൺഡേസ്കൂൾ നേതൃത്വത്തിലുള്ളവർ (സി.ആർ.റ്റി., ഹെഡ് മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി, ഓഫീസ് സെക്രട്ടറി, Ecos@Sandes മാനേജർമാർ) സ്ഥാന മൊഴിയുമ്പോൾ പകരം നിയമിതരാകുന്നവരുടെ പേരും ഫോൺ നമ്പറും സന്ദേശനിലയത്തിലറിയിക്കുകയും വാട്സ്ആപ്പ് നമ്പറുകൾ നിങ്ങൾ അംഗ ങ്ങളാകേണ്ട ഗ്രൂപ്പിൽ ചേർക്കപ്പെട്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

**ആദരാഞ്ജലികൾ**

ചമ്പക്കുളം ബസിലിക്ക സൺഡേസ്കൂൾ വിദ്യാർഥിനി എമിലിൻ മേരി ജോസഫിന്റെയും പെരുങ്കാവ് സൺഡേസ്കൂൾ വിദ്യാർഥിനി അലീന ചെറി യാന്റെയും തത്തംപള്ളി സൺഡേസ്കൂൾ വിദ്യാർഥി മിഖിൽ തോമസിന്റെയും തിരുവനന്തപുരം നിർമല ഭവൻ സൺഡേസ്കൂൾ അധ്യാപിക സി. ബ്രിജിറ്റ് നീലത്തുമുക്കിൽ എസ്.എ.ബി.എസ്.ന്റെയും ഏറ്റുമാനൂർ സൺഡേസ്കൂൾ അധ്യാപിക സി. ഫ്ളോറ സി.എം.സി.യുടെ മാതാവിന്റെയും അതിരമ്പുഴ ലിസ്യൂ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ജിജു ജോസഫിന്റെ പിതാവിന്റെയും കുറുമ്പനാടം അസംപ്ഷൻ സൺഡേസ്കൂൾ അധ്യാപകൻ ജിതിൻ ചാക്കോ യുടെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

# അഭിനന്ദനങ്ങൾ



സ്വിറ്റ്സർലൻഡിലെ
ലുഗാനോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽനിന്നു
മീഡിയ മാനേജുമെന്റ് ആൻഡ് ജേണലിസത്തിൽ
*PLURALISM AT RISK? EXAMINING THE COMMERCIAL GROWTH OF NEWS CHANNELS IN KERALA*
എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ
**ഇലഞ്ഞിക്കൽ ബഹു. ജോർജ് അച്ചന്**

**അതിരൂപതാകുടുംബത്തിന്റെ പ്രാർഥനാശംസകൾ**

# ചെറുപുഷ്പ മിഷൻലീഗ്
## (CML)

സ്നേഹമുള്ള കുഞ്ഞുമിഷണറിമാരേ,

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയാഘോഷിക്കാനായി വേദപ്രചാരമധ്യസ്ഥനിലൂടെ നൽകിയ കാര്യങ്ങളൊക്കെ കുഞ്ഞുമിഷണറിമാർ ചെയ്തെന്നു കരുതുന്നു. തുടർന്നുള്ളവ മാർഗരേഖയിലൂടെ ലഭിക്കുന്നതാണ്. പുതിയ മതബോധനവർഷത്തിൽ സന്തോഷത്തോടും പ്രതീക്ഷയോടും തീക്ഷ്ണതയോടുംകൂടെ 'സ്നേഹം, ത്യാഗം, സേവനം, സഹനം' എന്ന മുദ്രാവാക്യം നെഞ്ചിലേറ്റി തിരുസഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ ഈ ജൂബിലി വർഷത്തിൽ പങ്കുചേർന്നു മിഷൻലീഗ് പ്രവർത്തനങ്ങളെ ഊർജിതമാക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ജൂൺ**

02 തിങ്കൾ : ധന്യൻ മാർ തോമസ് കുര്യാളശ്ശേരി (ചരമശതാബ്ദിദിനം)

07 ശനി : **മാർത്ത് മറിയം ത്രേസ്യ**

14 ശനി : **അതിരൂപതാതലപ്രവർത്തനവർഷോദ്ഘാടനം, മാനേജിങ് കമ്മിറ്റി**

15 ഞായർ : പ്രവർത്തനവർഷോദ്ഘാടനം: ശാഖകളിൽ

21 ശനി : പ്രവർത്തനവർഷോദ്ഘാടനം: മേഖലകളിൽ

**ജൂലൈ**

02 ബുധൻ : അംഗത്വസ്വീകരണം: അതിരൂപതാതലോദ്ഘാടനം

03 വ്യാഴം : **ദുക്റാനാ തിരുനാൾ** (കടമുള്ള ദിവസം, *ഓഫീസ് അവധി*), അംഗത്വസ്വീകരണം: ശാഖകളിൽ, മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ നാമഹേതുകതിരുനാൾ, തോമസ് നാമധാരികൾക്ക് ആശംസകൾ നേരാം

**പ്രവർത്തനവർഷോദ്ഘാടനം**

മിഷൻലീഗിന്റെ അതിരൂപതാതലത്തിലുള്ള നേതൃസംഗമവും പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും **ജൂൺ 14** *രാവിലെ 9 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ* ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ ആർച്ചുബിഷപ് കാവുകാട്ട് ഹാളിൽ നടത്തപ്പെടുന്നതാണ്. മേഖലാ ഡയറക്ടർമാർ, അതിരൂപത-മേഖലാ എക്സിക്യൂട്ടിവ്, മേഖല-ശാഖാ ജോയിന്റ് ഡയറക്ടർമാർ, ഓർഗനൈസർമാർ, കുട്ടികളുടെ ഭാരവാഹികൾ (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി,

ജോയിന്റ് സെക്രട്ടറി, ജൂണിയർ ഓർഗനൈസർമാർ) ഹെഡ്മാസ്റ്റർ എന്നിവർ ഇതിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 120 രൂപ. പങ്കെടുക്കുന്ന വരുടെ എണ്ണം *ജൂൺ എട്ടിനു മുമ്പായി* അതിരൂപതാ ഓഫീസിൽ അറിയി ക്കേണ്ടതാണ്.

**ജൂബിലി വർഷാചരണം**

ജൂബിലി വർഷത്തിൽ 'പ്രത്യാശയുടെ തീർഥാടകർ' എന്ന നിലയിൽ ശ്ലീഹാ കാലത്തു താഴെപ്പറയുന്ന കാര്യങ്ങൾ ക്രമീകരിക്കാൻ സൺഡേസ്കൂളിന്റെയും മിഷൻലീഗിന്റെയും അഭിമുഖ്യത്തിൽ വിശ്വാസപരിശീലകർ ശ്രദ്ധിക്കണം.

1. പരിശുദ്ധാരൂപിയുടെ ഗാനാലാപനത്തോടെ ക്ലാസ്സുകൾ ആരംഭിക്കുക.
2. ഓരോ ക്ലാസ്സിലും ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ രണ്ടാം അധ്യായം ഏഴു ഞായറാഴ്ചകളിലായി വായിപ്പിക്കുക.
3. ശ്ലീഹാകാലത്ത് 'ബൈബിൾ വേഴ്സ് ബോക്സിൽ' നിക്ഷേപിക്കാനായി കണ്ടെത്തേണ്ടതു സുവിശേഷപ്രഘോഷണദൗത്യത്തെ സൂചിപ്പിക്കുന്ന തിരുവചനങ്ങളായിരിക്കണം.

**ശാഖ-മേഖലാ വാർഷിക റിപ്പോർട്ട്**

2024–2025 പ്രവർത്തനവർഷത്തെ റിപ്പോർട്ടിൽ 2024 ജൂൺ 1 മുതൽ 2025 മെയ് 31 വരെയുള്ള പ്രവർത്തനങ്ങളാണു രേഖപ്പെടുത്തേണ്ടത്. റിപ്പോർട്ടിന്റെ ഫോം വാട്സ്ആപ്പിലൂടെ ലഭിക്കുന്നതാണ്. പ്രവർത്തനങ്ങളുടെ ഡിജിറ്റൽ ഫോട്ടോ ഉൾക്കൊള്ളിക്കാൻ ശ്രദ്ധിക്കണം. ജൂൺ അവസാനത്തോടെ ഈ റിപ്പോർട്ട് അതി രൂപതാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**അതിരൂപതാവിഹിതം**

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഓഫീസിൽ അടയ്ക്കേണ്ട അതിരൂപതാ വിഹിതം, ദൈവവിളി ഫണ്ട്, പഠനഗ്രന്ഥം (കുടിശിഖ വാങ്ങിയവർ) എന്നിവ എത്രയുംവേഗം അടയ്ക്കാൻ ശ്രദ്ധിക്കണം.

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹമുള്ളവരേ,

'നൂറുമേനി'യുടെ സമാപനത്തിലേക്കു നമ്മൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. മെയ് 11നു നടത്തപ്പെട്ട ഫൊറോനാതലത്തിലുള്ള ഫാമിലി മത്സരത്തിനാവശ്യമായ സഹായസഹകരണങ്ങൾ നൽകിയ അച്ചന്മാർ, കൂട്ടായ്മാലീഡർമാർ, ആനിമേറ്റർമാർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു. ഫൊറോനാതലമത്സരത്തിൽ നിന്നും റീജൻ തല മത്സരത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരങ്ങൾ പ്രഖ്യാപിച്ചുകഴിഞ്ഞു. ജൂൺ എട്ടിനു നിശ്ചയിക്കപ്പെട്ടിരിക്കുന്ന കേന്ദ്രങ്ങളിൽ റീജൻ തല മത്സരത്തിനുള്ള റ്റീമുകൾ അരമണിക്കൂർ മുമ്പായി എത്തിച്ചേരണം. ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയാണു മത്സരസമയം. 5 റീജനുകളിലും ഒരേ സമയം ഒരേ ചോദ്യരീതിയിലുള്ള ഓഡിയോ-വിഷ്വൽ മത്സരങ്ങളാണു നടത്തപ്പെടുന്നത്.

നൂറുമേനി സമ്മാനദാനം സുഗമമായി സംഘടിപ്പിക്കുന്നതിനു വിജയികളുടെ പേരുവിവരങ്ങൾ നൂറുമേനി സൈറ്റിൽ അപ്‌ലോഡ് ചെയ്യണമെന്നു പറഞ്ഞിരുന്നെങ്കിലും ഇനിയും ഇടവകകൾ അതു ചെയ്യാനുണ്ട്. സമ്മാനങ്ങൾ കൃത്യമായി വിതരണം ചെയ്യണമെങ്കിൽ കൃത്യമായ എണ്ണം ലഭിക്കണം. ആയതിനാൽ ഇനിയും ആരെങ്കിലും ഓൺലൈൻ ചെയ്യാനുണ്ടെങ്കിൽ ജൂൺ രണ്ടിനകം രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. 31 പേർ ഓൺലൈൻ ബൈബിൾ ഏകവർഷ കോഴ്സ് പൂർത്തിയാക്കി. അവർക്ക് അഭിനന്ദനങ്ങൾ നേരുന്നു.

പ്രാർഥനയോടെ,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

### നൂറുമേനി റീജൻ തല മത്സരം

ജൂൺ എട്ടിനു ഫൊറോനാകേന്ദ്രങ്ങളിൽ ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ റീജൻ തല മത്സരം നടത്തപ്പെടുന്നതാണ്. മത്സരാർഥികൾ അരമണിക്കൂർ മുമ്പായി മത്സരസ്ഥലങ്ങളിൽ എത്തിച്ചേരേണ്ടതാണ്.

### ലോഗോസ് ക്വിസ് 2024 സമ്മാനദാനം

2024 ലോഗോസ് ക്വിസിൽ 6 കാറ്റഗറികളിലായി ആദ്യ 3 സ്ഥാനങ്ങൾ നേടിയവർക്കുള്ള സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും മെയ് 22ന് അതിരൂപതാകേന്ദ്രത്തിലെ മാർതോമാവിദ്യാനികേതന്റെ ഹാളിൽ നടത്തപ്പെട്ട സമ്മേളനത്തിൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ വിതരണം ചെയ്തു.

**കുടുംബങ്ങൾക്കാനുപാതികമായി ഏറ്റവും കൂടുതലംഗങ്ങളെ പങ്കെടുപ്പിച്ചവർ:**

| സ്ഥാനം | ഇടവക |
|---|---|
| ഒന്ന് | പായിപ്പാട് ലൂർദ് മാതാ |
| രണ്ട് | പോങ്ങുമ്മൂട് സെന്റ് അൽഫോൻസാ |
| മൂന്ന് | കോട്ടയം ലൂർദ് ഫൊറോന |

**ഏറ്റവും കൂടുതലംഗങ്ങളെ പങ്കെടുപ്പിച്ചവർ:**

| **സ്ഥാനം** | **ഇടവക** |
|---|---|
| ഒന്ന് | നാലുകോടി സെന്റ് തോമസ് |
| രണ്ട് | പായിപ്പാട് ലൂർദ് മാതാ |
| മൂന്ന് | മുട്ടാർ ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ |

**ലോഗോസ് ഫാമിലി മത്സരവിജയി:**

ഷീല ജോസ് കളപ്പുരയ്ക്കൽ (തേക്കുപാറ സെന്റ് മേരീസ്)

**ഓൺലൈൻ ബൈബിൾ ഏകവർഷ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കിയവർ (ബാച്ച് 3)**

| | |
|---|---|
| ജെസമ്മ ഫിലിപ്പ് കൊച്ചുപറമ്പിൽ | അനീറ്റ മാത്യു പ്ലാത്തോട്ടത്തിൽ |
| സി. റൊസീന എഫ്.സി.സി. | പ്രിൻസ് ജോസഫ് പാറക്കമണ്ണിൽ |
| സ്വപ്ന മാത്യു കരിമറ്റത്തിൽ | കൊച്ചുറാണി ചാക്കോ പരുവപ്പറമ്പിൽ |
| നാൻസി വർഗീസ് കെ. മണക്കളം | റെജിമോൾ സെബാസ്റ്റ്യൻ ചേന്നാട്ട് |
| യമുന ഫ്രാങ്ക്ലിൻ മാമ്പിള്ളി | എസ്. മേരി പുത്തൻപുരയ്ക്കൽ |
| ജോളി ജോസഫ് മണവേലി | ചിന്നു ആന്റണി പുലിക്കാട്ടിൽ |
| കുഞ്ഞുമോൾ ലാലി കണിച്ചേരിൽ | വിനിത ജി. മേഴ്സി എളേച്ചെംകളം |
| ലെക്സി ജിജോ കറുകയിൽ | മോളി ലൂയിസ് പ്ലാംപറമ്പിൽ |
| ലിസമ്മ ആന്റണി തയ്യിൽ | ആൻസമ്മ ഫ്രാൻസിസ് ആറുപറയിൽ |
| സി. സോണിയ തെരേസ സി.എം.സി. | സി. വിനീത എഫ്.സി.സി. |
| സി. ആൽഫി ഫിലിപ്പ് സി.എം.സി. | ഷിജി കെ. ജെ. മഞ്ചിറവിളയിൽ |
| വൽസമ്മ മാത്യു കീക്കരിക്കാട്ട് | സോഫി ഫ്രാൻസിസ് മുപ്രത്തറ |
| ലിസമ്മ മാത്യു വില്ലൂന്നി | സി. റ്റെസി പുത്തൻപുര എസ്.എ.ബി.എസ്. |
| സി. എലിസബത്ത് പുല്ലാട്ട് എഫ്.സി.സി. | എലിസബത്ത് സാബു റോസ് വില്ല |
| ഷൈനി ഷാജി പാറുകണ്ണിൽ | സഞ്ജയ് ഫ്രാൻസിസ് ജോർജ് |
| വൽസ മരിയൻ റ്റോം കൊക്കാവയൽ വെട്ടിത്താനം | അറുമ്പൂൾ റോഷ്നി |

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോമ്ശിഹായിൽ പ്രിയരേ,

ആരാധനക്രമപരമായി ശ്ലീഹാക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണ്. നമ്മുടെ കർത്താവിൽ അടിയുറച്ചു വിശ്വസിച്ചുകൊണ്ട് അവിടുത്തെ ഉത്ഥാനത്തിലുള്ള പ്രത്യാശയുടെ സന്ദേശം പ്രഘോഷിച്ച ശ്ലീഹന്മാരുടെ സാക്ഷ്യം നമുക്കു പ്രചോദനമാകണം. പ്രത്യാശാസന്ദേശം അവിരാമം പ്രഘോഷിക്കപ്പെടണം. എല്ലാമേഖലകളിലും അവിടുത്തെ പ്രത്യാശ നിറയുന്ന അനുഭവമുണ്ടാകണം. വ്യക്തിബന്ധങ്ങളിലും കുടുംബങ്ങൾ തമ്മിലുള്ള ഇടപെടലുകളിലും നാം സാമൂഹികമായി ഇടപെടുന്ന തൊഴിലിടങ്ങളുൾപ്പെടെയുള്ള ഇതരസ്ഥലങ്ങളിലും അവിടുത്തെ പ്രത്യാശ പ്രസരിക്കണം. മാതാപിതാക്കൾ പ്രത്യാശയുടെ കുടുംബസാക്ഷ്യമാകണം. അവരിൽനിന്നു പ്രത്യാശയുടെ വിശുദ്ധപാഠം മക്കൾ അഭ്യസിക്കണം.

ഈ കാലയളവിൽതന്നെ മാതൃവേദി-പിതൃവേദി പ്രസ്ഥാനങ്ങൾ യൂണിറ്റുകളിൽ പാലിയേറ്റീവ് ക്ലബ്ബുകൾ (നല്ലസമറായൻ ഫോറം) രൂപീകരിക്കണം. ഇതിനോടകം അഭിനന്ദനാർഹമായ രീതിയിൽ പാലിയേറ്റീവ് ശുശ്രൂഷകൾ ക്രമീകരിക്കുന്ന യൂണിറ്റുകളുണ്ട്. ആ മാതൃക മറ്റു യൂണിറ്റുകൾക്കും സ്വീകരിക്കാവുന്നതാണ്. വരുംമാസങ്ങളിൽ നേതൃപരിശീലനപരിപാടികളും ഫൊറോനാസന്ദർശനങ്ങളും ക്രമീകരിക്കുന്നതാണ്. ഏവരുടെ സഹകരണം അഭ്യർഥിക്കുന്നു.

സ്നേഹപൂർവം

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### ഫ്രാൻസിസ് മാർപാപ്പായ്ക്കു സ്നേഹപ്രണാമം

ദിവംഗതനായ ഫ്രാൻസിസ് മാർപാപ്പായ്ക്കു പ്രണാമമർപ്പിക്കുന്നതിനായി ഏപ്രിൽ 25ന് അതിരൂപത സംഘടിപ്പിച്ച പരിശുദ്ധ കുർബാന, അനുസ്മരണസമ്മേളനം എന്നിവയിൽ അതിരൂപതാ ആനിമേഷൻ റ്റീമംഗങ്ങളും ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം ഫൊറോനകളിലെ മാതൃവേദി-പിതൃവേദി നേതൃനിരയും പങ്കെടുത്തു.

### ഫാ. മാത്യു കല്ലുകളത്തിന് ആദരാഞ്ജലികൾ

അതിരൂപതാ ഫാമിലി അപ്പോസ്തലേറ്റ്, മാതൃവേദി-പിതൃവേദി സംഘടനകൾ, പ്രോലൈഫ് പ്രസ്ഥാനം എന്നിവയുടെ ഡയറക്ടറായി 1997-2004 കാലയളവിൽ ശുശ്രൂഷ ചെയ്ത ഫാ. മാത്യു കല്ലുകളം ഏപ്രിൽ 24നു നിര്യാതനായി. അച്ചന്റെ ദേഹവിയോഗത്തിൽ അതിരൂപതാകുടുംബപ്രേഷിതശുശ്രൂഷകർ അനുശോചനമറിയിച്ചു. ഏപ്രിൽ 28ന് അതിരൂപതാകുടുംബപ്രേഷിതകാര്യാലയത്തിൽനിന്നുള്ള ശുശ്രൂഷകരും പ്രസ്ഥാനങ്ങളുടെ പ്രതിനിധികളും ഭവനത്തിലെത്തി പ്രാർഥനാശുശ്രൂഷ നടത്തി. ഏപ്രിൽ 29നു നടത്തപ്പെട്ട മൃത

സംസ്കാരത്തിൽ ഡയറക്ടർ അച്ചനും ഭാരവാഹികളും പങ്കെടുത്തു. കുടുംബ പ്രേഷിതശുശ്രൂഷാമേഖലയിൽ അച്ചൻ ചെയ്ത പ്രവർത്തനങ്ങളെ നന്ദിയോടെ ഓർക്കുന്നു.

**അതിരൂപതാനേതൃസൗഹൃദസംഗമം**

അതിരൂപതാ മാതൃവേദി–പിതൃവേദി ആനിമേഷൻ റ്റീമിന്റെ സൗഹൃദസംഗമം മെയ് 10നു നടത്തപ്പെട്ടു. പുതുതായി ചുമതലയേറ്റ അംഗങ്ങൾക്കു പരസ്പരം പരിചയപ്പെടാനും ഓരോരുത്തരുടെയും പശ്ചാത്തലവും പ്രാവീണ്യമേഖല കളും മനസിലാക്കാനും ഈ സംഗമം ഉപകാരപ്രദമായി.

**ലോകകുടുംബദിനാചരണം**

മെയ് 15ലെ ലോകകുടുംബദിനം യൂണിറ്റുകളിൽ സമുചിതമായി ആചരിച്ചു. അതിരൂപതാ പിതൃവേദി–മാതൃവേദി പ്രസിഡന്റുമാരായ റോയി കപ്പാങ്കൽ, പ്രൊഫ. ഡോ. റോസമ്മ സോണി എന്നിവർ റേഡിയോ മീഡിയ വില്ലേജിന്റെ മോണിങ് ഡ്രൈവിൽ പങ്കെടുത്തു റേഡിയോ സന്ദേശത്തിലൂടെ ഏവർക്കും കുടുംബദിനാ ശംസകൾ നേർന്നു.

**റീത്താപ്പുണ്യവതിയുടെ തിരുനാൾ**

മാതൃവേദിയുടെ സഹമധ്യസ്ഥയായ റീത്താപ്പുണ്യവതിയുടെ തിരുനാൾ യൂണിറ്റുകളിൽ സമുചിതമായി ആചരിച്ചു. പുളിങ്കുന്ന് ഫൊറോനാ മാതൃവേദി–പിതൃവേദിയുടെ ആഭിമുഖ്യത്തിൽ കണ്ണാടി സെന്റ് റീത്താസ് പള്ളിയിലേക്ക് 'കണ്ണാടി തീർഥാടനം' മെയ് 16നു നടത്തപ്പെട്ടു. അതിരൂപതാ ഭാരവാഹികൾ ഇതിൽ പങ്കെടുത്തു.

**അതിരൂപതാദിനാചരണം**

മെയ് 20നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ നടത്തപ്പെട്ട 139–ാമത് അതിരൂപതാദിനാചരണത്തിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**ആനിമേഷൻ കോർ റ്റീം യോഗം**

അതിരൂപതാ മാതൃവേദി–പിതൃവേദി ആനിമേഷൻ കോർ റ്റീമംഗങ്ങളുടെ സമ്മേളനം മെയ് 31നു നടത്തപ്പെട്ടു. അതിരൂപതാഭാരവാഹികളുടെ ഫൊറോനാ സന്ദർശനം, നേതൃത്വപരിശീലന സെമിനാറുകൾ, മറ്റു പ്രോഗ്രാമുകളുടെ തീയതി കൾ–കാര്യപരിപാടികൾ എന്നിവയെപ്പറ്റിയുള്ള ചർച്ചകൾ നടത്തി.

## ഓർമിക്കാൻ

**ജൂൺ 1: ലോകരക്ഷാകർതൃദിനം**

ലോകരക്ഷാകർതൃദിനത്തോടനുബന്ധിച്ചു ജൂൺ എട്ടിനോ അതിനു മുമ്പോ യുവജനങ്ങൾ, കൗമാരക്കാർ എന്നിവരുടെ രക്ഷകർത്താക്കളെ ഒരുമിച്ചുകൂട്ടി പ്രാർഥിക്കുകയും അവർക്കായി ബോധവത്കരണപരിപാടികൾ സംഘടിപ്പി ക്കുകയും ചെയ്യുക.

# അതിരൂപതാദിനം (20 മെയ് 2025)

**ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി** | **കർദിനാൾ മാർ ആന്റണി പടിയറ നഗർ**



ലോഗോ പ്രകാശനം ( 7 മെയ് 2025 )





ഛായാചിത്രവും ദീപശിഖയും





വിളംബര ദിനം







സമ്മേളന നഗറിലേക്ക്



പതാക ഉയർത്തൽ



ഖുത്താആ


സ്വാഗതം


സമ്മേളന നഗർ പരിചയപ്പെടുത്തൽ


ഉദ്ഘാടനപ്രസംഗം


സമ്മേളനോദ്ഘാടനം








അതിരൂപതാദിനപ്രതിജ്ഞ


അധ്യക്ഷപ്രസംഗം


മുഖ്യപ്രഭാഷണം


അനുഗ്രഹപ്രഭാഷണം

ആശംസകൾ







എക്സലെൻസ് അവാർഡ് ദാനം


പ്രൊഫ. ഡോ. സാബു തോമസ്


ഡോ. ജോർജ് പടനിലം


ജോണി ആന്റണി

ഇറ്റാവാ മിഷൻ പ്രാരംഭ മിഷണറി


ഫാ. വർഗീസ് കോടിക്കൽ

ഇറ്റാവാ മിഷൻ സുപ്പീരിയർ


ഫാ. തോമസ് എഴികാട്


പ്രൊഫ. ജെ. സി. മാടപ്പാട്ട്


ജോസഫ് പാണാടൻ


ഡോ. എം. സി. സിറിയക് കോവിലകത്ത്


റെജി എം. കുന്നിപ്പറമ്പൻ


ജിനു ജോർജ് തൊടുവേലിൽ


ട്രീസ ഫിലിപ്പ്


ഡോ. അഞ്ജു ആൻ മാത്യു


ദിവ്യ ആൻ മാത്യു


ജോൺസൺ കാഞ്ഞിരക്കാട്ട്


ജോമോൻ ആന്റണി


പി. വി. ജയിംസ്


ലൈജു മാത്യു


ജോണിക്കുട്ടി തുരുത്തേൽ


കെ.. പി. മാത്യു


ആനി ബാബു

മികച്ച പാരിഷ് ഡയറക്ടറി


കടുവാക്കുളം ലിറ്റിൽ ഫ്ളവർ

മികച്ച പാരിഷ് ഡയറക്ടറി


ഇരവിനല്ലൂർ അസംപ്ഷൻ

മികച്ച പാരിഷ് ബുള്ളറ്റിൻ


ഏറ്റുമാനൂർ ക്രൈസ്റ്റ് ദ കിങ്


പാറേൽ സെന്റ് മേരീസ്

മികച്ച പാരിഷ് ബുള്ളറ്റിൻ


കുമരകം ഹോളി ഫാമിലി


ചേപ്പുംപാറ മാർത്ത് മറിയം


ഇറ്റാവാ മിഷൻ ആദരവ്


പ്രവാസി അപ്പോസ്തലേറ്റ്
മികച്ച ചാപ്റ്റർ – ഒമാൻ ചാപ്റ്റർ


പാറേൽ മരിയൻ തീർഥാടനകേന്ദ്ര ഹൗസിങ് പ്രോജക്റ്റ് ഉദ്ഘാടനം


കലാവിഷ്കാരം


നന്ദിപ്രകാശനം


ഗായകസംഘം

140–ാമത് അതിരൂപതാദിനാഘോഷത്തിന്റെ പതാക
തൃക്കൊടിത്താനം ഫൊറോന ഏറ്റുവാങ്ങുന്നു



**ജൂൺ 5: ലോകപരിസ്ഥിതിദിനം**

'ഭൂമിയെ പുനരുദ്ധരിക്കൂ; ഭാവിയെ സുരക്ഷിതമാക്കൂ' എന്ന മുദ്രാവാക്യത്തെ അടിസ്ഥാനമാക്കിയുള്ള ഈ വർഷത്തെ ലോകപരിസ്ഥിതിദിനം യൂണിറ്റ് തലത്തിൽ സമുചിതമായി ആചരിക്കുക. പ്ലാസ്റ്റിക് നിർമാർജനത്തിന്റെയും കമ്പോസ്റ്റ് നിർമാണത്തിന്റെയും മാലിന്യസംസ്കരണത്തിന്റെയും കാലോചിതമായ സന്ദേശങ്ങൾ ഓരോ കുടുംബത്തിലുമെത്തുന്നവിധത്തിലുള്ള സന്ദേശപ്രചാരണപരിപാടികൾ സംഘടിപ്പിക്കുക. കുടുംബവൃക്ഷത്തൈ നടാൻ പ്രോത്സാഹിപ്പിക്കുക.

**ജൂൺ 8: പന്തക്കുസ്താ തിരുനാൾ**

അതിരൂപതാമതബോധനദിനമായി ആഘോഷിക്കപ്പെടുന്ന പന്തക്കുസ്താ തിരുനാളിൽ വിശ്വാസപരിശീലകരെ ആദരിക്കാം. സൺഡേസ്കൂളിലെ നവാഗതർക്കു സമ്മാനങ്ങളും വിദ്യാരംഭം കുറിക്കുന്ന കുഞ്ഞുങ്ങൾക്കു മധുരപലഹാരങ്ങളും നൽകാം.

**ജൂൺ 12: രക്തദാനദിനം**

പാലിയേറ്റീവ് ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ രക്തഗ്രൂപ്പ് നിർണയ ക്യാംപുകൾ, രക്തദാനത്തിനു സന്നദ്ധരായവരുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കൽ എന്നിവ യൂണിറ്റ് തലത്തിൽ സംഘടിപ്പിക്കാം.

**ജൂൺ 15: ലോകപിതൃദിനം**

ആധുനികകാലഘട്ടത്തിൽ പിതാക്കന്മാരുടെ ദൗത്യത്തെ സംബന്ധിച്ചുള്ള ബോധവത്കരണ ക്ലാസ്സുകൾ, യൂണിറ്റിലെ മുതിർന്ന പിതാക്കന്മാരെ ആദരിക്കൽ, പിതൃദിനസന്ദേശം തയ്യാറാക്കി പങ്കുവെക്കൽ എന്നിങ്ങനെ സമുചിതമായ പരിപാടികൾ സംഘടിപ്പിച്ചു പിതൃദിനം ആഘോഷിക്കുക.

**ജൂൺ 23 ലോകവിധവാദിനം**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഇടവകയിലെ വിധവകളെ ഒരുമിച്ചുകൂട്ടി യൂദിത്ത്-നവോമി ഫോറങ്ങൾ സംഘടിപ്പിച്ചു പ്രാർഥിക്കുകയും പൊതുസമൂഹത്തിൽ അവർക്കു കരുതലിന്റെ കൈത്താങ്ങു നൽകുകയും ചെയ്യുക.

**ജൂൺ 26 ലോകമയക്കുമരുന്നുവിരുദ്ധദിനം**

ഈ കാലഘട്ടത്തിൽ മയക്കുമരുന്നുവ്യാപനവും അനുബന്ധപ്രശ്നങ്ങളും വലിയവെല്ലുവിളിയാണു കുടുംബങ്ങളിലുയർത്തുന്നത്. ഇടവകാടിസ്ഥാനത്തിൽ മാതാപിതാക്കളുടെ നേതൃത്വത്തിൽ മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ജാഗ്രതാസമിതികൾ രൂപീകരിക്കുകയും നിയമനടപടികൾ കാര്യക്ഷമമാക്കാനുള്ള സമ്മർദം ചെലുത്തുകയും ചെയ്യുക.

**പാലിയേറ്റീവ് ക്ലബ് (നല്ലസമറായൻ ഫോറം) രൂപീകരണം**

ജൂൺ 22നു മുമ്പായി സാധിക്കുന്ന യൂണിറ്റുകളിൽ പാലിയേറ്റീവ് ക്ലബ്ബുകൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

*ശേഷം പേജ് 46ൽ ➤➤➤*

# യുവദീപ്തി-എസ്.എം.വൈ.എം.

**യൂത്ത് ട്രെയിനിങ് പ്രോഗ്രാം (വൈ.റ്റി.പി.)**

യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിലുള്ള വൈ.റ്റി.പി. കോഴ്സിന്റെ പുതിയ ബാച്ച് മെയ് 10ന് ആരംഭിച്ചു. അതിരൂപതാ പ്രസിഡന്റ് അരുൺ റ്റോമിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി കോഴ്സ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ആമുഖപ്രസംഗം നടത്തി. ജനറൽ സെക്രട്ടറി ക്രിസ്റ്റി കെ. കുഞ്ഞുമോൻ, ഡെപ്യൂട്ടി പ്രസിഡന്റ് എലിസബത്ത് വർഗീസ്, ലാലിച്ചൻ മറ്റത്തിൽ എന്നിവർ പ്രസംഗിച്ചു. ഡോ. ബെന്നി കുര്യൻ ക്ലാസ്സെടുത്തു.

**ഫീദെസ് യുവജന കൺവെൻഷൻ**

ഫിയാത്ത് മിഷൻ ഒരാഴ്ചക്കാലം ചെത്തിപ്പുഴയിൽ സംഘടിപ്പിച്ച മിഷൻ പ്രദർശനം, ക്ലാസ്സുകൾ, മിഷൻ പ്രവർത്തനങ്ങളുടെ പരിചയപ്പെടുത്തൽ എന്നിവയോടനുബന്ധിച്ചു യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ 'ഫീദെസ്' എന്ന പേരിൽ മെയ് നാലിനു യുവജന കൺവെൻഷൻ നടത്തപ്പെട്ടു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ഫാ. മാത്യു പൊട്ടനാനി എം.എസ്.റ്റി., അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ എന്നിവർ ക്ലാസ്സുകളെടുത്തു. കൺവെൻഷന്റെ തുടക്കത്തിൽ അഭി. മെത്രാപ്പോലീത്താ പരിശുദ്ധ കുർബാനയർപ്പിച്ചു. പരിശുദ്ധ കുർബാനയുടെ ആരാധനയോടെ കൺവെൻഷൻ സമാപിച്ചു.

**പ്രാർഥന-പഠന-പരിശീലന ക്യാംപുകൾ**

യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിലുള്ള പ്രാർഥന-പഠന-പരിശീലന ക്യാംപുകൾ 2025 പ്രവർത്തനവർഷത്തിലും നടത്തപ്പെടുകയാണ്. യാമപ്രാർഥനകൾ, വിവിധ വിഷയങ്ങളുടെ പഠനം, വ്യക്തിത്വവികസനപരിപാടികൾ, നേതൃത്വപരിശീലനം, ആഘോഷമായ പരിശുദ്ധ കുർബാന, അനുരഞ്ജന ശുശ്രൂഷ, പരിശുദ്ധ കുർബാനയുടെ ആരാധന, കലാപരിപാടികൾ എന്നിവ ഈ ക്യാംപുകളുടെ ഭാഗമാണ്.

**ആലപ്പുഴ ഫൊറോനാ ക്യാംപ്**

ആലപ്പുഴ ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലന ക്യാംപ് മെയ് 9-11 തീയതികളിൽ പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് ആഷിക് ജോസഫിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ പുന്നപ്ര മാർ ഗ്രിഗോറിയോസ് പള്ളിയുടെ വികാരി ഫാ. ചെറിയാൻ കാരിക്കൊമ്പിൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. സെറിൻ സാബു, ആൻ മേരി ജോസഫ്, എബി മാത്യു, സ്നേഹ സജി എന്നിവർ പ്രസംഗിച്ചു. ഫാ. ജോസഫ് പുതുവീട്ടിൽക്കളം, ഫാ. സാവിയോ മാനാട്ട്, ഫാ. മാത്യു പള്ളിച്ചിറ, ഫാ. തോമസ് ഈറ്റയ്ക്കക്കുന്നേൽ എന്നിവർ ക്ലാസ്സുകളെടുത്തു. അതിരൂപതയുടെ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് ക്യാംപ് സന്ദർശിച്ചു

സന്ദേശം നൽകി. അതിരൂപതാ പ്രസിഡന്റ് അരുൺ റ്റോം, ജനറൽ സെക്രട്ടറി ക്രിസ്റ്റി കെ. കുഞ്ഞുമോൻ, ഡെപ്യൂട്ടി പ്രസിഡന്റ് എലിസബത്ത് വർഗീസ്, ലിന്റ ജോഷി, സ്നേഹ സജി എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

**പുളിങ്കുന്ന് ഫൊറോനാ ക്യാംപ്**

പുളിങ്കുന്ന് ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലന ക്യാംപ് മെയ് 16-18 തീയതികളിൽ പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് പോൾ എം. പി. മേരിസദനത്തിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയുടെ വികാരി ഫാ. റ്റോം പുത്തൻകളം ക്യാംപ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് അരുൺ റ്റോം, ജനറൽ സെക്രട്ടറി ക്രിസ്റ്റി കെ. കുഞ്ഞുമോൻ, റിയമോൾ പുന്നശ്ശേരി, ആന്റണി ജോസ്, ഷെറിൻ ജോർജ്, ദയ ആന്റണി എന്നിവർ പ്രസംഗിച്ചു. ഫാ. തോമസ് ഈററയ്ക്കക്കുന്നേൽ, ഫാ. സാവിയോ മാനാട്ട്, ഫാ. ജോസഫ് പുതുവീട്ടിൽക്കളം, ഫാ. മാത്യു പള്ളിച്ചിറ എന്നിവർ ക്ലാസ്സുകളെടുത്തു. ജിയ വിൽസൻ, ക്രിസ്റ്റിൻ, ലിന്റ ജോഷി എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

**ചമ്പക്കുളം ഫൊറോനാ ക്യാംപ്**

ചമ്പക്കുളം ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലന ക്യാംപ് മെയ് 16-18 തീയതികളിൽ ചമ്പക്കുളം ബിഷപ് കുര്യാളശ്ശേരി മെമ്മോറിയൽ സ്കൂളിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് ഡോ. ജസ്റ്റിൻ ജോസഫിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. വർഗീസ് പനച്ചിങ്കൽ, ജിസ്മോൾ ആറിൽച്ചിറ, നിമിഷ മേരി ചാക്കോ, റ്റിബിൻ തോമസ്, അനുമോൾ കെ. എന്നിവർ പ്രസംഗിച്ചു. ഫാ. സാവിയോ മാനാട്ട്, ഫാ. ജോസഫ് പുതുവീട്ടിൽക്കളം, ഫാ. മാത്യു പള്ളിച്ചിറ, ഫാ. തോമസ് ഈററയ്ക്കക്കുന്നേൽ എന്നിവർ ക്ലാസ്സുകളെടുത്തു. സ്നേഹ സെബാസ്റ്റ്യൻ, ലൂസി ഫിലിപ്പോസ്, റീജന്റ് ബ്രദർ സോബിൻ ചെമ്പിലകം എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

**പ്രത്യേകശ്രദ്ധയ്ക്ക്**

18 വയസിനു മുകളിലുള്ളവർ വോട്ടേഴ്സ് ലിസ്റ്റിൽ പേരുചേർക്കാനായി യൂണിറ്റുകളിൽ പ്രത്യേക ക്യാംപെയ്ൻ സംഘടിപ്പിക്കേണ്ടതാണ്. ജൂൺ 6 മുതൽ 21 വരെയാണു പേരു ചേർക്കാനുള്ള അവസരം. യൂണിറ്റ് ഭാരവാഹികൾ മുൻകൈയെടുത്തു പേരു ചേർക്കാത്തവരെ കണ്ടുപിടിച്ചു വോട്ടേഴ്സ് ലിസ്റ്റിൽ അവരുടെ പേരു ചേർക്കേണ്ടതാണ്.

**ജൂൺ മാസത്തെ പരിപാടികൾ**

| | |
|---|---|
| 05 | പരിസ്ഥിതിദിനം |
| 06 | ആന്റപ്പൻ അമ്പിയായം പ്രസംഗമത്സരം |
| 13 - 15 | തൃക്കൊടിത്താനം, ചങ്ങനാശ്ശേരി ഫൊറോനാ ക്യാംപുകൾ |

| | |
|---|---|
| 14 | വൈ.റ്റി.പി.<br>രക്തദാനദിനം |
| 22 | വി. തോമസ് മൂർ ദിനം |
| 27 - 29 | അതിരമ്പുഴ, കോട്ടയം ഫൊറോനാ ക്യാംപുകൾ |
| 30 | അഫിലിയേഷൻ അവസാനതീയതി |

**ഫാ. സാവിയോ മാനാട്ട്**
*(ജോയിന്റ് ഡയറക്ടർ)*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**അരുൺ റ്റോം**
*(പ്രസിഡന്റ്)*

## ➤➤➤ *ഫാമിലി അപ്പോസ്തലേറ്റ് തുടർച്ച...*

ഫൊറോനാഭാരവാഹികൾ യൂണിറ്റുകളിൽ അവർക്കു സാധ്യമായ രീതിയിൽ പാലിയേറ്റീവ് കെയർ ഒരുക്കാൻ പ്രോത്സാഹനം നൽകുക. രോഗീസന്ദർശനങ്ങൾ, രോഗീപരിചരണങ്ങൾ, ഒറ്റപ്പെട്ട കിടപ്പുരോഗികളുടെ വീടും പരിസരവും വൃത്തിയാക്കൽ, അവർ പരിശുദ്ധ കുർബാന സ്വീകരിക്കാനാഗ്രഹിക്കുമ്പോൾ അതിനുള്ള അവസരമൊരുക്കൽ, വർഷത്തിൽ 2 തവണയെങ്കിലും കിടപ്പുരോഗികളുൾപ്പെടെയുള്ളവർക്കു പള്ളിയിൽ വരാനും പരിശുദ്ധ കുർബാനയിലും മറ്റുശുശ്രൂഷകളിലും പങ്കെടുക്കാനുമുള്ള അവസരമൊരുക്കൽ എന്നിങ്ങനെയുള്ള ശുശ്രൂഷകളിലൂടെ നല്ലസമറായൻ ഫോറം സജീവമാക്കാം. യൂണിറ്റിലെ ശുശ്രൂഷാസന്നദ്ധരായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം പ്രയോജനപ്പെടുത്തിയുള്ള സൺഡേ ക്ലിനിക്കുകളുടെ സാധ്യതയും പരിഗണിക്കാവുന്നതാണ്.

## വിവാഹഒരുക്കസെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| ജൂൺ | 02, 03, 04 | കുന്നന്താനം<br>സീയോൻ ധ്യാനകേന്ദ്രം |
| | 16, 17, 18 | ചങ്ങനാശ്ശേരി<br>പാസ്റ്ററൽ സെന്റർ |
| | 30, ജൂലൈ 01, 02 | |
| ജൂലൈ | 14, 15, 16 | |
| | 28, 29, 30 | |

**കൂടുതൽ വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: 10am - 5pm**

# സീയോൻ ധ്യാനകേന്ദ്രം

**സീനിയർ സിറ്റിസൺസ് ഗ്രെയ്സ്ഫുൾ ധ്യാനം എല്ലാമാസവും**

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷ സന്ദേശം 'എല്ലാവർക്കും പ്രത്യാശ' എന്നതാണെന്നു നമുക്കറിയാവുന്നതാണ്. പ്രായാധിക്യത്താൽ ജീവിക്കാനുള്ള പ്രത്യാശ കുറയുന്നവരാണു വൃദ്ധജനങ്ങൾ. നമ്മുടെ പ്രിയപ്പെട്ട പ്രായമായ മാതാപിതാക്കൾക്കു പ്രത്യാശയും സമാധാനവും സന്തോഷവും പകരുന്നതാണു ഗ്രെയ്സ്ഫുൾ ധ്യാനം. ജൂൺ മുതൽ എല്ലാമാസവും ധ്യാനം ക്രമീകരിക്കുകയാണ്. ഇക്കാര്യം പള്ളികളിലറിയിക്കാനും പ്രായമായ മാതാപിതാക്കളെ ഈ ധ്യാനത്തിൽ പങ്കെടുപ്പിക്കാനും വികാരിയച്ചന്മാർ മുൻകൈയെടുക്കണം. ബുക്കിങ്ങിന്: **8086399023, 9495107045**

**അടുത്തധ്യാനങ്ങൾ:**

**ജൂൺ 08-11**

**ജൂലൈ 27-30**

ജൂബിലി വർഷത്തിൽ ഇടവകകളിൽ സീനിയർ സിറ്റിസൺ സംഗമം, രോഗീദിനാചരണം എന്നിവ നടത്താൻ വിളിക്കുക: **9495107045**

**വൈദികർക്കുള്ള ധ്യാനം**

വൈദികർക്കുള്ള വാർഷികധ്യാനസമയത്തു ധ്യാനകേന്ദ്രത്തിന്റെ താഴത്തെ നിലകളിൽ താമസസൗകര്യം ആവശ്യമായവർ അറിയിക്കേണ്ടതാണ്: **9495107045**

**ജൂൺ മാസത്തെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 2-4 | : | വിവാഹഒരുക്കസെമിനാർ |
| 6-8 | : | യുവദീപ്തി ക്യാംപ്: തൃക്കൊടിത്താനം ഫൊറോന |
| 8-11 | : | സീനിയർ സിറ്റിസൺസ് ഗ്രെയ്സ്ഫുൾ ധ്യാനം |
| 15-20<br>22-27 | : | വൈദികർക്കുള്ള ധ്യാനം |
| 27-29 | : | സൺഡേസ്കൂൾ ക്യാംപ്: ചമ്പക്കര സെന്റ് ജോസഫ് പള്ളി |

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

# ചാസ്സ്
## (CHANGANACHERRY SOCIAL SERVICE SOCIETY)

**ചാസ്സിൽനിന്നും ആശംസകൾ**

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം ഓഡിറ്റിങ് യൂണിറ്റുകളിൽ ഭംഗിയായി പൂർത്തീകരിച്ചു പ്രവർത്തനങ്ങൾ സജീവമാകുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. സമയബന്ധിതമായി നമ്മുടെ പ്രവർത്തനങ്ങളും പദ്ധതികളും യൂണിറ്റ് തലത്തിൽ ആസൂത്രണം നടത്തുകയും നടപ്പിലാക്കുകയും ചെയ്യണം.

ജൂൺ നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ളതാണ്. ജൂൺ 5 ലോകപരിസ്ഥിതിദിനമാണ്. ഇതൊരു ദിനാചരണത്തിനപ്പുറം പരിസ്ഥിതി സംരക്ഷണം നമ്മുടെ ഓരോരുത്തരുടെയും കർത്തവ്യവും ഉത്തരവാദിത്വവുമായി മാറണം. മണ്ണും ജലവും വായുവും ചേർന്ന പരിസ്ഥിതിയുടെ ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്. നമ്മുടെ പ്രവർത്തനങ്ങളിൽ പ്രകൃതി സംരക്ഷണത്തിനുള്ള പ്രാധാന്യം വലുതാണ്. മണ്ണുസംരക്ഷണവുമായി ബന്ധപ്പെട്ടു രാസവളപ്രയോഗം കുറയ്ക്കാനായി പ്രത്യേകം ശ്രദ്ധിക്കാം. അതോടൊപ്പം അടുക്കളമാലിന്യങ്ങൾ സംസ്കരിച്ചു ജൈവവളമാക്കി കൃഷിക്ക് ഉപയോഗിക്കുന്നതിലൂടെ പ്രകൃതിസംരക്ഷണവും ആരോഗ്യസുരക്ഷയും ഉറപ്പാക്കാം. ജലസംരക്ഷണത്തിന്റെ ഭാഗമായി നീർക്കുഴിനിർമാണം, മഴവെള്ള സംഭരണി, ജലസ്രോതസുകളുടെ പരിപാലനം തുടങ്ങിയവ യൂണിറ്റുകൾ വഴി നടപ്പിലാക്കണം. വായുമലിനീകരണം നിയന്ത്രിക്കുന്നതിനായി മരങ്ങളും ഫലവൃക്ഷത്തൈകളും നട്ടുപിടിപ്പിച്ചു പരിപാലിക്കുകയും നെറ്റ് സീറോ കാർബൺ ലക്ഷ്യത്തിലേക്കു സമൂഹത്തെ എത്തിക്കുന്നതിനായി സോളാർ എനർജി പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

മേല്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഈ മാസം മുതൽ യൂണിറ്റുകൾ ശ്രദ്ധിക്കുന്നത് അഭികാമ്യമാണ്. ഇതിനാവശ്യമായ വായ്പകൾ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിലൂടെ ലഭ്യമാക്കി നൽകുന്നത് ഉചിതമാണ്. പ്രകൃതിയെ സംരക്ഷിച്ചും പരിപാലിച്ചും ഈ പരിസ്ഥിതിദിനം അർഥപൂർണമാക്കി യൂണിറ്റുകളുടെ നേതൃത്വത്തിൽ പരിസ്ഥിതിദിനാചരണം സംഘടിപ്പിക്കാൻ പരിശ്രമിക്കണം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## കേന്ദ്രവാർത്തകൾ

**ഗവേണിങ് ബോർഡ് മീറ്റിങ്:** മെയ് മൂന്നിന് അതിരൂപതാ സിഞ്ചെല്ലൂസും ചാസ്സ് പ്രസിഡന്റുമായ വെരി റവ. ഫാ. മാത്യു ചങ്ങങ്കരിയുടെ അധ്യക്ഷതയിൽ ചാസ്സ് കോൺഫെറൻസ് ഹാളിൽ ചാസ്സ് ഗവേണിങ് ബോർഡ് സമ്മേളിച്ചു. സെക്രട്ടറി ഫാ. ജോർജ് പനക്കേഴം 2024–2025ലെ പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. 2025–2026 പ്രവർത്തനവർഷത്തെ പരിപാടികളുടെ അവലോകനം നടത്തി.

**ലഹരിവിരുദ്ധബോധവത്കരണം:** 'പാത്ത്‌വെയ്സ് റ്റു റിക്കവറി' പ്രോജക്റ്റിന്റെ ഭാഗമായി മെയ് അഞ്ചിന് ആർപ്പൂക്കര ലിറ്റിൽ ഫ്ളവർ പള്ളിയുടെ ഹാളിൽ സൺഡേസ്കൂൾ കുട്ടികൾക്കു ലഹരിവിരുദ്ധബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു. അക്സെപ്റ്റ് ഐ.ആർ.സി.എ. കൗൺസിലർ ജസ്റ്റിൻ റ്റോമി ക്ലാസ്സെടുത്തു. 70 കുട്ടികൾ ഇതിൽ പങ്കെടുത്തു.

**വേനൽത്തുമ്പികൾ: ജീവിതനൈപുണ്യപരിശീലനപഠനക്കളരി:** ആർപ്പൂക്കര ലിറ്റിൽ ഫ്ളവർ സൺഡേസ്കൂൾ കുട്ടികൾക്കായി പള്ളിയുടെ ഹാളിൽ മെയ് 5, 6 തീയതികളിൽ 'വേനൽത്തുമ്പികൾ' ജീവിതനൈപുണ്യപരിശീലനപഠനക്കളരി നടത്തപ്പെട്ടു. നേതൃത്വപരിശീലനം, വ്യക്തിത്വവികസനം, ആശയവിനിമയം, ഗ്രൂപ്പ് ചർച്ചകൾ, മൊബൈൽ ഫോണിന്റെ അമിത ഉപയോഗം, ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവയെക്കുറിച്ചു ചാസ്സ് പ്രോഗ്രാം ഓഫീസർ സി. ലിൻസി മാത്യു എ.എ.എസ്.സി., പ്രോജക്റ്റ് ഓഫീസർ ഡെൽന ബിൻസൺ എന്നിവർ ക്ലാസ്സുകളെടുത്തു. 72 കുട്ടികൾ ഇതിൽ പങ്കെടുത്തു.

**വാർഷിക പ്ലാനിങ് മീറ്റിങ്:** ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ 2025–2026 വർഷത്തെ പ്ലാനിങ് മീറ്റിങ് മെയ് ഏഴിനു ചാസ്സ് കോൺഫെറൻസ് ഹാളിൽ ഡയറക്ടർമാരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ചാസ്സ് യൂണിറ്റുകൾ, സ്വാശ്രയസംഘങ്ങൾ, മൈക്രോ ക്രെഡിറ്റ് പോഗ്രാം, ചാസ്സിന്റെ മറ്റുപദ്ധതികൾ എന്നിവയെ ശക്തീകരിക്കുന്നതിനെക്കുറിച്ചു സ്റ്റാഫ് ഗ്രൂപ്പ് തിരിഞ്ഞു ചർച്ച നടത്തി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടു. അസ്സി. ഡയറക്ടർമാർ മീറ്റിങ്ങിനു നേതൃത്വം നൽകി.

**മേഖലാസമ്മേളനം:** 2024–2025 വർഷത്തെ മേഖലാപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അടുത്ത ഒരുവർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമായി മേഖലാസമ്മേളനങ്ങൾ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർമാരുടെ സാന്നിധ്യത്തിൽ ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, അസ്സി. ഡയറക്ടർമാരായ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, ഫാ. ജോർജ് തൈച്ചേരിൽ എന്നിവർ മേഖലകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുകയും നൂതനപദ്ധതികൾ വിശദീകരിക്കുകയും ചെയ്തു. യൂണിറ്റ് ഭാരവാഹികൾ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ചാസ്സ് റ്റീം

അംഗങ്ങൾ, മേഖലാ കോഡിനേറ്റർമാർ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

| *തീയതി* | *മേഖല* | *യൂണിറ്റ്* |
|---|---|---|
| 25.04.2025 | അതിരമ്പുഴ | അതിരമ്പുഴ |
| 29.04.2025 | എടത്വാ | കരുവാറ്റ |
| 16.05.2025 | കുടമാളൂർ | മുടിയൂർക്കര |
| 16.05.2025 | കോട്ടയം | ചേപ്പുംപാറ |
| 17.05.2025 | കൊല്ലം | ഫിൽഗിരി |
| 17.05.2025 | അമ്പൂരി | അമ്പൂരി |

**ചാസ്സ് സ്വാശ്രയവിപണി, നഴ്സറി, സോളാർ പവർ പദ്ധതി: പ്രദർശനം-വിപണനമേള:** മെയ് 20ന് 139-ാമത് അതിരൂപതാദിനത്തോടനുബന്ധിച്ചു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ മൈതാനിയിൽ ചാസ്സ് സ്വാശ്രയവിപണിയുല്പന്നങ്ങൾ, നഴ്സറി എന്നിവയുടെ പ്രദർശനവും വിപണന മേളയും നടത്തപ്പെട്ടു. നെറ്റ് സീറോ കാർബൺ പദ്ധതിയുടെ ഭാഗമായി ചാസ്സിന്റെ സോളാർ പവർ സിസ്റ്റം, പാനലുകൾ എന്നിവയുടെ പ്രദർശനവും സംശയ നിവാരണത്തിനുള്ള അവസരവുമൊരുക്കി.

**മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം വാർഷികം:** ചാസ്സ് കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ വാർഷികം മെയ് 21നു ചാസ്സ് കോൺഫെറൻസ് ഹാളിൽ നടത്തപ്പെട്ടു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം അധ്യക്ഷതവഹിച്ചു. സെക്രട്ടറി ബിനു ജോസഫ് റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മേഖലാ കോഡിനേറ്റർ ഡി. ജോസഫ് ആശംസയർപ്പിച്ചു.

**വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാം:** ബിരുദപഠനത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽനിന്നും മെയ് ആറിന് 13 ബി.സി.എ. വിദ്യാർഥികളും മെയ് 22ന് 11 ബി. കോം വിദ്യാർഥികളും ഇന്റേൺഷിപ്പിനായി ചാസ്സിലെത്തി.

## സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 08.04.2025 | നെടുങ്കുന്നം | ലക്ഷ്യ | 10 |
| 09.04.2025 | ചേന്നങ്കരി | ഗ്ലോറിയ | 10 |
| 22.04.2025 | വെരൂർ | സെന്റ് ആന്റണീസ് | 12 |
| 22.04.2025 | വെരൂർ | ദീപം | 18 |
| 07.05.2025 | തേക്കുപാറ | തിരുഹൃദയ | 13 |
| 14.05.2025 | ചെത്തിപ്പുഴ | വരദാനം | 12 |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1. എസ്.എച്ച്.ജി. മരണാനന്തരസഹായം** (ഒരു കുടുംബത്തിന് 20,000 രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 712. ചിന്നമ്മ ചാക്കോ | ഉഷസ് | വെട്ടിമുകൾ | അതിരമ്പുഴ |
| 713. എൽസമ്മ വാഴ്‌വതിൽ | മഡോണ | മുഹമ്മ | ആലപ്പുഴ |

**2. മ്യൂചൽ ബനഫിറ്റ് സ്കീം (എം.ബി.എസ്.)** ഒരു കുടുംബത്തിന് 10,000 രൂപ വീതം 20 കുടുംബങ്ങൾക്ക് 2,00,000 രൂപ മരണാനന്തരസഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1219. അന്നമ്മ തെക്കുംതറ | വൈശ്യംഭാഗം | ചമ്പക്കുളം |
| 1220. ജെ. മാത്യു കൊല്ലാപറമ്പിൽ | ആര്യങ്കാവ് | കൊല്ലം |
| 1221. വിജയമ്മ ശിവൻ തെക്കേടം | തായങ്കരി | എടത്വാ |
| 1222. സെബാസ്റ്റ്യൻ ജോസഫ് മാടക്കാട്ട് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 1223. ത്രേസ്യാമ്മ ജോസി പള്ളിപ്പറമ്പിൽ | പഴവങ്ങാടി | ആലപ്പുഴ |
| 1224. വർക്കി ഔസേഫ് കിഴക്കേച്ചൂരപ്പുഴ | വെട്ടിമുകൾ | അതിരമ്പുഴ |
| 1225. കെ. കെ. വർക്കി ഏടാട്ട് | കിളിരൂർ | |
| 1226. കെ. എം. ജേക്കബ് കാക്കനാട്ടുപറമ്പിൽ | ഐക്കരച്ചിറ | കുടമാളൂർ |
| 1227. ആന്റണി ഏറനാട്ട് | ഐക്കരച്ചിറ | |
| 1228. തോമസ് കുര്യൻ തോപ്പിൽ | മുഹമ്മ | ആലപ്പുഴ |
| 1229. ആന്റണി ചാക്കോ പതിനാറുപറ | കൈനകരി | ആലപ്പുഴ |
| 1230. എം. ജെ. മത്തായി മണ്ണെടുപ്പാൻകുഴി | നെടുമണ്ണി | നെടുങ്കുന്നം |
| 1231. അന്നമ്മ ജോർജ് വടക്കേതുരുത്തേൽ | രാജഗിരി | അമ്പൂരി |
| 1232. ജോസി ജോസ് ഇത്തിപ്പറമ്പിൽ | തത്തംപള്ളി | ആലപ്പുഴ |
| 1233. കെ. റ്റി. ജയിംസ് കലവറ | തത്തംപള്ളി | ആലപ്പുഴ |
| 1234. പ്രേമി അലോഷ്യസ് പുരയ്ക്കൽ | പച്ച-ചെക്കിടിക്കാട് | എടത്വാ |
| 1235. അന്നമ്മ തോമസ് പുത്തൻപുരയ്ക്കൽ | പൂന്തോപ്പ് | ആലപ്പുഴ |
| 1236. പി. എഫ്. ജോസഫ് പുതുപ്പറമ്പിൽ | പൂന്തോപ്പ് | ആലപ്പുഴ |
| 1237. ലില്ലിക്കുട്ടി ചാണ്ടപ്പിള്ള ചേന്നാട്ടുശ്ശേരി | രാമങ്കരി | പുളിങ്കുന്ന് |
| 1238. ബാബു മത്തായി ഊശയിൽ | ളായിക്കാട് | ചങ്ങനാശ്ശേരി |

## മേഖലാവാർത്തകൾ

**ചാസ്സ് ഓഫീസ്-ലൈബ്രറി വെഞ്ചരിപ്പ്:** പുന്നമട സോഷ്യൽ സർവീസ് ട്രസ്റ്റിന്റെ നവീകരിച്ച ഓഫീസിന്റെ വെഞ്ചരിപ്പും ചാസ്സ് ഹെൽത്ത് ക്ലബ്ബിന്റെ ഭാഗമായ

ലൈബ്രറിയുടെ ഉദ്ഘാടനവും ഏപ്രിൽ 26നു യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് പുത്തൻപറമ്പിൽ നിർവഹിച്ചു. യൂണിറ്റ് ഭാരവാഹികളും കമ്മ്യൂണിറ്റി ഓർഗ നൈസർമാരും പരിപാടികൾക്കു നേതൃത്വം നൽകി.

**സ്വാശ്രയസംഘവാർഷികം:** കുറിച്ചി യൂണിറ്റിലെ 'ഒരുമ' പുരുഷസ്വാശ്രയസംഘ ത്തിന്റെ വാർഷികം ഏപ്രിൽ 27നു സംഘാംഗം ജോസഫ് തോമസ് മുറിയാക്ക ലിന്റെ ഭവനത്തിൽ നടത്തപ്പെട്ടു. സെക്രട്ടറി ജോർജ് തോമസ് റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ഫാ. ജോസഫ് ഇരുപ്പക്കാട്ട് ആശംസയർപ്പിച്ചു.

കുറുമ്പനാടം യൂണിറ്റിലെ 'സാന്ത്വനം' സ്വാശ്രയസംഘത്തിന്റെ വാർഷികം മെയ് എട്ടിനു സംഘാംഗം അമ്മിണി സുകുമാരന്റെ ഭവനത്തിൽ നടത്തപ്പെട്ടു. മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ ആശംസയർപ്പിച്ചു. സെക്രട്ടറി ത്രേസ്യാമ്മ ചാക്കോ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**സൗജന്യ മെഡിക്കൽ ക്യാംപ്:** മണിമല ഹോളി മേജൈ ഫൊറോന ചാസ്സ് യൂണിറ്റ്, യുവദീപ്തി–എസ്.എം.വൈ.എം. എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലുമായി സഹകരിച്ചു മെയ് നാലിനു പള്ളിയുടെ ഹാളിൽ സൗജന്യ മെഡിക്കൽ ക്യാംപ് നടത്തപ്പെട്ടു.

**ഫൂഡ് ഫെസ്റ്റ്:** പൊടിപ്പാറ യൂണിറ്റിന്റെ നേതൃത്വത്തിൽ ജീവകാരുണ്യപ്രവർത്തന ങ്ങളുടെ ഭാഗമായി പൊടിപ്പാറ ഹോളി ഫാമിലി പള്ളിയങ്കണത്തിൽ മെയ് 11നു ഫൂഡ് ഫെസ്റ്റ് നടത്തപ്പെട്ടു.

**സ്വാശ്രയസംഘവാർഷികം–കുടുംബസംഗമം:** കിളിരൂർ യൂണിറ്റിലെ 'തനിമ' സ്വാശ്രയസംഘത്തിന്റെ വാർഷികവും കുടുംബസംഗമവും മെയ് 11നു സംഘാംഗം റോയി എംബ്രോച്ചിറയുടെ ഭവനത്തിൽ നടത്തപ്പെട്ടു. പ്രസിഡന്റ് ചാക്കോ താമര വേലിയുടെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് ചേക്കോന്തയിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് സെക്രട്ടറി ജിജോ ആശംസ യർപ്പിച്ചു. സെക്രട്ടറി ജിജി പാകത്തുശ്ശേരി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

### സ്റ്റേറ്റ് ലെവൽ കോഡിനേറ്റിങ് ഏജൻസി കേരള

**ലഹരിവിരുദ്ധബോധവത്കരണം:** വാഴൂർ ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഡിവലപ്മെന്റ് സൊസൈറ്റി, ഏരിയ ഡിവലപ്മെന്റ് സൊസൈറ്റി എന്നിവയിലെ അംഗങ്ങൾക്കായി മെയ് 15നു പുളിക്കൽകവല വൈ.എം.സി.എ. സെമിനാർ ഹാളിൽ ലഹരിവിരുദ്ധബോധവത്കരണം നടത്തപ്പെട്ടു. വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തോമസ് വെട്ടുവേലിൽ അധ്യക്ഷതവഹിച്ചു. അക്സെപ്റ്റ് ഐ.ആർ. സി.എ. പ്രോജക്റ്റ് കോഡിനേറ്റർ നിധിൻ ചന്ദ്ര ക്ലാസ്സെടുത്തു. 150 അംഗങ്ങൾ ഇതിൽ പങ്കെടുത്തു.

# ചാസ്സ്-ഖാദി ഗ്രാമവ്യവസായമേഖല

**തയ്യൽപരിശീലനം**

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയുടെ ആഭിമുഖ്യത്തിൽ കൂത്രപ്പള്ളി ഫാ. ജോർജ് പനക്കേഴം മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മെയ് 12ന് ആരംഭിച്ച ത്രൈമാസതയ്യൽപരിശീലനം ഓഗസ്റ്റ് 11നു സമാപിക്കുന്നതാണ്. 15 സ്ത്രീകൾ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്.

**ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് കോഴ്സ്**

മെയ് 12നു കാഞ്ഞിരപ്പള്ളി ആശ്വാസ് വോക്കേഷണൽ ട്രെയിനിങ് സെന്ററിലാരംഭിച്ച ഒരുമാസത്തെ ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് കോഴ്സ് ജൂൺ 11ന് അവസാനിക്കുന്നതാണ്. 23 പേർ കോഴ്സിൽ പങ്കെടുക്കുന്നുണ്ട്.

**2025 ജൂൺ മാസത്തിലാരംഭിക്കുന്ന സ്റ്റൈപ്പെന്ററി/ ഫീ ബേസിസ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു (9961274993, 9447160207, 7907144684)**

<table>
<tr><th>കോഴ്സുകൾ</th><th>തുടങ്ങുന്ന തീയതി</th><th>കാലാവധി</th><th>ഫീസ്</th><th>പ്രതിമാസ സ്റ്റൈപ്പെന്റ്</th><th>സ്ഥലം</th><th>സീറ്റ് എണ്ണം</th></tr>
<tr><td>സെമി ഓട്ടോമാറ്റിക് ലൂം കോഴ്സ്</td><td>02.06.2025</td><td rowspan="2">6 മാസം</td><td>-</td><td>3000</td><td>കെ.ജി.വി, മല്ലപ്പള്ളി</td><td>10</td></tr>
<tr><td>കാർപ്പെന്ററി</td><td>02.06.2025</td><td>-</td><td rowspan="2">1500</td><td>ചാസ്സ് ഫർണിച്ചർ, മാമ്മൂട്</td><td>20</td></tr>
<tr><td>ബീ- കീപ്പിങ് സർട്ടിഫിക്കറ്റ് കോഴ്സ്</td><td>16.06.2025</td><td>ഒരു മാസം</td><td>-</td><td rowspan="2">കെ.ജി.വി., മല്ലപ്പള്ളി</td><td rowspan="2">20</td></tr>
<tr><td>ബ്യൂട്ടീഷൻ കോഴ്സ്</td><td>02.06.2025</td><td>2 മാസം</td><td>4500</td><td>-</td></tr>
</table>

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
*(ഡയറക്ടർ, ചാസ്സ്-ഖാദി;*
*പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി)*
*7994111005*

**ഫാ. ജോർജ് പനക്കേഴം**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*
*9496807124*

**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*
*9633521483*

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

കളർ എ ഹോം ഭവനനിർമാണപദ്ധതിയിൽ **2024 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2025 ഏപ്രിൽ 22 മുതൽ മെയ് 22 വരെ** അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 172. | നെടുമണ്ണി | 132881 | 53152 |
| 173. | ഫാത്തിമാപുരം | 145090 | 58036 |
| 174. | ചെങ്ങന്നൂർ | 81640 | 32656 |
| 175. | മുട്ടാർ ഓൾഡ് | 103200 | 41281 |
| 176. | വട്ടിയൂർക്കാവ് | 126650 | 50660 |
| 177. | അമ്പലപ്പുഴ | 15963 | 6385 |
| 178. | ഇരവിനല്ലൂർ | 6900 | 2760 |
| 179. | കൂരോപ്പട | 109651 | 43860 |
| 180. | വാഴപ്പള്ളി വെസ്റ്റ് | 20330 | 8130 |
| 181. | ഇത്തിത്താനം | 443091 | 177236 |
| 182. | ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ | 290470 | 119787 |
| 183. | വടക്കേക്കര | 194000 | 77600 |
| 184. | യൂദാപുരം | 23550 | 9420 |
| 185. | പേരൂർക്കട | 171100 | 68440 |
| 186. | ഈര | 12545 | 5000 |
| 187. | തേക്കുപാറ | 9950 | 9950 |
| 188. | പുന്നപ്ര | 76880 | 30753 |
| 189. | കാവാലം സെന്റ് തെരേസാസ് | 203260 | 81304 |
| 190. | ചുങ്കപ്പാറ | 74050 | 29620 |

*(തുടരും...)*

***ശേഷം പേജ് 57ൽ ➤➤➤***

STH SAH

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### അന്താരാഷ്ട്ര നഴ്സസ് ദിനാഘോഷം

അന്താരാഷ്ട്ര നഴ്സസ് ദിനത്തോടനുബന്ധിച്ച് ആശുപത്രിയും ചെത്തിപ്പുഴ സെന്റ് തോമസ് കോളേജ് ഓഫ് നഴ്സിങ്ങും സംയുക്തമായി ഒരാഴ്ചത്തെ ആഘോഷപരിപാടികൾ സംഘടിപ്പിച്ചു. മെയ് 17നു സിനിമാതാരം അൻസിബ ഹസൻ ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുത്തു. ആതുരസേവന മേഖലയിലെ കരുണയെ പ്രതിനിധീകരിക്കുന്ന നഴ്സുമാരുടെ അർപ്പണബോധ ത്തിനും സേവനമനോഭാവത്തിനും ആദരമായി നടത്തപ്പെട്ട ഈ ആഘോഷ ങ്ങളിൽ ഫൂഡ് ഫെസ്റ്റിവൽ, ഫാഷൻ ഷോ, കരകൗശലവസ്തുക്കളുടെ പ്രദർശനം, വെൽനെസ് ആക്ടിവിറ്റികൾ, കലാകായികമത്സരങ്ങൾ, സാംസ്കാരികപരിപാടി കൾ എന്നിവയുണ്ടായിരുന്നു.

### അന്താരാഷ്ട്ര ലാബ് വാരാചരണം

അന്താരാഷ്ട്ര ലാബ് വാരാചരണത്തിന്റെ ഭാഗമായി ഏപ്രിൽ 23ന് ആശു പത്രിയും ചെത്തിപ്പുഴ സെന്റ് തോമസ് കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസും ചേർന്നുള്ള പരിപാടികൾ നടത്തപ്പെട്ടു. കോട്ടയം ജില്ലാ കളക്ടർ ജോൺ വി. സാമുവൽ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

ലബോറട്ടറി മേഖലയിലെ പുതിയശാസ്ത്രീയമുന്നേറ്റങ്ങളെക്കുറിച്ചും ഭാവിയിലെ സാധ്യതകളെക്കുറിച്ചും വിദ്യാർഥികൾക്കും ലബോറട്ടറി റ്റെക്നി ഷൻസിനുമായി സംഘടിപ്പിച്ച സയന്റിഫിക് കോൺഫെറൻസിൽ കോളേജു കൾ, ലബോറട്ടറി മേഖല എന്നിവയിൽനിന്നും 300 പേർ പങ്കെടുത്തു. ലാബ് വാരാചരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി 1510 രൂപയുടെ പ്രത്യേക ഹെൽത്ത് ചെക്കപ്പ് പാക്കേജ് 1100 രൂപയ്ക്ക് ഒരുക്കിയിരുന്നു. ജനങ്ങൾക്കായി വിവിധയിടങ്ങളിൽ ബോധവത്കരണ-കലാകായികസാംസ്കാരികപരിപാടി കൾ, സൗജന്യ ഷുഗർ പരിശോധന എന്നിവയും നടത്തപ്പെട്ടു.

### സൗജന്യ മെഗാ മെഡിക്കൽ ക്യാംപ്

മണിമല ഹോളി മേജൈ ഫൊറോനാപ്പള്ളിയിലെ ചാസ്സ് യൂണിറ്റിന്റെയും യുവദീപ്തി-എസ്.എം.വൈ.എം.ന്റെയും സംയുക്താഭിമുഖ്യത്തിൽ മെയ് നാലിനു മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിന്റെ സഹകരണത്തോടെ സൗജന്യ മെഗാ മെഡിക്കൽ ക്യാംപ് നടത്തപ്പെട്ടു. ഫൊറോനാപ്പള്ളി വികാരി ഫാ. മാത്യു താന്നിയത്തിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ മണിമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിറിൽ തോമസ് ക്യാംപ് ഉദ്ഘാടനം ചെയ്തു. അസ്സോ. ഡയറക്ടർ ഫാ. മാർട്ടിൻ മുപ്പതിൽചിറ, അസ്സി. വികാരി ഫാ. വർഗീസ് ചിറയിൽ, എൽ. ജെ. മാത്യു, ബിന്റോ തോമസ് എന്നിവർ പ്രസംഗിച്ചു.

**സൗജന്യ പൾമൊണറി ഫങ്ഷൻ ടെസ്റ്റ്**

ലോക ആസ്മാദിനത്തിന്റെ ഭാഗമായി മെയ് ആറിനു സൗജന്യ പൾമൊണറി ഫങ്ഷൻ ടെസ്റ്റ് ക്യാംപ് നടത്തപ്പെട്ടു.

**ചുമതലയേറ്റു**

കൺസൾട്ടന്റ് ന്യൂറോളജിസ്റ്റായി ഡോ. റ്റിനോ ബേബി ചുമതലയേറ്റു.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

**സൗജന്യ ജനറൽ താക്കോൽദ്വാര ശസ്ത്രക്രിയാ ക്യാംപ്**

കൺസൾട്ടന്റ് ജനറൽ ആൻഡ് ലാപ്പറോസ്കോപിക് സർജറി വിഭാഗത്തിലെ ഡോ. മുഹമ്മദ് ഇർഫാന്റെ നേതൃത്വത്തിൽ മെയ് 5 മുതൽ 10 വരെയുള്ള തീയതികളിൽ സൗജന്യ ജനറൽ താക്കോൽദ്വാര ശസ്ത്രക്രിയാ ക്യാംപ് നടത്തപ്പെട്ടു. ക്യാംപിൽ പങ്കെടുത്ത രോഗികൾക്കു ഫ്രീ കൺസൾട്ടേഷനും ലാബ് പരിശോധനയിൽ 20% ഇളവും സർജറി ആവശ്യമായവർക്കു ശസ്ത്രക്രിയയിൽ 10% മുതൽ 25% വരെ ഇളവും ക്യാംപിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന രോഗികൾക്കു ഡിസ്കൗണ്ട് നിരക്കിൽ അപ്പെൻഡിക്സ്, പിത്താശയക്കല്ല്, ഹേർണിയ, തൈറോയ്ഡ്-സ്തനരോഗങ്ങൾ, വെരിക്കോസ് വെയ്ൻ, പൈൽസ്, ഫിഷർ, ഫിസ്റ്റുല എന്നിവയ്ക്കുള്ള ശസ്ത്രക്രിയകളും ക്രമീകരിച്ചു.

**നഴ്സസ് ഡേ വാരാചരണം**

മെയ് 12–18 തീയതികളിൽ നഴ്സസ് ഡേ വാരാചരണം നടത്തപ്പെട്ടു. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ പാതകയുയർത്തി ആഘോഷങ്ങൾക്കു തുടക്കം കുറിച്ചു. അസ്സി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ ആശംസയറിയിച്ചു. ഹോസ്പിറ്റൽ ഡയറക്ടർമാർ, മേട്രൺ, ഡിപ്പാർട്ടുമെന്റ് ഇൻ ചാർജുമാർ എന്നിവരുടെ സാന്നിധ്യത്തിൽ നഴ്സുമാർ പ്രതിജ്ഞ ചെയ്തു. പൊതുജനങ്ങൾക്കായി ബോധവത്കരണ ക്ലാസ്സ്, നഴ്സുമാർക്കായി മത്സരങ്ങൾ എന്നിവ ഇതിന്റെ ഭാഗമായിരുന്നു.

**മോട്ടിവേഷൻ ക്ലാസ്സ്**

നഴ്സസ് വാരാചരണത്തിന്റെ ഭാഗമായി മെയ് 4, 11 തീയതികളിൽ *നഴ്സുമാരുടെ സ്ട്രെസ്സ് എങ്ങനെ തടയാം* എന്ന വിഷയത്തെ ആസ്പദമാക്കി വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ഷിജി ജോൺസന്റെ നേതൃത്വത്തിൽ ചാത്തനാട് സെന്റ് അൽഫോൻസാ പള്ളിയുടെ ഹാളിൽ ബോധവത്കരണ മോട്ടിവേഷണൽ ക്ലാസ്സ് നടത്തപ്പെട്ടു. ഡിപ്പാർട്ടുമെന്റുകളിലെ സ്റ്റാഫ് ഇതിൽ പങ്കെടുത്തു.

**മാതൃദിനാഘോഷം**

അന്താരാഷ്ട്ര മാതൃദിനത്തോടനുബന്ധിച്ചു മെയ് 11ന് ആശുപത്രിയുടെ ഒഫീഷൽ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് പേജുകളിൽ മാതൃദിന ഡാൻസ് റീൽസ് കോണ്ടെസ്റ്റ് നടത്തപ്പെട്ടു. ജനവിധിപ്രകാരം ഏറ്റവും കൂടുതൽ ലൈക്ക് കരസ്ഥമാക്കിയ മൂന്നുപേരെ വിജയികളായി തെരഞ്ഞെടുത്തു. സ്റ്റാഫിനായി 'അമ്മയ്ക്കൊരു കത്ത്' എന്ന പരിപാടിയും ഇതിന്റെ ഭാഗമായിരുന്നു. അഡ്മിറ്റായിരുന്ന മാതാക്കളെ പൊന്നാടയും പൂവും നൽകി എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ആദരിച്ചു.

**സൗജന്യ ഓർത്തോസർജറി ക്യാംപ്**

ഏപ്രിൽ 15ന് അസ്ഥിരോഗവിഭാഗത്തിലെ ഡോ. മുഹമ്മദ് അഷ്റഫ്, ഡോ. ആസാദ് സേട്ട്, ഡോ. പി ശിവസുബ്രഹ്മണ്യൻ, ഡോ. ജയചന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ സൗജന്യ ഓർത്തോസർജറി ക്യാംപ് നടത്തപ്പെട്ടു. ബുക്ക് ചെയ്തവർക്ക് എക്സ്റേയിൽ 25% ഇളവും ക്യാംപിൽ പങ്കെടുത്ത സർജറിയാവശ്യമായവർക്ക് 10% മുതൽ 30% വരെ ഇളവോടുകൂടി ശസ്ത്രക്രിയയും അർഹരായ 5 പേർക്കു സൗജന്യ മുട്ട് മാറ്റിവെക്കൽ ശസ്ത്രക്രിയകളും ക്രമീകരിച്ചു.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

❍

➤➤➤ *ജീവകാരുണ്യനിധി ട്രസ്റ്റ് തുടർച്ച...*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്ക് **2025 മാർച്ച് 22 മുതൽ മെയ് 22 വരെ** ഇടവക/സംഘടനകളിൽനിന്നും ലഭിച്ച സംഭാവന

| | ഇടവക / സംഘടന | തുക |
|---|---|---|
| 1. | സെന്റ് ഗ്രിഗോറിയോസ് മണ്ണാർകുന്ന് | 200000 |
| 2. | സെന്റ് ജോസഫ്സ് രാമങ്കരി | 100000 |
| 3. | സെന്റ് ജോസഫ്സ് ളായിക്കാട് | 44000 |
| 4. | സെന്റ് മേരീസ് ഫൊറോന പുളിങ്കുന്ന് | 30000 |
| 5. | ലൂർദ് മാതാ പുതുശ്ശേരി-കല്ലൂപ്പാറ | 15600 |

❍

# പ്രവാസി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹമുള്ള പ്രവാസിസഹോദരങ്ങളേ,

ആഗോളകത്തോലിക്കാതിരുസഭയുടെ തലവനായി തെരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ പിതാവു ലെയോ പതിനാലാമൻ മാർപാപ്പായ്ക്കു പ്രാർഥനാശംസകൾ നേരുന്നു.

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തോടനുബന്ധിച്ച് 31 രാജ്യങ്ങൾ പ്രത്യേകമായ നിയോഗങ്ങൾ സമർപ്പിച്ചു മെയ് അഖണ്ഡ ജപമാലമാസമായി ആചരിച്ചു.

മെയ് 20നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ നടത്തപ്പെട്ട 139-ാമത് അതിരൂപതാദിനത്തിൽ കഴിഞ്ഞനാളുകളിലെ പ്രവർത്തനങ്ങൾക്ക് ഒമാൻ ചാപ്റ്ററിനു നൽകിയ 'ബെസ്റ്റ് ചാപ്റ്റർ' പുരസ്കാരം ഡയറക്ടർ അച്ചനും ഒമാൻ-അതിരൂപതാ എക്സിക്യുട്ടിവംഗങ്ങളും ചേർന്ന് ഏറ്റുവാങ്ങി.

പ്രവാസി അപ്പോസ്തലേറ്റിന്റെ 10-ാം വാർഷികത്തോടനുബന്ധിച്ചുള്ള മൊബിലൈസേഷൻ കമ്മിറ്റിയുടെ സമ്മേളനം മെയ് 16-17 തീയതികളിലും സ്റ്റിയറിങ് കമ്മിറ്റിയുടെ സമ്മേളനം മെയ് 23നും നടത്തപ്പെട്ടു.

കഴിഞ്ഞ 6 വർഷമായി കുവൈറ്റിൽനിന്നും നാട്ടിൽ വരാൻ കഴിയാതെ കേസുകളിൽ കുടുങ്ങി കുവൈറ്റ് ജയിലിലായിരുന്ന പുളിങ്കുന്ന് ഇടവകാംഗത്തെയും കുവൈറ്റിൽ വിസയുടെ പ്രശ്നം കാരണം അറസ്റ്റ് ചെയ്യപ്പെട്ട വടക്കേക്കര ഇടവക അംഗത്തെയും നാട്ടിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ കുവൈറ്റ് ചാപ്റ്ററിനെയും യു.എ.ഇ.ലായിരിക്കുന്ന തൃക്കൊടിത്താനം ഇടവകാംഗത്തെ കേസിൽനിന്നു മോചിപ്പിക്കാനാവശ്യമായ സാമ്പത്തികസഹായം നൽകിയ യു.എ.ഇ. ചാപ്റ്ററിനെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

**NB: ഓഫീസ് സമയം- രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ- 9207470117/ 8089920614 (NORKA HELP DESK)**

# കത്തോലിക്കാകോൺഗ്രസ് (AKCC)

## 'വിശാലമായ കാഴ്ചപ്പാടു സമുദായവളർച്ചയ്ക്ക് അനിവാര്യം': മാർ പെരുന്തോട്ടം

വ്യക്തിജീവിതത്തിലും തൊഴിൽമേഖലകളിലും കാഴ്ചപ്പാടുകൾ മാറ്റി വിശാലമായ കാഴ്ചപ്പാടുള്ളവരായി സമുദായാഗംങ്ങൾ മാറണമെന്നും ഏതു ജോലിയും ചെയ്യാനുള്ള ആഗ്രഹവും മനസും പുതുതലമുറയ്ക്കുണ്ടാകണമെന്നും കേവലം സമ്പത്തിന്റെ മേന്മ മാത്രമായി ജോലിയുടെ മാനദണ്ഡത്തെ കാണരുതെന്നും ജോലികളെല്ലാം മഹത്തരമാണെന്നു തിരിച്ചറിഞ്ഞു സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനശൈലി രൂപപ്പെടുത്തിയെടുക്കേണ്ടത് അനിവാര്യമാണെന്നും അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം പ്രസ്താവിച്ചു. മെയ് നാലിനു മാന്നാനം കുര്യാക്കോസ് ഏലിയാസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നടത്തപ്പെട്ട അതിരൂപതാ കത്തോലിക്കാകോൺഗ്രസിന്റെ 107-ാമതു ജന്മദിനസമ്മേളനം, വടക്കൻമേഖലാസമുദായസംഗമം എന്നിവ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദേഹം.

പ്രതിസന്ധികളിൽ തളരാതെ വിശാലമായ പഠനത്തിലൂടെയും ചർച്ചകളിലൂടെയും അഭിപ്രായങ്ങൾ രൂപപ്പെടുത്തിയെടുത്തു പൊതുസമൂഹത്തിന്റെ നന്മയ്ക്കായി അവ വിനിയോഗിക്കാൻ സാധിക്കണമെന്നു ചടങ്ങിൽ ആമുഖ പ്രഭാഷണം നടത്തിയ അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് അഭിപ്രായപ്പെട്ടു.

അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. ഗ്ലോബൽ പ്രസിഡന്റ് പ്രൊഫ. രാജീവ് ജോസഫ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണവും സ്കൂൾ പ്രിൻസിപ്പൽ ഫാ. ജയിംസ് മുല്ലശ്ശേരി സി.എം.ഐ. സന്ദേശവും കുടമാളൂർ ഫൊറോനാ ഡയറക്ടർ ഫാ. തോമസ് കായംകുളത്തുശ്ശേരി ഫ്രാൻസിസ് മാർപാപ്പ അനുസ്മരണവും നടത്തി. ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, ട്രെഷറർ ജോസ് ജോൺ വെങ്ങാന്തറ, ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ, ഭാരവാഹികളായ കുഞ്ഞ് കളപ്പുര, ജോസ് പാറയ്ക്കൽ, ഷൈനമ്മ ജയിംസ്, സെബാസ്റ്റ്യൻ പുല്ലാട്ടുകാല, ജോയി പാറപ്പുറം, സൈബു കെ. മാണി എന്നിവർ പ്രസംഗിച്ചു.

മാന്നാനം സി.എം.ഐ. ആശ്രമത്തിന്റെ പ്രിയോർ ഫാ. കുര്യൻ ചാലങ്ങാടി സി.എം.ഐ. സന്ദേശം നൽകി. നിധീരിക്കൽ മാണിക്കത്തനാർ സ്മാരകസമ്മേളന നഗറിൽ കൺവീനർ കുഞ്ഞ് കളപ്പുര പതാകയുയർത്തി. ഫ്രാൻസിസ് മാർപാപ്പ, വി. ചാവറയച്ചൻ, നിധീരിക്കൽ മാണിക്കത്തനാർ എന്നിവരുടെ ഛായാചിത്രങ്ങളിൽ പുഷ്പാർച്ചന നടത്തിയ ശേഷമാണു സമ്മേളനമാരംഭിച്ചത്. ഗ്ലോബൽ സമിതിയുടെ ആഹ്വാനമനുസരിച്ചു യൂണിറ്റുകളിൽ പതാക ഉയർത്തി.

ഗ്ലോബൽ സെക്രട്ടറി ഡോ. ജേക്കബ് നിക്കോളാസ്, അതിരൂപതാ വൈസ് പ്രസിഡന്റുമാരായ ജോർജുകുട്ടി മുക്കത്ത്, റോസിലിൻ കെ. കുരുവിള, ഭാരവാഹികളായ ജിനോ ജോസഫ് കളത്തിൽ, ചാക്കപ്പൻ ആന്റണി, ജോബി ചൂരക്കുളം, സെബാസ്റ്റ്യൻ വർഗീസ്, പി. സി. കുഞ്ഞപ്പൻ, ജെസി ആന്റണി,

ലിസി ജോസ്, മനു ജെ. വരാപ്പള്ളി, ജോർജ് വർക്കി, സിനി പ്രിൻസ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**നേതൃസമ്മേളനം**

കത്തോലിക്കാകോൺഗ്രസിന്റെ അതിരൂപതാഭാരവാഹികൾ, കൗൺസിൽ കോഡിനേറ്റർമാർ എന്നിവരുൾപ്പെടുന്ന നേതൃസമ്മേളനം മെയ് ഏഴിന് അതിരൂപതാകേന്ദ്രത്തിലെ സന്ദേശനിലയത്തിന്റെ ഹാളിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിലിന്റെ അധ്യക്ഷതയിലുള്ള സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, ട്രെഷറർ ജോസ് ജോൺ വെങ്ങാന്തറ എന്നിവർ പ്രസംഗിച്ചു. തുടർന്നുള്ള കർമപദ്ധതികൾക്കു നേതൃസമ്മേളനം അന്തിമരൂപം നൽകി.

**എക്സലെൻഷ്യ സീസൺ 3**

മെയ് 18നു നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോന, ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക, പാറേൽ സെന്റ് മേരീസ്, മുടിയൂർക്കര ഹോളി ഫാമിലി എന്നിവിടങ്ങളിലായി മാർ ജോസഫ് പവ്വത്തിൽ സ്മാരക ഹെറിറ്റേജ് ക്വിസിന്റെ മേഖലാതലമത്സരങ്ങൾ നടത്തപ്പെട്ടു. ഫാ. വർഗീസ് കൈതപ്പറമ്പിൽ, ഫാ. ജേക്കബ് വാരിക്കാട്ട്, ഫാ. ജയിംസ് പാലയ്ക്കൽ, ഫാ. തോമസ് കായംകുളത്തുശ്ശേരി എന്നിവർ മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു.

**അതിരൂപതാ എക്സിക്യുട്ടിവ് കമ്മിറ്റി**

കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ 2024-2027 വർഷത്തെ അതിരൂപതാ എക്സിക്യുട്ടിവ് കമ്മിറ്റിയംഗങ്ങളുടെ സമ്മേളനം ഏപ്രിൽ 30ന് ഓൺലൈനായി നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ആമുഖപ്രസംഗം നടത്തി. ഫൊറോനാ പ്രസിഡന്റുമാർ കൗൺസിലുകളുടെ കോഡിനേറ്റർമാർ എന്നിവർ ഇതിൽ പങ്കെടുത്തു.

**കത്തോലിക്കാകോൺഗ്രസ് അന്തർദേശീയസമ്മേളനം**

കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിലുള്ള അന്തർദേശീയസമ്മേളനത്തോടനുബന്ധിച്ചു മെയ് 17നു പാലക്കാട് സെന്റ് റാഫേൽ കത്തീഡ്രലിൽ നടത്തപ്പെട്ട വർക്കിങ് കമ്മിറ്റി, മെയ് 18നു പാലക്കാട് യുവക്ഷേത്രയിൽ നടത്തപ്പെട്ട പ്രതിനിധിസമ്മേളനം എന്നിവയിൽ അതിരൂപതാ ഭാരവാഹികളും റാലിയിൽ യൂണിറ്റുകളിലെ പ്രവർത്തകരും പങ്കെടുത്തു.

**അതിരൂപതയുടെ പരിപാടികൾക്കൊപ്പം**

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയാഘോഷ കമ്മിറ്റി (ഏപ്രിൽ 24), ഫ്രാൻസിസ് മാർപാപ്പ അനുസ്മരണത്തോടനുബന്ധിച്ചുള്ള പരിശുദ്ധ കുർബാന-സമ്മേളനം (ഏപ്രിൽ 25), 139-ാമത് അതിരൂപതാദിനാ

ഘോഷം (മെയ് 20) എന്നിവയിൽ കത്തോലിക്കാകോൺഗ്രസ് ഭാരവാഹികൾ പങ്കെടുത്തു.

**എക്സലെൻഷ്യ സീസൺ 3 മാർ ജോസഫ് പവ്വത്തിൽ സ്മാരക ഹെറിറ്റേജ് ക്വിസ്**

കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിലുള്ള എക്സലെൻഷ്യ സീസൺ 3 മാർ ജോസഫ് പവ്വത്തിൽ സ്മാരക ഹെറിറ്റേജ് ക്വിസിന്റെ ഫൈനൽ മെയ് 25നു വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ടു. ആദ്യ 3 സ്ഥാനക്കാർക്കു ക്യാഷ് അവാർഡുകളും (15000, 10000, 5000) ട്രോഫിയും സർട്ടിഫിക്കറ്റുകളും തുടർന്നുള്ള 5 സ്ഥാനക്കാർക്കു ക്യാഷ് അവാർഡുകളും (2000) സർട്ടിഫിക്കറ്റുകളും ലഭിക്കുന്നതാണ്. മേഖല-ഫൈനൽ മത്സരങ്ങളിലെ വിജയികൾക്കു ജൂൺ ഒന്നിനു ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ ആർച്ചുബിഷപ് കാവുകാട്ട് ഹാളിൽ നടത്തപ്പെടുന്ന മെറിറ്റ് അവാർഡ് ദാനച്ചടങ്ങിൽ ഈ സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.

അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ, ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്, ജനറൽ കൺവീനർ ഷിജി ജോൺസൺ, കൺവീനർ സേവ്യർ തോമസ് കൊണ്ടോടി, കമ്മിറ്റിയംഗങ്ങളായ ജോസ് ജോൺ വെങ്ങാന്തറ, ജിനോ ജോസഫ്, ചാക്കപ്പൻ ആന്റണി, റോസിലിൻ കുരുവിള, തോമസ് ഫ്രാൻസിസ്, ജോജൻ സെബാസ്റ്റ്യൻ, ബേബിച്ചൻ മുകളേൽ, ജോസുകുട്ടി കുട്ടംപേരൂർ, കുഞ്ഞ് കളപ്പുര എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**കാത്തലിക് കോൺഗ്രസ് ആർച്ച്എപ്പാർക്കി ഓഫ് ചങ്ങനാശ്ശേരി എക്സലെൻഷ്യ മെറിറ്റ് അവാർഡ് '25**

2024-2025 അധ്യയനവർഷത്തിൽ എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ [എസ്.എസ്.എൽ.സി. പരീക്ഷയിൽ (കേരളാ സിലബസ്) ഫുൾ A+ നേടിയവർ, സി.ബി.എസ്.ഇ.-ഐ.സി.എസ്.ഇ. വിഭാഗങ്ങളിൽ മുഴുവൻ വിഷയങ്ങൾക്കും 90 ശതമാനത്തിലധികം മാർക്കുള്ളവർ] ഉന്നതവിജയം നേടിയ അതിരൂപതാംഗങ്ങളായ വിദ്യാർഥികളെ കത്തോലിക്കാകോൺഗ്രസ് ആദരിക്കുന്ന കാത്തലിക് കോൺഗ്രസ് ആർച്ച്എപ്പാർക്കി ഓഫ് ചങ്ങനാശ്ശേരി എക്സലെൻഷ്യ മെറിറ്റ് അവാർഡ് '25 **ജൂൺ ഒന്നിനു** ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ ആർച്ചുബിഷപ് കാവുകാട്ട് ഹാളിൽ നടത്തപ്പെടുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

# കേരള ലേബർ മൂവുമെന്റ് (KLM)

**മെയ്ദിന റാലി-തൊഴിലാളിമഹാസംഗമം**

തൊഴിൽ രൂപം കൊള്ളുന്നതിൽ സർക്കാരിന്റെ നയങ്ങൾക്കു നിർണായക പങ്കുണ്ടെന്ന് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ പ്രസ്താവിച്ചു. മെയ്ദിനത്തോടനുബന്ധിച്ചു ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ ആർച്ചുബിഷപ് കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട തൊഴിലാളിമഹാസംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദേഹം. നിലവിൽ കേരളത്തിലെ യുവജനങ്ങൾക്കു മാന്യമായ വേതനം കൈപ്പറ്റാൻ മറ്റു സംസ്ഥാനങ്ങളിലേക്കു പോകേണ്ട സ്ഥിതിയാണെന്നും നല്ലസംരംഭകത്വം ഈ നാട്ടിൽ രൂപപ്പെടാതെ ഇതിനു മാറ്റം വരുകയില്ലെന്നും അഭി. മെത്രാപ്പോലീത്താ കൂട്ടിച്ചേർത്തു.

സംഗമത്തിൽ അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് അധ്യക്ഷതവഹിച്ചു. അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണവും മൂവാറ്റുപുഴ ലുവെല്ല വെഞ്ചേഴ്സ് എം. ഡി. ജോയിസ് മേരിആന്റണി മുഖ്യപ്രഭാഷണവും നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറിമാരായ ഷാജി കോര, ലാലി ബോബൻ, ജോമോൻ ഇരുപ്പക്കാട്ട് എന്നിവർ പ്രസംഗിച്ചു.

**കെ. എൽ. എം. ലേബർ അവാർഡ്**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| സെബാസ്റ്റ്യൻ ജോസഫ് | നാലുകോടി | നിർമാണം |
| മനോജ് ജോസഫ് | കൂരോപ്പട | നവീനസംരംഭകത്വം |

**മികച്ച റാലി**

| സ്ഥാനം | യൂണിറ്റ് |
|---|---|
| ഒന്ന് | നാലുകോടി |
| രണ്ട് | പാറമ്പുഴ |

| മികച്ച എസ്. എച്ച്. ജി. | മികച്ച യൂണിറ്റ് |
|---|---|
| സെന്റ് ആന്റണീസ് അതിരമ്പുഴ | നാലുകോടി |

| കെ. എൽ. എം. വിങ്സ്– സംരംഭകത്വപ്രോത്സാഹനപദ്ധതിയുടെ ഭാഗമായുള്ള പലിശരഹിതവായ്പയ്ക്ക് അർഹരായ എസ്. എച്ച്. ജി. കൾ |
|---|
| അസംപ്ഷൻ കുറുമ്പനാടം, സെന്റ് അൽഫോൻസാ എടത്വാ |

റ്റിസൺ തോമസ്, കെ. ഡി. ചാക്കോ, കുര്യാക്കോസ് കെ. വി., ജിമ്മി അഗസ്റ്റിൻ, സന്തോഷ് തോമസ്, സ്മിനു ജോസഫ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**ചങ്ങനാശ്ശേരിയെ വർണശബളമാക്കി മെയ്ദിന റാലി**

മെയ് ഒന്നിന് അരമനപ്പടിക്കൽനിന്നും ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലേക്കു മെയ്ദിന റാലി നടത്തപ്പെട്ടു. അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ റാലി ഫ്ളാഗ് ഓഫ് ചെയ്തു. വാദ്യമേളങ്ങളും വേഷവിധാനങ്ങളും ഫ്ലോട്ടുകളും റാലിയെ വർണശബളമാക്കി.

**യൂണിറ്റ് വാർഷികം**

മെയ് 11നു കുറിച്ചി യൂണിറ്റിന്റെ വാർഷികം, കുടുംബസംഗമം എന്നിവ നടത്തപ്പെട്ടു. യൂണിറ്റ് കോഡിനേറ്റർ വർഗീസ് ജോസഫ് മണ്ണിശ്ശേരി അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് പുതിയാപറമ്പിൽ വാർഷികം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., തുരുത്തി ഫൊറോനാ സെക്രട്ടറി റോസമ്മ കെ. റ്റി., ഫൊറോനാ ട്രെഷറർ ജിമ്മി അഗസ്റ്റിൻ എന്നിവർ പ്രസംഗിച്ചു.

**നോട്ടുബുക്ക് വിപണനമേള: മണ്ണഞ്ചേരി യൂണിറ്റ്**

മെയ് 10നു മണ്ണഞ്ചേരി യൂണിറ്റിലെ സെന്റ് അൽഫോൻസാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നോട്ടുബുക്ക് വിപണനമേള നടത്തപ്പെട്ടു. അതിരൂപതയുടെ ഡയറക്ടർ ഫാ. ജോൺ വടക്കേകളം മേള ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറി ഷാജി കോര, സംഘഭാരവാഹികൾ എന്നിവർ ഇതിൽ പങ്കെടുത്തു.

**പുതിയസംഘം**

കൂത്രപ്പള്ളി യൂണിറ്റിൽ 'സെന്റ് അൽഫോൻസാ' എന്ന പേരിൽ പുതിയ എസ്.എച്ച്.ജി. രൂപീകരിച്ചു. കൂത്രപ്പള്ളി സെന്റ് മേരീസ് പള്ളിയുടെ അസ്സി. വികാരി ഫാ. ജോൺ വിത്തുവെട്ടിക്കൽ സി.എം.ഐ.യുടെ അധ്യക്ഷതയിലുള്ള സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., നെടുങ്കുന്നം ഫൊറോനാ കോഡിനേറ്റർ പി. എം. ജോസഫ്, ഫൊറോനാ സെക്രട്ടറി ബീന സെബാസ്റ്റ്യൻ, യൂണിറ്റ് കോഡിനേറ്റർ റ്റി. എം. ജോർജ് എന്നിവർ പ്രസംഗിച്ചു.

**ആദരാഞ്ജലികൾ**

അയർക്കുന്നം സെന്റ് മാത്യൂസ് സംഘാംഗം എ. എ. വർക്കി ആലക്കുളത്തിൽ, ആർപ്പൂക്കര ചെറുപുഷ്പം സംഘാംഗം പി. എസ്. ജോസഫ് പണ്ടാരക്കളം എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

**മരണാനന്തരസഹായനിധി**

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരരുടെ നോമിനികൾക്കു മരണാനന്തര സഹായമായ 1,28,000 രൂപ മെയ് 22നു കൈമാറി.

| പേര് | സംഘം |
|---|---|
| 174. ഷാജി സെബാസ്റ്റ്യൻ | ചങ്ങനാശ്ശേരി സെന്റ് ഔസേഫ് |
| 175. റ്റോമി സ്കറിയ | ഇത്തിത്താനം സെന്റ് മേരീസ് |
| 176. ജോസ് ജോസഫ് | ചാഞ്ഞോടി സെന്റ് ഫ്രാൻസിസ് അസ്സീസ്സി |
| 177. സുഭാഷ് ജോർജ് | പടഹാരം സെന്റ് ജോസഫ് |
| 178. ബെന്നി ജോസഫ് | ആർപ്പൂക്കര ചെറുപുഷ്പം |

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

# ആത്മതാകേന്ദ്രം

**(ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)**

## ഹോമിയോചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത, സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന ദിവസങ്ങളിലും സ്ഥലങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധരായ ഡോക്ടർമാരുടെയും കൗൺസിലർമാരുടെയും സേവനം ഈ പദ്ധതിയിൽ ലഭ്യമാണ്.

**സമയം:** രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ

| | | |
|---|---|---|
| ചൊവ്വ | (ആലപ്പുഴ) | തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി |
| വ്യാഴം | (കോട്ടയം) | അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി |
| വെള്ളി | (കോട്ടയം) | ചങ്ങനാശ്ശേരി, പാസ്റ്ററൽ സെന്റർ |

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കുമല്ലോ.

## ബോധവത്കരണ ക്ലാസ്സ്

മാവേലിക്കര രൂപതയിലെ വിവാഹഒരുക്കസെമിനാറിൽ *കുടുംബജീവിതം ലഹരിമുക്തം* എന്ന വിഷയത്തെക്കുറിച്ച് ആത്മതാകേന്ദ്രം സ്റ്റാഫ് റ്റി. എം. മാത്യു ക്ലാസ്സെടുത്തു.

## ജില്ലാതല ആസൂത്രണസമിതി സബ്കമ്മിറ്റി

കോട്ടയം ജില്ല സാമൂഹികനീതിശക്തീകരണവകുപ്പിന്റെ നേതൃത്വത്തിലുള്ള ജില്ലാ ആസൂത്രണസമിതിയുടെ യോഗത്തിൽ ആത്മതാകേന്ദ്രം സ്റ്റാഫ് റ്റി. എം. മാത്യു പങ്കെടുത്തു.

## ലഹരിവിമുക്തവിശുദ്ധീകരണധ്യാനം

കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ **ജൂൺ 22 മുതൽ ജൂൺ 27 വരെ** ലഹരിവിമുക്തകുടുംബവിശുദ്ധീകരണധ്യാനം നടത്തപ്പെടുന്നതാണ്. *ജൂൺ 22 വൈകുന്നേരം അഞ്ചിന് ആരംഭിച്ചു ജൂൺ 27 രാവിലെ 10നു* ധ്യാനം അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിനു ഫീസുണ്ടായിരിക്കുന്നതല്ല. പ്രഗത്ഭരായ ഡോക്ടർമാർ, സൈക്കോളജിസ്റ്റ് എന്നിവരുടെ ക്ലാസ്സ്, കൗൺസെലിങ് എന്നിവ ധ്യാനത്തിൽ ലഭ്യമാണ്.

എൽ.എസ്.ഡി.പി. പ്രൊവിഡൻസ് റിന്യൂവൽ സെന്റർ, കുന്നന്താനം

0469 2692462, 2693413, 2690414, 9495193406

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

# ദളിത് കത്തോലിക്കാ മഹാജന സഭ
# (DCMS)

**ആദരാഞ്ജലികൾ**

ഡി.സി.എം.എസ്.ന്റെ മുൻ അതിരൂപതാ പ്രസിഡന്റും (1997–2000) പുളിങ്കുന്ന് യൂണിറ്റ് പ്രസിഡന്റുമായിരുന്ന എം. ഡി. മാത്യുവിന്റെ നിര്യാണത്തിൽ അതിരൂപതയുടെ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, അതിരൂപതാ പ്രസിഡന്റ്, സെക്രട്ടറി, ട്രെഷറർ, അതിരൂപതാഭാരവാഹികൾ എന്നിവർ ഭവനത്തിലെത്തി റീത്ത് സമർപ്പിച്ച് ഒപ്പീസുചൊല്ലി അനുശോചനമറിയിച്ചു.

**സംയുക്ത അതിരൂപതാ കമ്മിറ്റി**

മെയ് 11നു ഡി.സി.എം.എസ്., ഡി.സി.വൈ.എൽ., ഡി.സി.വി.എസ്. എന്നിവയുടെ സംയുക്ത അതിരൂപതാ കമ്മിറ്റി ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ മിനി ഹാളിൽ അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബിന്റെ അധ്യക്ഷതയിൽ സമ്മേളിച്ചു. സെക്രട്ടറി മാത്യു ജോസഫ് സ്വാഗതം പറഞ്ഞു. ചർച്ചയിൽ പ്രവർത്തനപരിപാടികളെക്കുറിച്ച് അംഗങ്ങൾ അഭിപ്രായങ്ങളറിയിച്ചു. 25 അംഗങ്ങൾ ഇതിൽ പങ്കെടുത്തു. ഡി.സി.വി.എസ്. സെക്രട്ടറി ത്രേസ്യാമ്മ ജോസഫ് നന്ദി രേഖപ്പെടുത്തി.

**കരിയർ ഗൈഡൻസ് സെമിനാർ-പഠനോപകരണവിതരണം**

വിദ്യാർഥികൾക്കുള്ള കരിയർ ഗൈഡൻസ് സെമിനാർ, 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള പഠനോപകരണവിതരണം എന്നിവ മെയ് 24നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ ഹാളിൽ നടത്തപ്പെട്ടു.

**യാത്രയയപ്പുസമ്മേളനം**

മെയ് 25ന് അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളത്തിനുള്ള യാത്രയയപ്പുസമ്മേളനം നടത്തപ്പെട്ടു.

**വാർഷിക കൗൺസിൽ സമ്മേളനം**

നിലവിലെ അതിരൂപതാ കമ്മിറ്റിയുടെ അവസാന വാർഷിക കൗൺസിൽ സമ്മേളനം **ജൂൺ എട്ടിനു** നടത്തപ്പെടുന്നതാണ്.

**ക്ഷേമനിധിസഹായവിതരണം**

മാർ ജോസഫ് പവ്വത്തിൽ മെത്രാഭിഷേക രജത ജൂബിലി ദളിത് കത്തോലിക്കാ ക്ഷേമനിധിയുടെ 2025ലെ രണ്ടാമത്തെ സഹായവിതരണം മെയ് 14ന് അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് നിർവഹിച്ചു. സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം സ്വാഗതമാശംസിച്ചു. 21 അംഗങ്ങൾ വിദ്യാഭ്യാസം, ചികിത്സ, വിവാഹം എന്നിവയ്ക്കുള്ള ധനസഹായം കൈപ്പറ്റി. അതിരൂപതാ പ്രസിഡന്റ്, സെക്രട്ടറി, ഓഫീസ് സെക്രട്ടറി എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

"സമാധാനം - സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ
## (SFO)

പ്രിയസഹോദരങ്ങളേ,

വാഴപ്പള്ളി സെന്റ് അൽഫോൻസാ, കുട്ടനാട് സെന്റ് ഫ്രാൻസിസ്, പൊടിപ്പാറ സെന്റ് മാർഗരറ്റ് ബേസ് എന്നീ റീജണുകളിലെ അംഗങ്ങൾക്കായി ഏപ്രിൽ 25നു പാറേൽ സെന്റ് മേരീസ് പള്ളിയിൽ സെമിനാർ നടത്തപ്പെട്ടു. അതിരൂപതാ സ്പിരിച്വൽ അസ്സി. ഫാ. തോമസ് വെട്ടിക്കൽ പരിശുദ്ധ കുർബാനയർപ്പിച്ചു. റീജൻ പ്രസിഡന്റ് ബ്രദർ പ്രമോദ് ജോസഫ് സ്വാഗതവും ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണനടപടികളുടെ വൈസ് പോസ്റ്റുലേറ്റർ ഫാ. ജയിംസ് കുടിലിൽ ആശംസയും നേർന്നു. നാമകരണനടപടികളുടെ പൂർത്തീകരണത്തിനായി ഫ്രാൻസിസ്കൻ സഭാമക്കളുടെ പ്രാർഥനയും പ്രവർത്തനവും അത്യാവശ്യമാണെന്നും അദ്ഭുതങ്ങളും അടയാളങ്ങളും ദൈവദാസന്റെ മധ്യസ്ഥതയിൽ ചോദിച്ചുവാങ്ങി മറ്റുള്ളവർക്കു മാതൃകയാകണമെന്നും അദ്ദേഹത്തിന്റെ ജീവചരിത്രം വായിക്കുകയും പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടത് ഉത്തരവാദിത്വമാണെന്നും അച്ചൻ ഓർമിപ്പിച്ചു.

പാറേൽ സെന്റ് മേരീസ് പള്ളിയുടെ വികാരി ഫാ. ജേക്കബ് വാരിക്കാട്ട് ആശംസയർപ്പിച്ചു. പാറേൽ ഇടവകയ്ക്ക് എസ്.എഫ്.ഒ. അംഗങ്ങൾ ചെയ്യുന്ന നല്ലപ്രവർത്തനങ്ങൾ അദ്ദേഹം എടുത്തുപറഞ്ഞു. ഫ്രാൻസിസ്കൻ സഭാമക്കൾ ഇടവകകളുടെ പ്രാർഥനാകേന്ദ്രംപോലെ വർത്തിക്കണമെന്നും അല്മായരിൽ നിന്നും ധാരാളം വിശുദ്ധരുണ്ടാകാൻ മൂന്നാം സഭയുടെ പ്രാർഥനയും ജീവിതശൈലിയും ഏറെ ഫലപ്രദമാണെന്നും എല്ലാവരും വിശുദ്ധജീവിതം നയിക്കാൻ പരിശ്രമിക്കണമെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു.

ഫാ. തോമസ് വെട്ടിക്കൽ ഫ്രാൻസിസ്കൻ സഭയുടെ നിയമാവലി, ഉത്ഭവം, പ്രാധാന്യം എന്നിവയെക്കുറിച്ചും പുതുതായി അംഗങ്ങളായവർക്കു ഫ്രാൻസിസ്കൻ ശൈലിയിൽ ജീവിക്കാനാവശ്യമായ കാര്യങ്ങളെക്കുറിച്ചും പഠിപ്പിച്ചു. മൂന്നാം സഭയെക്കുറിച്ച് ആധികാരികമായി അറിഞ്ഞും പഠിച്ചുംവേണം സഭാംഗമാകാനെന്നും ഇതൊരു സംഘടനയല്ല, രണ്ടാം മ്ശിഹായെന്നറിയപ്പെടുന്ന വി. ഫ്രാൻസിസ് അസ്സീസ്സി അല്മായർക്കായി സ്ഥാപിച്ച സഭയാണെന്നും അതിന്റെ ചൈതന്യം കാത്തുസൂക്ഷിക്കണമെന്നും ഫ്രാൻസിസ്കൻ ജീവിതശൈലി എങ്ങനെ നിത്യജീവിതം ലക്ഷ്യമാക്കുന്നെന്നും നിത്യജീവിതം നേടാൻ ഇവ എപ്രകാരം സഹായിക്കുന്നെന്നും അച്ചൻ കൂട്ടിച്ചേർത്തു. പരിശുദ്ധ കുർബാനയുടെ ആരാധനയോടെ സെമിനാർ അവസാനിച്ചു.

**ബ്രദർ വി. സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ OFM Cap.**
*(സ്പിരിച്വൽ അസ്സിസ്റ്റന്റ്)*

# വിൻസെൻഷ്യൻ വേദി
## (SSVP)

*“തിന്മയെ സംബന്ധിച്ചിടത്തോളം നിങ്ങൾ പൈതങ്ങളെപ്പോലെയും ചിന്തയിൽ പക്വമതികളെപ്പോലെയും ആയിരിക്കുവിൻ”* (1 കോറി. 14:20).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നമ്മുടെ സെൻട്രൽ കൗൺസിലിന്റെ 71-ാം വാർഷികം ഭംഗിയായി ക്രമീകരിക്കാൻ സാധിച്ചു. സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ നമുക്കു നൽകിയ അംഗീകാരത്തിന്റെ വാക്കുകളായിരുന്നു നമ്മുടെ അച്ചടക്കത്തെയും കൂട്ടായ്മയെയും സംതൃപ്തിയോടെയുള്ള നിസ്വാർഥമായ സുവിശേഷസാക്ഷ്യത്തെയും നന്ദിപൂർവം ഓർക്കുന്നു എന്നത്. അഭി. മെത്രാപ്പോലീത്തായുടെ വാക്കുകളിലൂടെ പ്രകടമായതു തിരുസഭാസമൂഹത്തിന്റെ നന്മയെക്കുറിച്ചും നമ്മുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള പ്രതീക്ഷയും വിലയിരുത്തലുമായിരുന്നു. നമുക്ക് ഈ പ്രസ്താവനയോടു നീതി പുലർത്താൻ സാധിക്കണം.

ജനത്തിന്റെ ഭൗതികമായ വിശപ്പിനൊപ്പം ആത്മീയമായ വിശപ്പും തീർക്കാനുള്ള നമ്മുടെ ചുമതല അഭി. മെത്രാപ്പോലീത്താ ചൂണ്ടിക്കാട്ടി. നമ്മുടെയും ചുറ്റുമുള്ളവരുടെയും നിത്യരക്ഷ ഉറപ്പാക്കുക എന്ന വിൻസെൻഷ്യൻ പ്രവർത്തനങ്ങളുടെ പ്രഥമമായ ലക്ഷ്യത്തെ അടിവരയിടുന്നതായിരുന്നു അത്. നമ്മുടെ കയ്യിലുള്ളതു കർത്താവിനു കൊടുക്കുക, ബാക്കി നമുക്കു ദൈവം തരും. നാം നൽകുന്ന ഭൗതികസഹായങ്ങൾ ഫലപ്രദമാകാൻ അവ ലഭിക്കുന്ന കുടുംബങ്ങൾ ആത്മീയമായി ഉണരേണ്ടതാണ്. പലകുടുംബങ്ങളുടെയും ദാരിദ്ര്യത്തിന്റെ ഉറവിടം ചിലതിന്മകളുടെ സ്വാധീനമാണ്. അവ കണ്ടെത്തി പരിഹരിക്കാൻ നാം അവരെ സഹായിക്കണം.

തിരിച്ചടയ്ക്കാനാകാതെ വായ്പകളുടെ ഭാരംമൂലം പ്രതിസന്ധിയിലായിരിക്കുന്ന അനേകം കുടുംബങ്ങൾ നമ്മുടെയിടയിലുണ്ട്. സാമ്പത്തികമായ അച്ചടക്കം പാലിക്കുന്നതിനുള്ള പരിശീലനം നൽകാൻ സൊസൈറ്റി ശ്രദ്ധിക്കണം. നമ്മുടെ കഴിവുകൾക്കനുസരിച്ചുള്ള ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകണം. ക്രിസ്ത്യാനികളെങ്കിൽ ഈശോയുടെ പ്രബോധനങ്ങൾക്കനുസരിച്ചുള്ളവയാകണം നമ്മുടെ പ്രവൃത്തികൾ. സുവിശേഷം പ്രസംഗിക്കാനും ഉദാരമായി നൽകാനും അടുത്തതലമുറയെ പരിശീലിപ്പിക്കണം. ജൂബിലിയാചരണത്തോടനുബന്ധിച്ച് അതിരൂപതയുടെ കർമപരിപാടികളിൽ വിൻസെൻഷ്യൻ അംഗങ്ങളുടെ സജീവപങ്കാളിത്തം സെൻട്രൽ കൗൺസിലിനുവേണ്ടി അഭ്യർഥിക്കുന്നു.

നമ്മുടെ സ്പിരിചൽ അഡ്വൈസർ ഫാ. ജോസഫ് പനക്കേഴം നൽകിയ സന്ദേശത്തിൽ നമ്മൾ ചെയ്യുന്ന സ്നേഹശുശ്രൂഷയിൽ അഭിമാനം കൊള്ളുന്നതോടൊപ്പം ആത്മപരിശോധനയും നടത്തേണ്ട സന്ദർഭമാകണം വാർഷികം എന്നു പറഞ്ഞിരുന്നു. നൽകുന്ന സഹായങ്ങളുടെ അളവിലല്ല, നന്മ ചെയ്യുമ്പോഴുള്ള മനോഭാവമാണു പ്രധാനം. അവ സ്വീകരിക്കുന്നവർക്ക് അർഹമായ സ്നേഹവും

പരിഗണനയും നമ്മൾ നൽകണം. സമൂഹത്തിലും ഭവനങ്ങളിലും അവഗണന യനുഭവിക്കുന്നവരുടെ കണക്കുകൾ നിരത്തിയ അദ്ദേഹം, അവർക്കു സ്നേഹ ശുശ്രൂഷയോടൊപ്പം ആത്മീയശുശ്രൂഷയും നൽകണമെന്നു നിർദേശിച്ചു. മുഖ്യാ തിഥിയായ ബ്രദർ ജോർജ് ജോസഫ്, ഫാ. ജോസ് വരിക്കപ്പള്ളിൽ എന്നിവരുടെ സന്ദേശങ്ങളും നമുക്കു പ്രചോദനമാകണം.

വാർഷികാഘോഷത്തിന്റെ ഭാഗമായി കേട്ടുമറന്നുപോകുന്ന കാര്യങ്ങളാ കാതെ ഈ ആശയങ്ങളും നിർദേശങ്ങളും കോൺഫെറൻസുകളിൽ ചർച്ച ചെയ്യാനും അതനുസരിച്ചു പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനുമാണ് ഇതു വീണ്ടും പങ്കുവെക്കുന്നത്. ഈ സമ്മേളനം ഏറ്റവും മനോഹരമാക്കാൻ ശ്രമിച്ച തുരുത്തി ഏരിയ കൗൺസിൽ-കോൺഫെറൻസ് അംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു. തുരുത്തി ഫൊറോനാപ്പള്ളിയിലെ വൈദികരും കൈക്കാര ന്മാരും നമ്മുടെ അഭ്യുദയകാംക്ഷികളും നൽകിയ പ്രോത്സാഹനങ്ങൾക്കും സഹകരണങ്ങൾക്കും നന്ദി. വാർഷികസമ്മേളനം വിജയകരമാക്കാൻ സഹ കരിച്ചവരോടു സെൻട്രൽ കൗൺസിലിന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു.

സൊസൈറ്റിയുടെ നിയമാവലിയും നിർദേശങ്ങളും അനുസരിക്കാൻ ഓരോ അംഗവും പ്രതിജ്ഞയെടുത്തിട്ടുള്ളതും ബാധ്യസ്ഥരുമാണ്. വാർഷിക റിപ്പോർട്ടും കണക്കും യഥാസമയം ലഭ്യമാക്കുക എന്ന ഉത്തരവാദിത്വത്തിൽ ചിലരെങ്കിലും വീഴ്ചവരുത്തിയെന്നതു ഖേദകരമാണ്. എല്ലാ സഹായങ്ങളും നൽകാൻ നമ്മുടെ ഏരിയ കൗൺസിലുകളും സെൻട്രൽ കൗൺസിലും എപ്പോഴും തയ്യാറാണ്. ആരുടെയും വ്യക്തിപരമായ തീരുമാനങ്ങൾക്കും ആശയങ്ങൾക്കും അനുസരിച്ചല്ല കോൺഫെറൻസുകൾ പ്രവർത്തിക്കേണ്ടത്. ഐക്യവും സഹകരണവും നൽകുന്ന സന്തോഷം ഏറെ ഹൃദ്യവും നമ്മുടെ സൊസൈറ്റിയുടെ അഭിമാനവുമാണ്. ഏരിയ കൗൺസിൽ ഭാരവാഹികളുടെ കോൺഫെറൻസ് സന്ദർശനങ്ങൾ, കോൺഫെറൻസുകൾക്കു നൽകുന്ന പ്രോത്സാഹനങ്ങൾ, അംഗങ്ങളുമായുള്ള വ്യക്തിബന്ധം ഇവയൊക്കെ വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഒഴിവുകഴിവുകളല്ല ഉത്തരവാദിത്വങ്ങളുടെ നിർവ ഹണമാണു ഭാരവാഹികളിൽനിന്നു സൊസൈറ്റി പ്രതീക്ഷിക്കുന്നത്.

നമ്മിൽനിന്നും വേർപിരിഞ്ഞ കുറുമ്പനാടം കോൺഫെറൻസിന്റെ മുൻ പ്രസിഡന്റ് ബ്രദർ തോമാച്ചൻ പാലാക്കുന്നേൽ, ചെത്തിപ്പുഴ കോൺഫെറൻസ് അംഗമായിരുന്ന ബ്രദർ ജോസുകുട്ടി നമ്പിമഠം എന്നിവരുടെ സേവനങ്ങളെ നന്ദിയോടെ അനുസ്മരിച്ചുകൊണ്ട് ആത്മശാന്തിക്കായി പ്രാർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ തോമസ് തറയിൽ

**ഏപ്രിൽ**

26-27 ഇറ്റാവാ മിഷന്റെ സുവർണ ജൂബിലിയോടനുബന്ധിച്ച് ഇറ്റാവാ സെന്റ് മേരീസ് ഇന്റർ കോളേജിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

28 അതിരമ്പുഴ സെന്റ് അലോഷ്യസ് സ്കൂളിൽ മേഖലാതല അധ്യാപക കൺവെൻഷനിൽ സന്ദേശം നൽകി. കൈനടി ഔർ ലേഡി ഓഫ് ഡോളേഴ്സ് പള്ളിയിൽ അതിരൂപതയിലെ മേജർ സെമിനരി വൈദികാർഥികളുടെ വർക്ക് ക്യാംപിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ സി.എം.എൽ. ക്യാംപിൽ സന്ദേശം നൽകി.

29 നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാപ്പള്ളിയുടെ ഹാളിൽ മേഖലാതല അധ്യാപക കൺവെൻഷനെ അഭിസംബോധന ചെയ്തു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ കല്ലുകളം ബഹു. മാത്യു അച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്കു കാർമികത്വംവഹിച്ചു. ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് പള്ളിയുടെ ഹാളിൽ സന്യസ്തസംഗമത്തിൽ സന്ദേശം നൽകി. ഇത്തിത്താനം ആയുഷ്യ ഹീലിങ് ആൻഡ് ഇന്റഗ്രേഷൻ സെന്ററിന്റെ റൂബി ജൂബിലി സംഗമത്തിൽ അധ്യക്ഷതവഹിച്ചു.

30 തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയിൽ വിവാഹമാശീർവദിച്ചു. ഫിയാത്ത് മിഷന്റെ ഭാഗമായി ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് പള്ളിയുടെ ഹാളിൽ ചെറുപുഷ്പ മിഷൻലീഗ് കൗൺസിൽ ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ മേഖലാതല അധ്യാപക കൺവെൻഷനിൽ സന്ദേശം നൽകി. കുട്ടമംഗലം സെന്റ് ജോസഫ്സ് പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിനു കാർമികത്വംവഹിച്ചു.

**മെയ്**

01 പാറേൽ എഫ്.സി.സി ദേവമാതാ പ്രൊവിൻഷ്യൽ ഹൗസിൽ സന്യാസ സുവർണ ജൂബിലിയോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. കൈനടി ഔർ ലേഡി ഓഫ് ഡോളേഴ്സ് പള്ളിയിൽ അതിരൂപതയിലെ മേജർ സെമിനരി വൈദികാർഥികളുടെ വർക്ക് ക്യാംപിൽ സംബന്ധിച്ചു. കെ.എൽ.എം.ന്റെ മെയ്ദിന റാലി ഉദ്ഘാടനം ചെയ്തു. മണർകാട് സെന്റ് മേരീസ് യാക്കോബായ കത്തീഡ്രൽ പള്ളിയിൽ ബസേലിയോസ് മാർ ജോസഫ് കാതോലിക്കാബാവായുടെ സ്വീകരണയോഗത്തിൽ ആശംസകളറിയിച്ചു. എൻ.എസ്.എസ്. ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായരെ പെരുന്ന എൻ.എസ്.എസ്. മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ സന്ദർശിച്ചു.

02 അതിരൂപതാകേന്ദ്രത്തിൽ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ്-അസംപ്ഷൻ കോളേജുകളിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരുടെ യോഗത്തിൽ പങ്കെടുത്തു.

തോട്ടുവാത്തല സേക്രഡ് ഹാർട്ട് പള്ളിയിൽ ഇടവകതിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാന അർപ്പിച്ചു. വെളിയനാട് സൗത്ത് സെന്റ് സേവ്യേഴ്സ് പള്ളിയിൽ ഇടവകദിനത്തോടനുബന്ധിച്ചുള്ള നസ്രാണി സംഗമത്തിൽ സന്ദേശം നൽകി.

03 എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. പാറേൽ എസ്.എച്ച്. സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽ ഹൗസിൽ സന്യാസവസ്ത്രസ്വീകരണ-വ്രതനവീകരണകർമങ്ങൾക്കും ജൂബിലി ആഘോഷങ്ങൾക്കും കാർമികത്വംവഹിച്ചു. കരുമാടി സെന്റ് ജോസഫ്സ് പള്ളിയിൽ നവീകരിച്ച പള്ളിമേട വെഞ്ചരിച്ചു. മണിമല ഹോളി മേജൈ ഫൊറോനാപ്പള്ളിയിൽ ജൂബിലിയോടനുബന്ധിച്ചുള്ള സാംസ്കാരിക സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു.

04 ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് പള്ളിയിൽ ഫിയാത്ത് മിഷൻ കോൺഗ്രസിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. കോട്ടയ്ക്കുപുറം സെന്റ് മാത്യൂസ് പള്ളിയിൽ ജൂബിലി സമാപനം ഉദ്ഘാടനം ചെയ്തു. മണ്ണാർകുന്ന് സെന്റ് ഗ്രിഗോറിയോസ് പള്ളിയിൽ ജൂബിലിയാഘോഷത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. പാലാ രൂപത കൊഴുവനാൽ സെന്റ് ജോൺ നെപംസിയൻസ് ഇടവകാംഗം പീടികയിൽ ബഹു. മാത്യു അച്ചന്റെ മാതാവു തങ്കമ്മ വർക്കിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

05 പുന്നപ്ര ദനഹാലയയിൽ ക്ലാസ്സെടുത്തു. വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂളിൽ മേഖലാതല അധ്യാപക കൺവെൻഷനിൽ സന്ദേശം നൽകി. തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളിയിൽ ആലപ്പുഴ സഹൃദയ ഹോസ്പിറ്റൽ ബോർഡ് യോഗത്തിൽ പങ്കെടുത്തു.

06 പാറേൽ എം.എൽ.എഫ് ജനറലേറ്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. പുന്നപ്ര ദനഹാലയയിൽ ക്ലാസ്സെടുത്തു. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയുടെ ഹാളിൽ മേഖലാതല അധ്യാപക കൺവെൻഷനിൽ പ്രഭാഷണം നടത്തി. കോട്ടയം എസ്.എച്ച്. മൗണ്ടിൽ വിൻസെൻഷ്യൻ സിനാക്സിസിൽ സന്ദേശം നൽകി.

07 ഇത്തിത്താനം ലിസ്യൂ കാർമൽ കോൺവെന്റിൽ സി.എം.സി സന്യാസ സമൂഹത്തിലെ പുതിയ സുപ്പീരിയർമാരുടെ ധ്യാനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കായൽപ്പുറം സെന്റ് ജോസഫ്സ് പള്ളിയിൽ പുളിങ്കുന്ന് ഫൊറോന യുവദീപ്തി-എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിലുള്ള തീർഥാടനത്തിൽ സന്ദേശം നൽകി.

08-09 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ഇടവകാംഗം ലീലാമ്മ ജോർജ് പനങ്ങാട്ടിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ബെംഗളുരു സെന്റ് ജോൺസ് ഹോസ്പിറ്റലിൽ സി.ബി.സി.ഐ. സ്റ്റാൻഡിങ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു.

10 പുതുക്കരി സെന്റ് സേവ്യേഴ്സ് പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു. ചങ്ങനാശ്ശേരി സെന്റ്

ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ എക്സലൻഷ്യ ക്യാംപിൽ സന്ദേശം നൽകി. അരുവിക്കുഴി ലൂർദ് മാതാ പള്ളിയിൽ ഒ.സി.ഡി. സന്യാസ സമൂഹാംഗം മ്ശംശാനാ തോമസ് ഓലിക്കലിനു പൗരോഹിത്യപട്ടം നൽകി.

11 അയിരൂർ ലൂർദ് മാതാ പള്ളിയിൽ ശതോത്തര ജൂബിലിയോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ വിവാഹവാഗ്ദാനത്തിനു കാർമികത്വംവഹിച്ചു. മാന്നാനം കുര്യാക്കോസ് ഏലിയാസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ സി.എം.ഐ. സഭാ സ്ഥാപനദിനത്തിൽ വിദ്യാഭ്യാസവർഷം ഉദ്ഘാടനം ചെയ്തു. എടത്വാ തലവടി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ കുടുംബസംഗമത്തിൽ സന്ദേശം നൽകി. വെരൂർ സെന്റ് ജോസഫ്സ് ഇടവകാംഗം ത്രേസ്യാമ്മ വർഗീസ് അത്തിക്കളത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

12 മുഹമ്മ ദീപ്തി സ്പെഷ്യൽ സ്കൂളിൽ സി.എം.സി. സഭാതല എം.ആർ. പരിശീലനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇരവുചിറ സെന്റ് മേരീസ് പള്ളിയിൽ കുളത്തുങ്കൽ ബഹു. തോമസ് അച്ചന്റെ പൗരോഹിത്യസ്വീകരണ രജത ജൂബിലിയോടനുബന്ധിച്ചുള്ള പരിശുദ്ധ കുർബാനമധ്യേ വചന സന്ദേശം നൽകി. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ ഇ.പി.ഒ.സി. പരിശീലനപരിപാടിയിൽ പ്രസംഗിച്ചു. നിരണം മാർ തോമാ ശ്ലീഹാ സെമിനരിയിൽ 2023-2024 ബാച്ച് വൈദികരുടെ സംഗമത്തിൽ പങ്കെടുത്തു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ അതിരൂപതയിലെ വൈദികാർഥികളുടെ ഒത്തുചേരൽ ഉദ്ഘാടനം ചെയ്തു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ഇടവകാംഗം തോമസ് ജോബ് പാലാക്കുന്നേലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

13 വാവോട് സേക്രഡ് ഹാർട്ട് പള്ളിയിൽ വിവാഹമാശീർവദിച്ചു.

13-14 പത്തനംതിട്ട സീറോമലങ്കര രൂപതാകേന്ദ്രത്തിൽ മെത്രാന്മാരുടെ മേഖലാതലധ്യാനത്തിൽ പങ്കെടുത്തു.

14 അതിരൂപതാകേന്ദ്രത്തിൽ ഇന്റർ-ഡിപ്പാർട്ടുമെന്റ് യോഗത്തിൽ പങ്കെടുത്തു.

15 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ അതിരൂപതയിലെ വൈദികാർഥികളുടെ വൈദികവസ്ത്രസ്വീകരണം, ചെറുപട്ടങ്ങൾ എന്നിവയ്ക്കും വിളക്കുടി എസ്.എം. കോൺവെന്റിൽ സഭാവസ്ത്രസ്വീകരണശുശ്രൂഷയ്ക്കും കാർമികത്വംവഹിച്ചു.

16 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ മേജർ സെമിനരിയൻസ് ഗ്യാതറിങ്ങിൽ ക്ലാസ്സെടുത്തു. അതിരൂപതാകേന്ദ്രത്തിൽ സന്യാസസഭാ സുപ്പീയർമാരുടെ യോഗത്തിൽ സന്ദേശം നൽകി. പായിപ്പാട് ലൂർദ് മാതാ പള്ളിയിൽ പാരിഷ് ഹാൾ വെഞ്ചരിച്ചു.

17 ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് പള്ളിയുടെ ഹാളിൽ മേഴ്സി ഹോം-റ്റി.ഐ.എം.ആർ.റ്റി. രജതജൂബിലി ഉദ്ഘാടനം ചെയ്തു. കുമരകത്തു ദീപിക ദിനപ്പത്രത്തിന്റെ 139-ാം വാർഷികത്തിൽ അധ്യക്ഷതവഹിച്ചു.

18 തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയിൽ വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ 71-ാം വാർഷികസമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു. ചമ്പക്കുളം ബിഷപ് കുര്യാളശ്ശേരി മെമ്മോറിയൽ സ്കൂളിൽ യുവദീപ്തി-എസ്.എം.വൈ.എം. ചമ്പക്കുളം ഫൊറോനാ ക്യാംപിൽ സന്ദേശം നൽകി. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ ധന്യൻ മാർ തോമസ് കുര്യാള ശ്ശേരിയുടെ ചരമശതാബ്ദിസമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. കുടമാളൂർ സെന്റ് മേരീസ് പള്ളിയുടെ 900-ാം സ്ഥാപനവാർഷികത്തിൽ അധ്യക്ഷതവഹിച്ചു. ഏറ്റുമാനൂർ ക്രൈസ്റ്റ് ദ കിങ് പള്ളിയിൽ ഇടവകദിന ത്തോടനുബന്ധിച്ചു സന്ദേശം നൽകി.

19 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ 1981-1984, 1984-1987 ബാച്ച് വൈദിക രുടെ സംഗമത്തിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോ ലീത്തൻപള്ളിയിൽ 139-ാം അതിരൂപതാദിനത്തിനൊരുക്കമായുള്ള ആഘോ ഷമായ റംശായിൽ വചനസന്ദേശം നൽകി. കൂത്രപ്പള്ളി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ സി. ഗ്രെയ്സ് ചെമ്പിലകത്തിന്റെ മൃതസംസ് കാരശുശ്രൂഷയുടെ ഒന്നാം ഭാഗത്തിനു കാർമികത്വംവഹിച്ചു.

20 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ 139-ാം അതി രൂപതാദിനാചരണസമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു. വെരൂർ സെന്റ് ജോസഫ്സ് ഇടവകാംഗം ജോസഫ് മാത്യു കാടാത്തുകളത്തിന്റെ മൃത ദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. കോട്ടയം ലൂർദ് ഫൊറോനാ ഇടവകാംഗം സിനി തോമസിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

21 ളായിക്കാട് സെന്റ് ജോസഫ്സ് പള്ളിയിൽ പ്രവേശകകൂദാശകൾ പരി കർമം ചെയ്തു. കുരിശുമ്മൂട് മീഡിയ വില്ലേജിൽ 'മൈ പാരിഷ്' ബോധ വത്കരണ ക്ലാസ്സിൽ സന്ദേശം നൽകി. വാഴപ്പള്ളി എസ്.എ.ബി.എസ്. കോൺ വെന്റിൽ സി. ബ്രിജിറ്റ് നീലത്തുമുക്കിൽ എസ്.എ.ബി.എസ്.ന്റെ മൃത സംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗത്തിനും ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ വിവാഹവാഗ്ദാനത്തിനും കാർമികത്വം വഹിച്ചു. ഫാത്തിമാപുരം ഫാത്തിമ മാതാ പള്ളിയിൽ പ്രവേശകകൂദാശ കൾ പരികർമം ചെയ്തു.

22 നെടുങ്കുന്നം പി.സി.പി.എ. അഡറേഷൻ കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ ഒന്നാം വർഷ വൈദികാർഥികളും അവരുടെ മാതാപിതാക്കളുമായി കൂടിക്കാഴ്ച നടത്തി. അതിരൂപതാകേന്ദ്രത്തിൽ ലോഗോസ് ക്വിസ് 2024, ഓൺലൈൻ ബൈബിൾ ഏകവർഷ കോഴ്സ് എന്നിവയുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പാണ്ടങ്കരി പയസ് റ്റെൻത് പള്ളി പുനർകൂദാശ ചെയ്തു. അതിരൂപതാകേന്ദ്ര ത്തിൽ വൈദികരുടെ യാത്രയയപ്പുസമ്മേളനത്തിൽ പങ്കെടുത്തു.

**ഏപ്രിൽ**

22 ചങ്ങനാശ്ശേരി സെന്റ് ബർക്ക്മൻസ് കോളേജിലെ ഗണിതശാസ്ത്രവിഭാഗം മേധാവിയായിരുന്ന പ്രൊഫ. എസ്. അബ്രാഹത്തിന്റെ ഭാര്യ അന്നമ്മ അബ്രാഹത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ നടത്തപ്പെട്ട വൈദികസമ്മേളനത്തിൽ പങ്കെടുത്തു. പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ്സ് ഇടവകാംഗം മാപ്പിളപ്പറമ്പിൽ റ്റിൻസൺ-റ്റിനു ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനു പ്രവേശകകൂദാശകൾ നൽകി.

ഉച്ചകഴിഞ്ഞ്: സി.എം.ഐ. സന്യാസസമൂഹാംഗം പൈനേൽ ബഹു. സെബാസ്റ്റ്യൻ അച്ചന്റെ മൃതസംസ്കാരത്തിന്റെ അവസാനഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

23 തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയിൽ മയ്യപ്പള്ളി റോസിലിൻ, പാലാ ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോനാ ഇടവകാഗം കൊച്ചേത്തോണിൽ അലൻ എന്നിവരുടെ വിവാഹവാഗ്ദാനത്തിനു കാർമികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ്: ഇത്തിത്താനം സെന്റ് മേരീസ് പള്ളിയിൽ കുന്നത്തുപറമ്പിൽ അലക്സ്-റ്റീന ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനു പ്രവേശകകൂദാശകൾ നൽകി.

24 ചങ്ങനാശ്ശേരി സി.എം.സി. ഹോളി ക്വീൻസ് പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. നാമഹേതുകതിരുനാളാഘോഷിക്കുന്ന അഭി. മാർ ജോർജ് കോച്ചേരിപ്പിതാവിനെ സന്ദർശിച്ച് ആശംസകൾ നേർന്നു. ഉച്ചകഴിഞ്ഞ്: ചീരഞ്ചിറ സെന്റ് ജോർജ് പള്ളിയിൽ തിരുനാളിനു കൊടിയേറ്റി; പരിശുദ്ധ കുർബാനയർപ്പിച്ചു.

26–30 ഇറ്റാവാ മിഷൻ സെന്ററുകൾ സന്ദർശിച്ചു. ഇറ്റാവാ മിഷന്റെ സുവർണജൂബിലിയോടനുബന്ധിച്ചുള്ള പൊതുസമ്മേളനം, സി.എം.സി. സന്യാസസമൂഹം ഇറ്റാവാ മിഷനിൽ ശുശ്രൂഷയാരംഭിച്ചതിന്റെ ജൂബിലിയാഘോഷങ്ങൾ എന്നിവയിൽ പങ്കെടുത്തു.

**മെയ്**

01 ചങ്ങനാശ്ശേരി സെന്റ് ബർക്ക്മൻസ് കോളേജിലെ ആർച്ചുബിഷപ് കാവുകാട്ട് ഹാളിൽ കെ.എൽ.എം. തൊഴിലാളിമഹാസംഗമത്തിൽ ആശംസകളറിയിച്ചു.

02 കൈനടി ഔർ ലേഡി ഓഫ് ഡോളേഴ്സ് പള്ളിയിൽ അതിരൂപതയിലെ മേജർ സെമിനരി വൈദികാർഥികളുടെ വർക്ക് ക്യാംപിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

03 മണ്ണാർകുന്ന് സെന്റ് ഗ്രിഗോറിയോസ്, കരുമാടി സെന്റ് നിക്കോളാസ് എന്നീ പള്ളികളിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു.

ഉച്ചകഴിഞ്ഞ്: ചെത്തിപ്പുഴ ക്രിസ്തു ജോതി സ്കൂൾ ഗ്രൗണ്ടിൽ ഫിയാത്ത് മിഷന്റെ നേതൃത്വത്തിലുള്ള മിഷൻ എക്സ്പോ സന്ദർശിച്ചു.

04 ചങ്ങനാശ്ശേരി സെന്റ് ബർക്ക്മൻസ് കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ തൂമ്പുങ്കൽ കുടുംബയോഗത്തിൽ സന്ദേശം നൽകി. ജൂബിലിയോടനുബ ന്ധിച്ചു കോട്ടയ്ക്കുപുറം സെന്റ് മാത്യൂസ് പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

05 പാണ്ടി ഫാത്തിമ മാതാ പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിനു കാർമികത്വംവഹിച്ചു.

ഉച്ചകഴിഞ്ഞ്: ഹെക്മാസ് പ്രോജക്റ്റിന്റെ ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടൽ ഉദ്ഘാടനം ചെയ്തു.

07 മാർ ഗീവർഗീസ് സഹദായുടെ തിരുനാളിനോടനുബന്ധിച്ച് എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

08 ഇത്തിത്താനം സി.എം.സി. ലിസ്യൂ കാർമൽ കോൺവെന്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; പുതിയ സുപ്പീരിയർമാർക്കുള്ള ധ്യാനത്തിൽ സന്ദേശം നൽകി. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ വാണിയപ്പു രയ്ക്കൽ സാന്ദ്ര, താമരശ്ശേരി രൂപത കോടഞ്ചേരി സെന്റ് മേരീസ് ഫൊറോനാ ഇടവകാംഗം വാമറ്റത്തിൽ കുര്യൻ എന്നിവരുടെയും കുളത്തൂർ ലിറ്റിൽ ഫ്ളവർ പള്ളിയിൽ ചെംപ്ലാനിക്കൽ ആഷിൻ, കരിമ്പനക്കുളം സേക്രഡ് ഹാർട്ട് പള്ളി പെരുമ്പപ്പള്ളിയിൽ ജിസ് എന്നിവരുടെയും വിവാഹവാഗ് ദാനത്തിനു കാർമികത്വംവഹിച്ചു.

09 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ഇടവകാംഗവും പടിഞ്ഞാ റേക്കുറ്റ് ബഹു. മാത്യു അച്ചന്റെ സഹോദരിയുമായ പനങ്ങാട്ട് ലീലാമ്മ ജോർജിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമി കത്വംവഹിച്ചു.

10 പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ കോഴിമറ്റത്തിൽ കുടുംബയോഗ ത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

11 തെക്കുപാറ സെന്റ് മേരീസ് പള്ളിയിൽ പരിശുദ്ധ റാസാ കുർബാനയർപ്പിച്ചു; പുതുതായി നിർമിച്ച പള്ളിമേട വെഞ്ചരിച്ചു.

12 ഇരവുചിറ സെന്റ് മേരീസ് പള്ളിയിൽ കുളത്തുങ്കൽ ബഹു. തോമസ് അച്ചന്റെ പൗരോഹിത്യസ്വീകരണ രജത ജൂബിലിയാഘോഷത്തോടനു ബന്ധിച്ചുള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു.

13 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ഇടവകാംഗം പാലാക്കു ന്നേൽ തോമസ് ജോബിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷ കൾക്കു കാർമികത്വംവഹിച്ചു. പത്തനംതിട്ട സീറോമലങ്കര രൂപതാകേന്ദ്ര ത്തിൽ മെത്രാന്മാരുടെ മേഖലാതലധ്യാനത്തിൽ പങ്കെടുത്തു.

14 കൈനടി ഔർ ലേഡി ഓഫ് ഡോളേഴ്സ് പള്ളിയിൽ പാമ്പൂട്ടിത്തറ ഫെബിൻ, ഏറ്റുമാനൂർ ക്രൈസ്റ്റ് ദ കിങ് ഇടവകാംഗം ഞൊങ്ങിണിയിൽ അലീന എന്നിവരുടെ വിവാഹമാശീർവദിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമി നരിയിൽ മേജർ സെമിനരിയൻസ് ഗ്യാതറിങ്ങിൽ വൈദികാർഥികളുമായി സംവദിച്ചു.

15 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ അതിരൂപതയിലെ വൈദികാർഥികളുടെ വൈദികവസ്ത്രസ്വീകരണം, ചെറുപട്ടങ്ങൾ എന്നിവയിൽ സഹകാർമികത്വംവഹിച്ചു. അയർക്കുന്നത്ത് എക്യുമെനിക്കൽ കൂട്ടായ്മ നിർമിച്ചു നൽകിയ ആതുരാലയം വെഞ്ചരിച്ചു.

16 കണ്ണാടി സെന്റ് റീത്താസ് പള്ളിയുടെ നേതൃത്വത്തിലുള്ള തീർഥാടനത്തിൽ വചനസന്ദേശം നൽകി. കാഞ്ഞിരപ്പള്ളി നല്ലതണ്ണി മാർ തോമാ ശ്ലീഹാ ദയറായിൽ ധ്യാനിച്ചു.

17 ഉച്ചകഴിഞ്ഞ്: ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ നഴ്സസ് വാരാഘോഷത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു; ചികിത്സയിലായിരുന്ന ബഹു. വൈദികരെയും സമർപ്പിതരെയും സന്ദർശിച്ചു. സി. നിർമലത എസ്.ഡി.യുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

18 കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ പള്ളിയിൽ എയ്ഞ്ചൽസ് മീറ്റിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

19 ഉച്ചകഴിഞ്ഞ്: കൂത്രപ്പള്ളി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ സി. ഗ്രെയ്സ് ചെമ്പിലകം എസ്.എ.ബി.എസ്.ന്റെ മൃതസംസ്കാരത്തിന്റെ സമാപനശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

20 തന്റെ മെത്രാഭിഷേകദിനത്തിൽ ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ 139-മത് അതിരൂപതാദിനാചരണസമ്മേളനത്തിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്: ഭരണങ്ങാനം എം.എസ്.റ്റി. ജനറലേറ്റിൽ വൈദികാർഥികൾക്കു ചെറുപട്ടങ്ങളും മ്ശംശാനൂസാ പട്ടവും നൽകി. നിരണം മാർ തോമാ ശ്ലീഹാ സെമിനരിയിൽ വൈദികാർഥികളെ സന്ദർശിച്ചു.

21 കുന്നന്താനം ദൈവപരിപാലനാഭവനിൽ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിനു കാർമികത്വംവഹിച്ചു.

22 പുറക്കാട് മാർ സ്ലീവാ പള്ളിയിൽ മണച്ചിറ തോമസ്-റ്റിൻസി ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനു പ്രവേശകകൂദാശകൾ നൽകി.



# ENGAGEMENTS

## JUNE 2025

**Mar Thomas Tharayil**
Archbishop of Changanacherry

| | | |
|---|---|---|
| 01 | 09:00 am | Holy *Qurbana* & Parish Day @ St. John the Baptist Forane Church, Nedumkunnam |
| | 02:30 pm | Merit Award: AKCC @ Archbishop Kavukatt Hall, St. Berchmans College, Changanacherry |
| | 05:30 pm | Message: *Mathru-Pithruvedi Sangamam* @ St. Thomas Church, Vadavathoor |
| 02 | 06:00 am | Holy *Qurbana*: Death Centenary - Mar Thomas Kurialacherry @ St. Mary's Metropolitan Church, Changanacherry |
| | 04:00 pm | Blessing & Inauguration of *Madre Dositea* Memorial Building @ Mary Mount Public School, Kattachira |
| | 06:30 pm | Academic Year Inauguration @ MOC, Manganam |
| 03 | 09:00 am | Retreat Message: Jacobite Syrian Church Synod @ Patriarchal Centre, Puthenkurish |
| 03-05 | | KCBC @ POC, Palarivattom |
| 05-14 | | Rome |
| 16 -18 | | CBCI Environment Committee Meeting @ Shillong |
| 19 | 10:30 am | Perpetual Profession @ LSDP Generalate, Kunnamthanam |
| 20 | 11:30 am | Holy *Qurbana*: Priests' Retreat Batch I @ Zion Retreat Centre, Kunnamthanam |
| 21 | 06:15 am | Sacraments of Initiation @ Mar Gregorios Church, Punnapra |
| | 10:30 am | Requiem Mass @ Holy Family Church, Podippara |
| | 02:30 pm-04:30 pm | Visitors |
| 22 | 06:40 am | Holy *Qurbana* @ St. Xavier's Church, Kattachira |
| | 04:00 pm | Marriage @ Little Flower Church, Kaduvakulam |
| 23 | 06:30 am | Holy *Qurbana* @ Mar Thoma Sleeha Seminary, Niranam |

| | | |
|---|---|---|
| 24 | 06:20 am | Holy *Qurbana* @ St. Joseph's Priests' Home, Ithithanam |
| | 09:30 am-12:30 pm | Gathering - Priests' 2020-2021 @ Archbishop House |
| | 02:30 pm | Class @ St. Thomas Minor Seminary, Kurichy |
| 25 | 08:30 am | *Curia* |
| | 11:30 am | Message: Regents' Monthly Recollection @ Archbishop House |
| | 02:30 pm-04:30 pm | Visitors |
| 26 | 07:00 am | Holy *Qurbana* @ SH Charity Home, Parel |
| | 07:00 pm | Sacerdotal Anniversary: Mar George Kocherry @ Archbishop House |
| 27 | 11:30 am | Holy *Qurbana*: Priests' Retreat Batch II @ Zion Retreat Centre, Kunnamthanam |
| | 05:00 pm | Consultors' Body @ Archbishop House |
| 28 | 06:30 am | Sacraments of Initiation @ St. George Church, Cheeranchira |
| | 10:00 am-01:00 pm | Pastoral Council General Body @ St. Berchmans College, Changanacherry |
| | 02:30 pm | Meeting - CBSE Principals & Managers @ Archbishop House |
| | 04:00 pm-05:00 pm | Visitors |
| | 06:30 pm | Doctors' Day @ SH Medical Centre, Kottayam |
| 29 | 07.00 am | Holy *Qurbana* @ St. Mary's, Punnamada |
| | 03:00 pm | Champakara St. Joseph's Sunday School Camp @ Zion Retreat Centre, Kunnamthanam |
| 30 | 06:15 am | Holy *Qurbana* @ St. Thomas Minor Seminary, Kurichy |

**FR. SECRETARY- 8078088468**



# ENGAGEMENTS

## JUNE 2025

**Mar Joseph Perumthottam**
Archbishop Emeritus of Changanacherry

| | | |
|---|---|---|
| 01 | 08:45 am | Holy *Qurbana* & Parish Day Celebrations @ St. Sebastian's Church, Ayarkunnam |
| 02 | 07:30 am | Holy *Qurbana:* Death Centenary - Mar Thomas Kurialacherry @ St. Mary's Metropolitan Church, Changanacherry |
| 06 | 10:00 am | Convocation @ Amala Theological College, Parel |
| 08 | 09:30 am | Holy *Qurbana* & Archeparchial Catechetical Year Inauguration @ Lourdes Matha Church, Mampuzhakary |
| 09 | 06:30 am | Holy *Qurbana* @ Bet-Toma Dayara, Palamattom |
| 13 | 10:00 am | KCSL Archeparchial Year Inauguration @ St. Berchmans HSS, Changanacherry |
| | 02:00 pm | Mar Thoma Sleeha Dayara, Nallathanni |
| 14 | 06:00 am | Holy *Qurbana* @ Mar Thoma Sleeha Dayara, Nallathanni |
| | 10: 00 am | CML Archeparchial Year Inauguration @ Archbishop Kavukatt Hall, St. Berchmans College, Changanacherry |
| | 11:00 am | Marriage @ St. Xavier's Church, Veliyanadu South |
| 15 | 11:00 am | Sacraments of Initiation @ Lourdes Matha Church, Pacha- Chekkidikad |
| 16 | 06:30 am | Holy *Qurbana* @ Bet-Toma Dayara, Palamattom |
| 21 | 10.00 am | Holy *Qurbana* & Angels Meet @ Mar Sleeva Forane Pilgrim Church, Pazhavangadi |
| 23 | 06:30 am | Holy *Qurbana* @ Bet-Toma Dayara, Palamattom |
| 28 | 11:00 am | Jubilee Celebration: Fr. Mathew Valarkottu CMI @ Little Flower Church, Chemplavu |
| 30 | 6:30 am | Holy *Qurbana* @ Bet-Toma Dayara, Palamattom |

**FR. SECRETARY- 9447507393**

❍

ജൂൺ 26നു
പൗരോഹിത്യസ്വീകരണദിനം
ആഘോഷിക്കുന്ന
**അഭി. മാർ ജോർജ് കോച്ചേരിപ്പിതാവിന്**
അതിരൂപതാകുടുംബത്തിന്റെ
പ്രാർഥനാശംസകൾ





ജൂൺ 13നു നാമഹേതുകതിരുനാളാഘോഷിക്കുന്ന
അതിരൂപതാ പ്രോട്ടോസിഞ്ചെള്ളൂസ്
**വെരി റവ. ഫാ. ആന്റണി എത്തക്കാടിന്**
അതിരൂപതാകുടുംബത്തിന്റെ പ്രാർഥനാശംസകൾ

**VEDAPRACHARA MADHYASTAN VOL.97 No.12 2025 June**
Date of Publication: 31-05-2025
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment
Rs 25/-
Posted at Changanacherry sorting on the last day of every month

# പന്തക്കുസ്താ തിരുനാളാശംസകൾ




Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org